മാർച്ച് 2018

Price ₹ 25

# ജീവനും വെളിച്ചവും




മുറിയപ്പെടാനും... മുറിവുണക്കുവാനും...


ഫാത്തിമ മാതാ ഇടവക
കഴക്കൂട്ടം
വിശുദ്ധ
ഔസേപ്പിതാവിന്റെ
തിരുന്നാൾ
മഹോത്സവം
2018 മാർച്ച് 14 മുതൽ 19 വരെ
19.3.2018 തിങ്കൾ
രാവിലെ 9.45ന്
തിരുന്നാൾ
പൊന്തിഫിക്കൽ
ദിവ്യബലി
(അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ്)
തുടർന്ന്
സ്നേഹവിരുന്ന്
ഏവർക്കും സ്വാഗതം

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2018 മാർച്ച്
പുസ്തകം - 42 ലക്കം - 3
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യൂ വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ



# യുവതയുടെ രീതിശാസ്ത്രം സഭയുടെയും

'യുവജനം, വിശ്വാസം, വിളിസംബന്ധമായ വിവേചിച്ചറിയൽ' എന്ന വിഷയത്തിലധിഷ്ഠതമായി 2018 ഒക്ടോബറിൽ നടക്കുന്ന സിനഡിനൊരുക്കമായ പ്രാരംഭരേഖ ഫ്രാൻസീസ് പാപ്പ 13.01.2017 ൽ പ്രസിദ്ധീകരിച്ചു. "നിന്റെ ദേശത്തെയും, ബന്ധുക്കളെയും, പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്ക് പോകുക" (ഉല്പ. 12/1) എന്ന് ദൈവം പൂർവ്വപിതാവായ അബ്രഹാത്തിന് നൽകുന്ന സന്ദേശത്തോടെ ആരംഭിക്കുന്ന രേഖ യുവജനങ്ങൾക്ക് ഒരു പുതിയ പുറപ്പാടിനുള്ള ആഹ്വാനമാണ്. നീതിയിലും സാഹോദര്യത്തിലുമധിഷ്ഠിതമായ ഒരു നവലോകം പടുത്തുയർത്തുവാനുള്ള ക്ഷണം.

വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ലോകം സൃഷ്ടിക്കുന്ന സങ്കീർണ്ണതക്കും, അസ്ഥിരതയ്ക്കും, അനിശ്ചിതത്വത്തിനും, ചൂഷണത്തിനും കുടിയേറ്റത്തിനും വിധേയരാകുന്ന യുവതയുടെ സ്ഥിതിയാണ് 1-ാം അധ്യായത്തിൽ വിവരിക്കുന്നത്. കൂടാതെ ശാസ്ത്ര സാങ്കേതികവിദ്യകളുടെ അനന്ത സാധ്യതകളാൽ മുദ്രിതമായ ആധുനിക യുവതയുടെ ദുഃഖവും, ഏകാന്തതയും രേഖ വിശദീകരിക്കുന്നു.

ജീവന്റെയും സ്നേഹത്തിന്റെയും പൂർണതയിലേക്കുള്ള വിളി തിരിച്ചറിയാനും, സ്വീകരിക്കാനും യുവജനത്തെ പ്രാപ്തരാക്കുക; അത് പ്രഘോഷിക്കാനുള്ള മാർഗങ്ങൾ കണ്ടെത്തുക എന്നതാണ് സിനഡ് ലക്ഷ്യം വയ്ക്കുന്നത്. യുവതയുടെ നൂതനമായ ഇടപെടലുകളുടെ രീതിശാസ്ത്രം സഭയ്ക്കുതന്നെ മുതൽക്കൂട്ടാകണം. "യുവജനങ്ങളെ ശ്രവിക്കുന്നതിലൂടെ, ഇന്നത്തെ ലോകത്തോട് സംസാരിക്കുന്ന ദൈവത്തെ കേൾക്കാനാകും" എന്ന പരാമർശത്തിലൂടെ ഇത് പാപ്പാ വ്യക്തമാക്കുന്നു.

ആഗോളസഭയും, കേരളസഭയും 2018 യുവജനവർഷമായി ആചരിക്കുന്ന സന്ദർഭത്തിൽ തിരുവനന്തപുരം അതിരൂപതയുടെ യാഥാർത്ഥ്യങ്ങൾ നമ്മുടെ യുവതയുടെ വിചിന്തനത്തിന് വിധേയമാകണം. ഓഖി ചുഴലിക്കാറ്റ് വിതച്ച ആഘാതങ്ങളും ഇവയോട് സാമൂഹ്യരാഷ്ട്രീയ സംവിധാനങ്ങൾ സ്വീകരിച്ച സമീപനങ്ങളും, ഇടപെടലുകളും വിശകലന വിധേയമാകണം. വസ്തുതകൾ ഈ ജനത നേരിടുന്ന സാമൂഹ്യപരിതാവസ്ഥകളിലേക്ക് വിരൽ ചൂണ്ടുന്നു. ഈ ജനതയുടെ കൂടി ഉയിർത്തെഴുന്നേൽപ്പ് എന്ന ചിന്തകളാകണം നമ്മുടെ തപസ്സുകാല ചിന്തകളിലും ധ്യാനത്തിലും ഉയർന്നു നിൽക്കേണ്ടത്. കൂടാതെ സംസ്ഥാനതലത്തിൽ നടന്ന മിഷൻ കോൺഗ്രസിനോടനുബന്ധിച്ച് ആരംഭിക്കുന്ന 'പ്രേഷിത കുരിശ് യാത്ര' ഇനിയും രൂപപ്പെടേണ്ട തീരജനതയുടെ ആത്മീയതയിലേക്ക് വെളിച്ചം വീശട്ടെ !

- പത്രാധിപർ

# പ്രതികരണങ്ങൾ




## അഭിനന്ദനങ്ങൾ

ദിവ്യബലി ആഘോഷത്തിലെ നിശബ്ദതയെക്കുറിച്ച് ഫാ. ലോറൻസ് കുലാസ് എഴുതിയ ലേഖനം നന്നായിരുന്നു. ഉത്സവപറമ്പിലെ ഗാനലഹള പോലെയാണ് പല ദേവാലയങ്ങളിലും ദേവാലയ സംഗീതം. നിശബ്ദതയുടെ പ്രശാന്തതയിൽ ദൈവാത്മാവിൽ ലയിച്ചുചേരാൻ ഉതകുന്നതാകട്ടെ ദേവാലയ സംഗീതം. ഫാ. ലോറൻസ് കുലാസിന് അഭിനന്ദനങ്ങൾ.

- വിയാന്നാ, മംഗലാപുരം.

## കുർബാനയും തിരുശേഷിപ്പും

അടുത്തകാലത്ത് ഫാത്തിമ മാതാവിന്റെ സ്വരൂപവും, വിശുദ്ധ അന്തോനീസിന്റെ തിരുശേഷിപ്പും വണങ്ങി പ്രാർത്ഥിക്കാൻ പള്ളികളിൽ കൊണ്ടുവന്നിരുന്നു. മുഴുവൻ സമയവും പരിശുദ്ധ കുർബാന വച്ചിരിക്കുന്ന സക്രാരിക്ക് മുൻപിലാണ് മേൽ പറഞ്ഞ രണ്ടു വണക്കവും നടന്നത്. അത് ശരിയാണോ. പരമപിതാവിനെ വണങ്ങിയശേഷം തിരുസ്വരൂപവും തിരുശേഷിപ്പും വണങ്ങത്തക്കവിധമായിരുന്നില്ലേ ക്രമീകരിക്കേണ്ടിയിരുന്നത്. കുർബാനയ്ക്ക് കൊടുക്കേണ്ട പ്രാധാന്യവും മഹത്വവും കൊടുക്കണം.

- ഒരുവിശ്വാസി

### ലത്തീൻ കത്തോലിക്കർ കോൺഗ്രസുകാരല്ല

## സഭ വളരാൻ വിശ്വാസവും വിദ്യാഭ്യാസവും വേണം

ഫെബ്രുവരി ലക്കത്തിൽ ഫാ. ജെയിംസ് കുലാസ് എഴുതിയ നീണ്ട ലേഖനം വായിച്ചു. 4370 തസ്തികകൾ ലത്തീൻ സമുദായത്തിന് നഷ്ടപ്പെട്ടെങ്കിലും അതിൽ ഇതുവരെ ക്രിയാത്മകമായി പ്രതികരിക്കാൻ ലത്തീൻ സഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്നത് വേറെ കാര്യം. ജാതിയും ഉപജാതിയും അതിനുള്ളിലെ ജാതിയും തിരിവും വളവും ചേരി തിരിവും ചേരാത്ത തിരിവും ലോകം അവസാനിച്ചാലും തീരാത്ത ഭിന്നതയും ഇന്നും സഭയുടെ ദൗർബല്യമാണ്. എന്തുപറഞ്ഞാലും ഐക്യമെന്നതു എന്നും സ്വപ്നത്തിൽ മാത്രം.

മതം മനുഷ്യനെ മയക്കുന്ന കറുപ്പെന്നും ഈശ്വരനില്ലെന്നും മാർക്സിസ്റ്റുകൾ പറയുകയും വിമോചന സമരത്തിൽ അതിന് ഉപോദ്ബലകമായ വസ്തുതകൾ ആ പാർട്ടിയിൽ നിന്നും പുറത്തുവരുകയും ചെയ്തപ്പോൾ ക്രൈസ്തവർ പൊതുവേ സമാധാനപ്രിയരായ കോൺഗ്രസിനോട് ആഭിമുഖ്യം പുലർത്തി. റഷ്യൻ ചാരസംഘടന (കെജിബി) മാർപാപ്പയെ വധിക്കാൻ വരെ പദ്ധതിയിട്ടതും കത്തോലിക്കരെ ആശങ്കപ്പെടുത്തി. മൂർഖനോടൊത്തുകിടക്കുന്നതുപോലെയാണ് മാർക്സിസ്റ്റുകളോടുള്ള സഹവാസമെന്ന ചിന്തയും ക്രൈസ്തവരിൽ പ്രകടമായിരുന്നു.

എന്നാൽ ഇന്ന് അതിന് മാറ്റംവന്നിരിക്കുന്നു. തീരദേശങ്ങളിൽ അത്യന്തികമായി വിശ്വാസം കടലിൽ മുങ്ങിക്കൊണ്ടിരിക്കുകയാണ് എന്ന് മറക്കരുത്.

ആരേയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ലത്തീൻ രൂപതകളുടെയും ഫെറോനകളുടെയും ഇടവകകളുടെയും രൂപീകരണത്തിൽ പോലും ജാതീയമായ ഉച്ചനീചത്വങ്ങൾക്ക് മുൻഗണന ലഭിക്കുന്നുവെന്നത് പരസ്യമായ രഹസ്യമല്ലേ? ലത്തീൻ സഭയുടെ പിന്നോക്കാവസ്ഥയ്ക്ക് ആരേയും പ്രതികൂട്ടിലാക്കിയിട്ട് കാര്യമില്ല. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിലൂടെയും വിശ്വാസത്തിലൂടെയും ഇതര മതങ്ങളും സഹോദര സഭകളും വളർന്നത് നമുക്കും പാഠമാകണം.

- തോന്നയ്ക്കൽ ജെറാൾഡ് ബി.മിരാൻഡ

## പരീക്ഷയെ നേരിടാൻ

പരീക്ഷയ്ക്ക് ഉന്നതവിജയം ഉറപ്പാക്കാം. ജോണച്ചൻ എഴുതിയ ലേഖനം ഇഷ്ടപ്പെട്ടു. പരീക്ഷ അടുക്കുമ്പോൾ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന ഉറക്കം, അലസത, ഏകാഗ്രത ഇല്ലായ്മ, മടി, മറവി എന്നിവയ്ക്ക് ദൈവാത്മാവിന്റെ ദിവ്യ ഔഷധം തന്നെയായിരുന്നു പ്രസ്തുത ലേഖനം. പ്രത്യാശയോടും വിശ്വാസത്തോടും അതിലേറെ ആത്മവിശ്വാസത്തിന്റെ ചൈതന്യത്തോടും പരീക്ഷയെ നേരിടാൻ പ്രാപ്തമാക്കുന്ന ലേഖനം ഒരു കൗൺസിലിംഗിന്റെ ഫലം ചെയ്യുമെന്നതിൽ സംശയമില്ല. പരീക്ഷ എന്ന പരീക്ഷണത്തെ സധൈര്യം നേരിടാനും ഉന്നത വിജയത്തിലേക്ക് ഉറച്ച കാൽവയ്പോടെ മുന്നോട്ടുപോകാനും പ്രചോദനം നൽകിയ ലേഖന കർത്താവിനും ജീവനും വെളിച്ചവും മാസികയ്ക്കും അഭിനന്ദനങ്ങൾ.

- ലെവിൻ ലൂഷ്യസ്

# താളുകളിൽ

## ലേഖനം

6 ഗുഡ് ഫ്രൈഡേ
ഡാനി കപ്പൂച്ചിൻ

9 യുവജനങ്ങൾ ശ്രദ്ധിക്കപ്പെടുന്നു
റവ. ലെനിൻ ഫെർണാണ്ടസ്

12 സ്ത്രീകളും മനുഷ്യരാണ്
കെ.എ.ബീന

16 പള്ളിക്കൂടം വിട്ടുകഴിഞ്ഞാൽ
തോമസ് ജെ.സ്റ്റീഫൻ

20 വിദ്യാഭ്യാസ സഹായങ്ങൾ
ഡോ. മൊയ്തീൻകുട്ടി എ.ബി.

24 ഓഖി ദുരന്തവും അരുംകൊലകളും
അഗസ്റ്റിൻ കണിപ്പിള്ളി

## സ്ഥിരം പംക്തികൾ

15 കവിത

22 ഫാമിലി കോർണർ

23 കാനോൻ നിയമത്തിൽ

26 വാർത്തകൾ

32 അല്മായ വേദി

33 അജപാലനം

36 നീർച്ചാലുകൾ

41 അടിസ്ഥാന ക്രൈസ്തവ സമൂഹം

42 വചനജ്വാല

44 ഇളംതൂവൽ

46 നേർക്കാഴ്ച
ജെ.സി.

ലേഖനം

ഡാനി കപ്പൂച്ചിൻ

# ഗുഡ് ഫ്രൈഡേ

നല്ല വിചാരംകൊണ്ടും ഭക്തിവികാരം കൊണ്ടും ധന്യമാണീ ദിവസങ്ങൾ. ക്രിസ്തു അനുഭവിച്ച പീഢാനുഭവങ്ങളാണ് നമ്മുടെ മിഴിനനയ്ക്കുന്നത്. പാഷൻ ഓഫ് ദി ക്രൈസ്റ്റ് എന്ന ചിത്രം ക്രിസ്തുവിന്റെ പീഢകളെ ദൃശ്യവൽക്കരിച്ചപ്പോൾ നമ്മുടെ ഹൃദയം തുളുമ്പി, അവനോടുള്ള സ്നേഹത്താൽ. ശരീരമൊന്നാകെ നൊന്തുനീറിയതാണോ ക്രിസ്തുവിനെക്കുറിച്ച് എടുത്തുപറയേണ്ട ഏറ്റവും പ്രസക്തമായ കാര്യം? ദേഹ പീഢകളാണ് പ്രധാനമെങ്കിൽ പിന്നെ എന്തുകൊണ്ട് ക്രിസ്തുവിനോടുകൂടെ കുരിശിൽ തറയ്ക്കപ്പെട്ട കള്ളന്മാരെ നമ്മൾ വാഴ്ത്തുന്നില്ല. ഒരാൾ കുരിശിൽ മരിച്ചതുകൊണ്ട് ആർക്കും ഗുണമുണ്ടാവില്ല. ആ മരണം അയാൾക്കുപോലും തികയില്ല. ദേഹപീഡയും കുരിശുമരണവുമല്ല കാര്യം. കുരിശുമരണത്തിന്റെ വേദനകൊണ്ടാണ് ക്രിസ്തുവിനെ അളക്കുന്നതെങ്കിൽ ആ രണ്ടു കള്ളന്മാരെയും ക്രിസ്തുവിനൊപ്പം വണങ്ങേണ്ടിവരും. അവന്റെ സിംഹാസനത്തിന്റെ ഇടതും വലതുമിരിക്കാൻ അനുഗ്രഹം ലഭിച്ചവരാണെന്ന് പറയേണ്ടിവരും.

ക്രിസ്തു കുരിശിൽ മരിച്ചു എന്നതല്ല കാര്യം; മരിക്കാൻ ഒരു ജീവിതം കരുതിവച്ചു എന്നതാണ്. മരണം ജീവിതത്തിന്റെ പൂർത്തീകരണമാണ്. കെട്ടുപോയ ജീവന്റെ പ്രഖ്യാപനമല്ല. പന്ത്രണ്ടാം വയസ്സിൽ തുടങ്ങിവച്ച ഒരു അവബോധമാണത്. ഞാനെന്റെ പിതാവിന്റെ കാര്യങ്ങളിൽ വ്യാപൃതനാകേണ്ടവനല്ലേ? പിന്നെ മറ്റൊരു ജീവിതം അവനുണ്ടായിരുന്നില്ല. അവൻ വലത്തേക്ക് തിരിഞ്ഞുനോക്കി, അവനെ സഹായിക്കാനാരുമില്ല അവൻ ഇടത്തേക്കു തിരിഞ്ഞുനോക്കി, അവനെ അറിയുന്നവരാരുമില്ല എന്നതെത്രേ സത്യം. അവൻ ഇടത്തേക്കോ വലത്തേയ്ക്കോ നോക്കിയില്ല പിതാവിന്റെ മനസ്സിലേക്ക് മാത്രം നോക്കി നടന്നു. ആ ജീവിതം സുഭാഷിതങ്ങൾ ഓർമ്മിപ്പിക്കുന്നു. നിന്റെ ദൃഷ്ടി അവക്രമായിരിക്കട്ടെ; നിന്റെ ഓട്ടം മുൻപോട്ടുമാത്രമായിരിക്കട്ടെ. നീ നടക്കുന്ന വഴികൾ ഉത്തമമാണെന്ന് ഉറപ്പിക്കുക. അപ്പോൾ അവ സുരക്ഷിതമായിരിക്കും. വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്; തിന്മയിൽ കാലൂന്നുകയും അരുത്. (സുഭാ. 4: 25-27). ഇങ്ങനെയൊരു ജീവിതം അവൻ കരുതിവച്ചു. പിതാവിൽ നിന്ന് കേട്ടതല്ലാതെ മറ്റൊന്നും പറയാനില്ലാത്ത, ഒരു ജീവിതം ആ ജീവിതത്തെ മരണം വല്ലാതെ പ്രലോഭിപ്പിച്ചു. അവനെ മാത്രമല്ല, പന്ത്രണ്ടുപേരെയും. അവരെല്ലാം ഓടിരക്ഷപെട്ടു. അവൻ മാത്രം ആത്മാവ് മരണത്തോളം ദുഖിതമായിട്ടും അവിടെ നിന്നു ആരോടും പരിഭവമില്ലാതെ

**പെസഹായുടെ അത്താഴ വിരുന്നിലിരുന്ന് അവൻ പറഞ്ഞു, ഇതെന്റെ ശരീരമാണ്. മുഴുവൻ ജീവിതത്തെയും കുറിച്ചുപറയാൻ ശരീരം എന്ന ഒരു വാക്ക് ധാരാളം മതിയായിരുന്നു അവന്. ആ ജീവിതം മുഴുവൻ ആ ഉടലിലുണ്ട്. ഉള്ളിൽ വസിക്കുന്ന ആത്മാവിനെക്കുറിച്ച് അവൻ പറഞ്ഞില്ല. കാരണം അത് ഉടലിൽ തെളിയുന്നുണ്ടായിരുന്നു**



രക്തം വിയർത്തുനിന്നു. പിതാവേ നിന്റെ ഇഷ്ടം നിറവേറട്ടെയെന്നുമാത്രം പറഞ്ഞുനിന്നു. അവർ കൊല്ലാൻ കൊണ്ടുപോയത് ഒരു ജീവിതത്തെയാണ്. അവർ കൽത്തൂണിൽ കെട്ടി നിർത്തി പ്രഹരിച്ചത് ഒരു ശരീരത്തെയല്ല; അവർക്കുവേണ്ടി മാറ്റിവച്ച ജീവിതത്തെ. അവർ കുരിശിൽ തറച്ചത് വെറുമൊരു ശരീരമല്ല; എല്ലാവർക്കും വേണ്ടി സജ്ജമാക്കി നിർത്തിയ ഒരു ഉടൽ. ആ ശരീരത്തെ കുരിശിൽ തറച്ചുവെന്നതിലല്ല; ആ ശരീരത്തിൽ ഒരു ജീവിതം ഉണ്ടായിരുന്നു എന്നതിലാണ് രക്ഷ. ഇടതും വലതുമുണ്ടായിരുന്നല്ലോ ജീവിതം ചോർന്നുപോയ രണ്ട് ശരീരങ്ങൾ. ജീവിതം സകലർക്കും വേണ്ടി അർപ്പിക്കണം. അല്ലെങ്കിൽ നിങ്ങളുടേത് കുരിശിന്റെ വഴിയല്ല, വഴിയിലെ കുരിശുകളാണ്. നിങ്ങളുടെ ജീവിതത്തിലേക്ക് മാത്രമുള്ള വഴിയിലെ ചില കുരിശുകൾ.

പെസഹായുടെ അത്താഴ വിരുന്നിലിരുന്ന് അവൻ പറഞ്ഞു, ഇതെന്റെ ശരീരമാണ്. മുഴുവൻ ജീവിതത്തെയും കുറിച്ചുപറയാൻ ശരീരം എന്ന ഒരു വാക്ക് ധാരാളം മതിയായിരുന്നു അവന്. ആ ജീവിതം മുഴുവൻ ആ ഉടലിലുണ്ട്. ഉള്ളിൽ വസിക്കുന്ന ആത്മാവിനെക്കുറിച്ച് അവൻ പറഞ്ഞില്ല. കാരണം അത് ഉടലിൽ തെളിയുന്നുണ്ടായിരുന്നു. ഉള്ളിലെ ആത്മാവിനെ ചാമ്പലാക്കിമാറ്റിയതാണവന്റെ പുണ്യം. കുരിശിൽ തറയ്ക്കാൻ ആത്മാവ് തെളിയുന്ന ശരീരം അവൻ കരുതിവച്ചു. ആ വസ്ത്ര വിളുമ്പിലൊന്ന് തൊട്ടാൽ മതിയായിരുന്നു സൗഖ്യത്തിന്. അന്നുച്ചനേരത്ത്, ആ കിണറ്റിൻ തൊടിയിൽവച്ച് അവന്റെ ശരീരത്തോട് ചേർന്ന് നിന്നപ്പോൾ അവളുടെ ഉടലിലെ പാപത്തിന്റെ രുചി മാഞ്ഞുപോയി. അവന്റേത് സ്വർഗ്ഗം രൂപാന്തരപ്പെടുത്തിയ ശരീരമാണ്. ഭൂമിയിലെ ഒരു അലക്കുകാരനും വെളിപ്പിക്കാനാവാത്തവിധം അവന്റെ വസ്ത്രങ്ങൾ ഉടലിൽ തിളങ്ങി. കാൽവരിയിലേക്കുള്ള വഴിയിൽ അവനിനി നഗ്നമാകാം. സൂര്യനെ ഉടയാടയാക്കിയ സ്ത്രീയെപ്പോലെ പ്രകാശം അവൻ വസ്ത്രമായി അണിഞ്ഞിരിക്കുന്നു. ജീവിതത്തിന്റെ സകല നഗ്നതയും മറയ്ക്കുന്ന ആത്മാവ് അവന്റെ ശരീരത്തെ മൂടിനിന്നു. ആത്മാവ് കടലായി നിന്നു. കുരിശിൽ മരിക്കാൻ ഒരു ശരീരം അവൻ അങ്ങനെ കരുതിവച്ചു. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എന്റെ ശരീരമാണ്. (യോഹ. 6:51). അവനറിയാമായിരുന്നു കുരിശിൽ മരിക്കാൻ പൊന്നഴകുള്ള ഒരു മേനിവേണമെന്ന്. അതിപ്രഭാതത്തിലുണർന്ന് മലകൾ താണ്ടി നടന്നുപോയ ഒരു ഉടൽ. 40 ദിനരാത്രങ്ങൾ വിശന്നുകഴിഞ്ഞിട്ടും കല്ല് അപ്പമാക്കാതെ തപിച്ചുനിന്ന ഉടൽ.എല്ലാവരും ഉറങ്ങുന്ന, തങ്ങുന്ന രാത്രിയിൽ ഉണർന്ന് രക്തം വിയർത്ത ഉടൽ. നമ്മൾ രക്ഷപ്രാപിച്ചത് കുരിശുമരണത്തിന്റെ പീഡകഥകൾ കൊണ്ടല്ല. അങ്ങനൊരു ശരീരം കുരിശിലെ വേദനയിൽ നിന്നും കുതറി മാറാത്തതുകൊണ്ടാണ്.

കുരിശുമരണം ചോദിക്കുന്നത് നിങ്ങളുടെ സങ്കടങ്ങളെകുറിച്ചല്ല, നിങ്ങളുടെ സഹനങ്ങളെക്കുറിച്ചല്ല, നിങ്ങളുടെ അദ്ധ്വാനങ്ങളെക്കുറിച്ചല്ല. നിങ്ങളുടെ കുരിശുകൾക്ക് പിന്നിൽ കരുതിവച്ച ജീവിതത്തെ കുറിച്ചാണ്. 132-ാം സങ്കീർത്തനം മൂന്ന് മുതലുള്ള വാക്യങ്ങൾ: ' കർത്താവിന് ഒരു സ്ഥലം, യാക്കോബിന്റെ ശക്തനായവന് ഒരു വാ



**നീ നടക്കുന്ന വഴികൾ ഉത്തമമാണെന്ന് ഉറപ്പിക്കുക. അപ്പോൾ അവ സുരക്ഷിതമായിരിക്കും. വലത്തോട്ടോ ഇടത്തോട്ടോ വ്യതിചലിക്കരുത്; തിന്മയിൽ കാലൂന്നുകയും അരുത്. (സുഭാ. 4: 25 – 27). ഇങ്ങനെയൊരു ജീവിതം അവൻ കരുതിവച്ചു. പിതാവിൽ നിന്ന് കേട്ടതല്ലാതെ മറ്റൊന്നും പറയാനില്ലാത്ത, ഒരു ജീവിതം ആ ജീവിതത്തെ മരണം വല്ലാതെ പ്രലോഭിപ്പിച്ചു.**

സസ്ഥലം കണ്ടെത്തുന്നതുവരെ ഞാൻ വീട്ടിൽ പ്രവേശിക്കുകയോ കിടക്കയിൽ ശയിക്കുകയോ ഇല്ല, ഞാൻ കണ്ണുകൾക്ക് ഉറക്കമോ കൺപോളകൾക്ക് മയക്കമോ കൊടുക്കുകയില്ല.' ഇത് ദാവീദിന്റെ ശപഥമാണ്. ആദ്യത്തെ ദേവാലയം പണിയാനുള്ള അയാളുടെ നിശ്ചയദാർഢ്യം. ഇതുപോലെ തീവ്രമായ ശപഥം സോളമനും ചെയ്തിരുന്നു. ദാവീദ് ദേവാലയം പണിയാനുള്ള സ്ഥലം കണ്ടെത്തുകയും അവശ്യ സാധനങ്ങൾ ശേഖരിക്കുകയും ചെയ്തു. സോളമൻ ദേവാലയം പൂർത്തീകരിച്ചു. പക്ഷേ, ഇവർക്ക് അവരുടെ ശരീരമാകുന്ന ആലയത്തെ സംരക്ഷിക്കാൻ കഴിഞ്ഞില്ല. ദാവീദിന്റെ ദേവാലയം കൊട്ടാരത്തിന്റെ മട്ടുപാവിൽ നിന്ന് ഒരു കുളക്കടവിലേക്ക് ഇടിഞ്ഞുവീണു. സോളന്റെ ദേവാലയം വിഗ്രഹങ്ങളിൽ തട്ടി ഉടഞ്ഞുവീണു. അവരുടെ പ്രാർത്ഥന നമ്മുടെ ശരീരമാകുന്ന ദേവാലയത്തെ കുറിച്ചുകൂടെ ബാധകമായിരുന്നു. അതായിരുന്നു ആദ്യം പണിയേണ്ട ദേവാലയം. കാലങ്ങൾക്ക് ശേഷം ജെറുസലേം ദേവാലയം വിശുദ്ധീകരിക്കുന്ന ക്രിസ്തുവിനോട് അവന്റെ അധികാരമെന്തെന്ന് ചോദിച്ചവരോട് അവൻ പറഞ്ഞു: നിങ്ങളീ ദേവാലയം നശിപ്പിക്കുക; മൂന്നുദിവസം കൊണ്ട് ഞാനിത് പുനരുദ്ധരിക്കാം: സുവിശേഷമെഴുതുന്നു സ്വന്തം ശരീരത്തെ കുറിച്ചാണ് അവൻ പറഞ്ഞതെന്ന്. സ്വന്തം ശരീരത്തിന്റെ അധികാരത്തിലാണ് അവൻ ജീവിച്ചത്. ആ ശരീരമാണ് അവൻ കുരിശിൽ അർപ്പിക്കാൻ കൊണ്ടുപോയത്. ആ കുരിശിലേക്ക് നോക്കുന്നവർക്ക് എങ്ങനെ പ്രകാശിതരാകാതിരിക്കാൻ കഴിയും? ഇങ്ങനൊരു ശരീരം കുരിശിൽ തറയ്ക്കപ്പെട്ടാൽ അതിന് ഉയിർക്കാനേ കഴിയൂ... മരിക്കാനാവില്ല.

ഓരോ ദുഃഖവെള്ളിയാഴ്ചയ്ക്കുശേഷവും ഒരു ഉയിർപ്പ് ഞായറുണ്ടെന്ന് കേട്ടിട്ടില്ലേ? തെറ്റാണ്. ദുഃഖവെള്ളിയിൽ തന്നെയുണ്ട് ഉയിർപ്പ് ഞായർ. ചില കാര്യങ്ങളുണ്ട്. അവനെ കുരിശിൽ തറച്ചതിന് പിന്നിൽ അവൻ മെല്ലെ മെല്ലെ യഹൂദരുടെ രാജാവായി മാറുന്നുവോ? പാടില്ല. രാജ്യദ്രോഹിയെപ്പോലെ കുരിശിൽ തറയ്ക്കണം. ഇതാ, അവൻ കുരിശിൽ ഇരുന്നു. അധരമടച്ച്, മിഴിപൂട്ടി കുരിശിൽ. ഇനി ആരും പറയില്ല ഇവൻ രാജാവാണെന്ന്. പെട്ടെന്നൊരു പടയാളി കുരിശിൽ ചാരിവച്ച ഏണിയുടെ മുകളിലേക്ക് കയറി, ക്രിസ്തുവിന്റെ ശിരസ്സിന് മുകളിൽ കുരിശു സ്ഥാപിച്ചു. നസറായനായ യേശു യഹൂദരുടെ രാജാവ് ഒരു ദൈവനിയോഗം കണക്കെ പിലാത്തോസിന്റെ ഹൃദയം കഠിനമായി 'ഞാനെഴുതിയത് എഴുതിയത് തന്നെ. അവൻ രാജാവാണെന്ന് ആരും പറയാതിരിക്കാനാണ് അവനെ കുരിശിൽ തറച്ചതെങ്കിൽ അവന്റെ മുഖത്തേക്ക് നോക്കുക, അവനിനി ഒന്നും പറയില്ല. എന്നാൽ അവന്റെ ശിരസിന് മീതേ നോക്കുക. ചരിത്രമുള്ളിടത്തോളം കാലം സകല കുരിശുകളും സമീപിച്ചു പറയും, ഞാൻ തന്നെ രാജാവ്. ആ കുരിശിൽ അവൻ മരിക്കുകയാണോ അതോ ഉയിർത്തുകയാണോ? ഇനി ആരും അവനെ ദൈവപുത്രനെന്ന് വിളിക്കാൻ പാടില്ല. ആരും പറയില്ലിനി. അവനെ അവർ കുരിശിൽ തറച്ചുകഴിഞ്ഞു. പക്ഷേ, എല്ലാം കഴിഞ്ഞപ്പോൾ അവരിലൊരാൾ വിളിച്ചുപറഞ്ഞു, 'സത്യമായും ഇവൻ ദൈവപുത്രനാണ്.' കുരിശിൽ ഒന്നും അവസാനിപ്പിക്കാൻ കഴിയില്ല. മരിക്കാൻ കഴിയാത്ത ഒരു ജീവിതം ആ കുരിശിൽ കിടന്നു. അവന്റെ കൂടെ ഉണ്ടായിരുന്ന രണ്ടുപേരുടെയും കണങ്കാലുകൾ അവർ തകർത്തു. ക്രിസ്തു പണ്ടേ മരിച്ചു കഴിഞ്ഞിരുന്നതിനാൽ അവന്റെ കണങ്കാലുകൾ അവർ തകർത്തില്ല. എങ്കിലും ഒരാൾ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്ത് കുത്തി. പണ്ടേ മരിച്ചവന്റെ ശരീരത്തിൽ പണ്ടേ തന്നെ രക്തം നിലച്ചിട്ടുണ്ടാവണം. പക്ഷേ, അവന്റെ നെഞ്ചിൽ നിന്നും രക്തവും വെള്ളവുമൊഴുകി. അവന്റെ മുഖത്തേക്ക് നോക്കുക അവൻ മരിച്ചു. എങ്കിലുമവന്റെ നെഞ്ചിലേക്ക് നോക്കുക. അവൻ മരിച്ചിട്ടില്ല. ഈ കുരിശിന്റെ ജീവനും പുനഃരുത്ഥാനവുമാണ്.

മരിക്കാൻ കഴിയാത്ത ഒരു ശരീരം കുരിശിൽ തറയ്ക്കപ്പെട്ടു. ഇനി ചില ചോദ്യങ്ങൾ ബാക്കിയാവുന്നു. നീ പറഞ്ഞ വാക്കുകൾക്ക് പിന്നിൽ, ചെയ്ത കാര്യങ്ങൾക്ക് പിന്നിൽ, ചുമക്കുന്ന കുരിശിന് പിന്നിൽ ഒരു ജീവിതമുണ്ടോ? എല്ലാ മരണങ്ങളും ജീവിതത്തെക്കുറിച്ചാണ് പറയുന്നത്. ഒടുവിൽ മരിച്ച് അന്ത്യവിധിയ്ക്കെത്തുന്നവരോട് ക്രിസ്തു പറഞ്ഞത് ജീവിതത്തെക്കുറിച്ചാണ്. ഞാൻ രോഗിയായിരുന്നു. നിങ്ങളെന്നെ സന്ദർശിച്ചു. ഞാൻ കാരാഗ്രഹത്തിലായിരുന്നു. നിങ്ങളെന്നെ വന്നുകണ്ടു എന്നൊക്കെ. ഒരാൾ മരിക്കുമ്പോൾ എല്ലാവരും ചോദിക്കും അയാൾ എങ്ങനെ മരിച്ചുവെന്ന്. ക്രിസ്തുമാത്രം ചോദിക്കും അയാൾ എങ്ങനെ ജീവിച്ചുവെന്ന്. മരിച്ചത് ജീവിതമാണെങ്കിൽ അതിന്റെ പേര് പുനഃരുത്ഥാനമെന്നാണ്. ഒരു ചോദ്യം കൂടെ ബാക്കിയാവുന്നു. ഉള്ളിൽ ആത്മാവുണ്ടോയെന്നല്ല, സകലർക്കും വേണ്ടി കുരിശിൽ മരിക്കാൻ ഉള്ളിലെ ആത്മാവ് ഉടലായി മാറിയിട്ടുണ്ടോ എന്നുമാത്രം. ഇനി ഏറെ ദൂരമുണ്ട്, ഈ കുരുശിന്റെ വഴികൾക്ക്...



ഫാ. ലെനിൻ ഫെർണാണ്ടസ്

# യുവജനങ്ങൾ ശ്രദ്ധിക്കപ്പെടുന്നു



വക്കുപൊട്ടിയതും ഓട്ടവീണതുമായ കുടങ്ങളാണ് നമ്മുടെ യുവജനങ്ങൾ, മുത്തുക്കുടങ്ങളോ പൂർണ്ണകുംഭങ്ങളോ തീരെയില്ല. ഒഴുക്കിനെതിരെ നീന്തി അലസതയുടെ ആന്ദോളനത്തിൽ മുങ്ങിപ്പൊങ്ങി ബഹുഭൂരിപക്ഷവും, ഒഴുക്കിനെതിരെ മൽപ്പിടിത്തം നടത്തി ഒരു ന്യൂനപക്ഷവുമായി. നമ്മുടെ അതിരൂപത യുവജന വർഷം ആചരിക്കാൻ ഒരുങ്ങിക്കഴിഞ്ഞു. ഈ അവസരത്തിൽ ഒരു കഥയുടെ മറുപുറങ്ങൾ ധ്യാനിച്ചു തുടങ്ങാം. ഒരു കർഷകൻ കമ്പിന്റെ ഇരുവശങ്ങളിലും രണ്ടു കുടങ്ങൾ കെട്ടി പുഴയിൽ നിന്നു വെള്ളം കോരി പാടത്തെത്തുമായിരുന്നു. രണ്ട് കുടങ്ങളിലൊന്ന് ഓട്ടവീണതും മറ്റേത് നല്ലതും. പാടമെത്തുമ്പോൾ തന്നെ പൊട്ടിയതിൽ നിന്നു പാതിയും ഒലിച്ചുപോയിരുന്നു. ഒരു ദിവസം കടുത്ത മനോവിഷമത്തോടെ അവൻ പറഞ്ഞു: "എന്നെ കളഞ്ഞേക്കു, എനിക്ക് എന്നോടു തന്നെ വെറുപ്പുതോന്നുന്നു". ജ്ഞാനിയായ കർഷകൻ പറഞ്ഞു: "നീ ഒന്നു തിരിഞ്ഞു നോക്കു, നിന്റെ വഴികളിലെ വസന്തോത്സവത്തെ നീ കണ്ടില്ലേ?". നമ്മളൊക്കെ ഇതുപോലെ ജ്ഞാനിയാകണം എന്ന പ്രാർത്ഥനയോടെയാണ് ഫ്രാൻസിസ് പാപ്പ 2018, ഒക്ടോബർ മാസത്തിൽ യുവജനങ്ങളെ കുറിച്ച് ചിന്തിക്കാൻ മാത്രം വത്തിക്കാനിൽ മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചു ചേർക്കുന്നത്. അതിനു വേണ്ടിയുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി ഒരു ഒരുക്കരേഖ, "യുവജനം: വിശ്വാസം വിളി സംബന്ധമായ വിവേചിച്ചറിയൽ" എന്ന പേരിൽ നമുക്ക് ലഭ്യമാക്കി. അതിന്റെ ചുവടുപിടിച്ച് കേരള മെത്രാൻ സമിതി 2018, ജനുവരി 6 മുതൽ 2019 ജനുവരി 6 വരെയുള്ള സമയം യുവജന വർഷമായി പ്രഖ്യാപിച്ചത് പതിവിനു വിപരീതമായി. കനിവ് കാട്ടാതെപോയ ഓഖിയുടെ ദുരന്തത്തീരത്തിരുന്ന് വെല്ലുവിളികളോടെ യുവജന വർഷത്തെ നാം സ്വാഗതം ചെയ്യുകയാണ്. ഓട്ടവീണതും വക്കുപൊട്ടിയതുമായ നമ്മുടെ പ്രിയമക്കളുടെ ഹൃദയമുറിവുകളിൽ പുണ്യതീർത്ഥമാകാനും നമ്മുടെ ഉള്ളിന്റെയുള്ളിലെ ജ്ഞാനത്തിന്റെ ദിവ്യപീഠം തുറന്ന് അവരുടെ കുറവുകളെ നിറവുകളാക്കാനുള്ള ഒരു സുന്ദരവർഷമായിരിക്കണം ഇത്.

ലോകം അസ്സമാധാനത്തിന്റെ കേളീരംഗമായി മാറിക്കൊണ്ടിരിക്കുന്നു. അക്രമവും അനീതിയും സ്വജനപക്ഷപാതവും സമൂഹത്തെ അടക്കി വാഴുന്നു. സ്ത്രീപീഡനങ്ങളും ബാലപീഡനങ്ങളും ലോകത്തിന്റെ മുഖം വികൃതമാക്കുന്നു. കുടിയേറ്റക്കാരും പ്രവാസികളും അനിയന്ത്രിതമായി വർദ്ധിക്കുന്നു. പല രാജ്യങ്ങളിലും അഭ്യന്തര കലാപങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. മതതീവ്രവാദങ്ങളും മതവിരുദ്ധതയും നമ്മിൽ ഉൾഭയം ഉളവാക്കുന്നു. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ അനന്തസാധ്യതകളാൽ മുദ്രിതമായ യുവതയുടെ മനോമണ്ഡലങ്ങളിൽ ഏകാന്തതയുടെയും വിഷാദരോഗത്തിന്റെയും അണുബാധ മൂർച്ഛിച്ചിട്ടും നാമെന്തേ ഒന്നും അറി



**"സഭയോടൊത്ത് സമസ്ത മേഖലയിലേക്കും" എന്ന ദർശനത്തിലൂന്നിയാണ് നാം യുവജന വർഷത്തിന് ആരംഭം കുറിച്ചിരിക്കുന്നത്. നമ്മുടെ യുവജനങ്ങളെ സമൂഹത്തിന്റെ സമസ്തമേഖലയിലേക്കും കൈപിടിച്ചു കയറ്റാനുള്ള കർമ്മപരിപാടികളാണ് നാം ഇക്കൊല്ലം വിഭാവനം ചെയ്തിരിക്കുന്നത്.**

യുന്നില്ല? ഇവിടെ വച്ചെങ്കിലും തെറ്റിനെ തെറ്റെന്നു പറഞ്ഞ് തിരുത്തിക്കൊടുക്കാനും അനുധാവനം ചെയ്ത് സഭയോട് അവരെ ചേർത്തു നിർത്താനും കഴിഞ്ഞില്ലായെങ്കിൽ നാളെയുടെ നാളുകൾ ഒരുപക്ഷെ സോദോംഗമോറയ്ക്ക് തുല്യമായിരിക്കും. "നിങ്ങൾ എന്റെ ഹൃദയത്തിലുള്ളതിനാലാണ് നിങ്ങൾ ശ്രദ്ധാകേന്ദ്രമായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നത്" എന്ന വാക്യത്തോടെയാണ് പാപ്പ ഒരുക്കരേഖ നമുക്ക് സമർപ്പിച്ചത്. വിശ്വാസത്തിന്റെ വിത്തുകൾ ജ്ഞാനസ്നാനത്തിലൂടെ മുളപൊട്ടിയ നാൾ തുടങ്ങി നാം ദൈവത്തിന്റെയും ഹൃദയത്തിലാണ് വസിക്കുന്നത്. നീ പരിശുദ്ധാത്മാവിന്റെ ആലയമാണെന്ന ബോധ്യമാണ് വീഴ്ചകളിൽ തുടരാതെ അനുതപിച്ച് മുന്നേറാൻ നമ്മെ പ്രാപ്തരാക്കുന്നത്. പ്രിയ യുവജനങ്ങളെ, നിങ്ങളുടെ ശബ്ദവും, ചിന്തകളും, സംശയങ്ങളും വിമർശനങ്ങൾ പോലും ശ്രദ്ധിക്കാൻ സഭ ആഗ്രഹിക്കുന്നു. നിങ്ങളുടെ പരിശ്രമങ്ങളുടെയും ഐക്യത്തോടുയുമുള്ള ഒത്തുചേരലിന്റെയും പരിണിത ഫലമായിരിക്കും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകം. ആയതിനാൽ സഭയോടൊത്തു വളരാം-സമഭാവനയിൽ ലോകത്തെ നമുക്കു വീക്ഷിക്കാം.

തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ പശ്ചാത്തലം. നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഒരു വ്യക്തിസഭയുടെ പിൻതലമുറക്കാരാണ് നാം. വിശ്വാസത്തിന്റെ അടിവേരുകൾ ആത്മാർത്ഥതയോടെ അന്വേഷിച്ച നാം ഇന്ന് എത്തി നിൽക്കുന്നത് വിശ്വാസജീവിതത്തിന്റെ ഉപരിപ്ലവതയിലാണ്. അനുദിനം കടൽ നിർലോഭം നൽകിയ സമ്പാദ്യത്തിന്റെ തുടർച്ചയിൽ വിശ്വസിച്ച നാം സ്വരുകൂട്ടാനും സംരംഭകരാകാനും മറന്നു. പള്ളിയോടൊത്ത് പള്ളിക്കൂടങ്ങൾ വന്നുവെങ്കിലും കടലിന്റെ ധാരാളിത്തത്തിൽ വിദ്യാബോധം നാം മറന്നു. ശക്തി ദുർഗ്ഗങ്ങൾ ക്ഷയിച്ചതു നാമറിഞ്ഞില്ല. ചുറ്റുമുള്ളവർ വളർന്നു കയറിയതും നാം അറിഞ്ഞില്ല. എന്നാലും ഭയമരുത് ക്രിസ്തു നമ്മോടൊപ്പം ഉണ്ട്; അവന്റെ കൈയ്യിൽ നിന്നും നാം പിടിവിട്ടിട്ടില്ല. കാഴ്ചയുടെ വസന്തങ്ങൾ ഇവിടെ നിറയുമെന്നും സമൃദ്ധിയുടെ സുന്ദരലോകം ഇവിടെ ഇതൾ വിരിയുമെന്നും യേശുവിന്റെ ചാരെ നിന്നും പറഞ്ഞാൽ അത് സംഭവിക്കാതിരിക്കുമോ?

"സഭയോടൊത്ത് സമസ്ത മേഖലയിലേക്കും" എന്ന ദർശനത്തിലൂന്നിയാണ് നാം യുവജന വർഷത്തിന് ആരംഭം കുറിച്ചിരിക്കുന്നത്. നമ്മുടെ യുവജനങ്ങളെ സമൂഹത്തിന്റെ സമസ്തമേഖലയിലേക്കും കൈപിടിച്ചു കയറ്റാനുള്ള കർമ്മപരിപാടികളാണ് നാം ഇക്കൊല്ലം വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനം "യുവജന സർവ്വെ" യാണ്. ഇതിലൂടെ നമ്മുടെ യുവജനങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക അവസ്ഥ നമുക്ക് മനസ്സിലാകും. അതോടൊപ്പം ഒരു "തൊഴിൽ-വിദ്യാഭ്യാസ ഇൻഫർമേഷൻ ബ്യൂറോ" യും നാം അതിരൂപത കേന്ദ്രീകരിച്ച് സ്ഥാപിക്കും. വിവിധ മേഖലകളിൽ യോഗ്യത നേടിയിട്ടുള്ളവരെ ആ മേഖലകളിലേക്ക് വഴിതിരിച്ചു വിടാനും കഴിവുള്ളവരെ കണ്ടെത്തി വിവിധ വിദ്യാഭ്യാസ മേഖലകളിലേക്കു നയിക്കാനും ഈ പദ്ധതികളിലൂടെ നമുക്കു സാധിക്കും. യുവജനവർഷാചരണത്തിന്റെ അവസാനം അതിരൂപതയിൽ നാം ഒരു "യുവജന സംഗമം" നടത്തി അടുത്ത 10 വർഷത്തേക്കുള്ള ദീർഘകാല പദ്ധതി ആവിഷ്ക്കരിക്കും. ഈ മൂന്ന് കർമ്മപരിപാടികളും ആത്മാർത്ഥമായി ചെയ്താൽ സമീപഭാവിയിൽ ആരെയും പഴിചാരാതെ ആത്മാഭിമാനത്തോടെ തല ഉയർത്തി നിൽക്കാൻ നമുക്ക് സാധിക്കും.

ആത്മവിശ്വാസത്തിന്റെ ഈ പുസ്തക കുറിപ്പുകളും ജീവിതത്തിന്റെ ചില നേരറിവുകളും കേട്ട് യുവജനങ്ങളും യുവജനങ്ങളെ നയിക്കുന്നവരും ഒന്ന് ഉണർന്നെഴുന്നേൽക്കണമായിരുന്നു. ലോക ജനസംഖ്യയുടെ പകുതിയോളം പേർ 25 വയസ്സിനു താഴെ ഉള്ളവരാണ്. അപ്പോഴും

ഒരോ 5 മിനിട്ടിലും 5 യുവാക്കൾ എയിഡ്സിന് അടിമകളാകുന്നു. നൈമിഷിക സുഖങ്ങൾക്കും ക്ഷണികനേട്ടങ്ങൾക്കുമായി ധാർമ്മിക മൂല്യങ്ങൾ അടിയറവു വയ്ക്കുന്ന യുവജനങ്ങൾക്ക് നേരായ മാർഗ്ഗനിർദ്ദേശങ്ങളും ആത്മവിശ്വാസവും നൽകേണ്ടതാണ്. മഹാന്മാരൊക്കെ വീണ്ടും ജനിച്ചത് ബോധ്യങ്ങളുടെ ചില താവളങ്ങളിലാണ്. ഗാന്ധി ജനിച്ചത് പോർബന്തറിലെങ്കിൽ മഹാത്മഗാന്ധി ജനിച്ചത് ദക്ഷിണാഫ്രിക്കയിലെ മാരിറ്റസ് റെയിൽവേ പ്ലാറ്റ്ഫോമിലാണ്. ആൻജെൻസ് ഗോൻഷേ ജനിച്ചത് മാസിഡോണിയായിലെ സ്കോപ്പ്ച്ചേയിലായിരുന്നു എങ്കിലും മദർ തെരേസ ജനിച്ചത് കൽക്കട്ടയിൽ നിന്നും ഡാർജിലിംഗിലേക്കുള്ള ഒരു ട്രെയിൻ യാത്രയിലായിരുന്നു. ബോധ്യങ്ങളിലേക്കാണ് ഒരുവൻ വീണ്ടും ജനിക്കുന്നത്. യേശു ജനിച്ചത് ബത്‌ലഹേമിലെങ്കിൽ ക്രിസ്തു ജനിച്ചത് ജോർദാനിലായിരുന്നു. ഇന്ന് യുവജനങ്ങളും അവരെ നയിക്കുന്നവരും യേശു പറഞ്ഞതു പോലെ, വീണ്ടും ജനിക്കേണ്ടിയിരിക്കുന്നു. വീണ്ടും ഉണരുവാനും താത്ത്വികമായി പറഞ്ഞാൽ വീണ്ടും ജനിക്കാനുമുള്ള സുവർണ്ണാവസരമാണ് യുവജനവർഷാചരണം.


നമ്മുടെ ചിന്തകളോടും പ്രവൃത്തനങ്ങളോടും മനുഷ്യർക്ക് രണ്ടുപക്ഷമുണ്ടാകും. എന്നിരുന്നാലും നമുക്ക് ഒരേ ഒരു ലക്ഷ്യം മാത്രമുണ്ടെങ്കിൽ ആ ലക്ഷ്യം യുവജനതയുടെ സമസ്തമേഖലയിലേക്കുമുള്ള വളർച്ചയാണെങ്കിൽ അതിനുവേണ്ടി കഠിനമായി പ്രയത്നിക്കാനുള്ള ജീവാംശം ദൈവം നമുക്ക് നൽകിക്കൊണ്ടേയിരിക്കും. ഗാന്ധിജിയെ 'ചതിയ'നെന്ന് വൈസ്രോയി വേവലും 'ഫക്കീറായി നടക്കുന്നവൻ' എന്ന് ചർച്ചിലും, 'വെറും ഹിന്ദുനേതാവെ'ന്ന് ജിന്നയും 'ചെറിയ മനസ്സിന്റെ ഉടമ'യെന്ന് അംബേദ്കറും 'അപരിഷ്കൃതനും യുക്തിരഹിതനും' എന്ന് നീരദ് ചൗദരിയും ആക്ഷേപിച്ചപ്പോൾ 'യേശു ക്രിസ്തുവിന് തുല്യൻ' എന്ന് ജെ.ജെ.ഹോംസും 'നന്മയുടെ നിറകുടം' എന്ന് ബെർണാഡ് ഷായും 'വരും തലമുറയ്ക്ക് വിശ്വസിക്കാനാകാത്തവിധം മഹാനായ മനുഷ്യ'നെന്ന് ഐൻസ്റ്റീനും 'ആർക്കും അവഗണിക്കാനാകാത്ത വ്യക്തി'യെന്ന് മാർട്ടിൻ ലൂഥർ കിംങും വിശേഷിപ്പിച്ചല്ലോ. ഇതാണ് ലോകം, മഹാന്മാരുടെ ജീവിതത്തോടുപോലും അസൂയാവഹമായ രണ്ടുപക്ഷം. ഇവിടെ നമ്മൾ ഒന്നുമാത്രമേ ചിന്തിക്കേണ്ടതുള്ളൂ. അസാധാരണമായ ശക്തിപ്രാഭവത്തിന്റെ പ്രഭവകേന്ദ്രങ്ങളായ നമ്മുടെ യുവജനങ്ങൾ വെറുംവാക്കുകളാലും കുറ്റപ്പെടുത്തലുകളാലും ശക്തി ക്ഷയിച്ച് നിർജ്ജീവരാകണമോ അതോ ഒടുങ്ങാത്ത ചാലക ശക്തിയുടെ മാസ്മരികതയുംപേറി അവർ ചക്രവാളങ്ങൾ കീഴടക്കണമോ?

അടിസ്ഥാനപരമായി നമുക്ക് യുവജനങ്ങളോടുണ്ടായിരിക്കേണ്ട മനോഭാവം ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നുണ്ട്. നാം അവരെക്കുറിച്ച് മുൻകൂട്ടി ധരിച്ചുവച്ചിട്ടുള്ള ചട്ടക്കൂടുകൾക്കപ്പുറം പോകണം. അവരെ അനുധാവനം ചെയ്ത് അവരെവിടെയാണോ അവിടെ നാം അവരെ കണ്ടെത്തണം. നിങ്ങളിൽ പാപമില്ലാത്തവർ ഇവളെ ആദ്യം കല്ലെറിയട്ടെ എന്നുപറഞ്ഞുകൊണ്ട് വ്യഭിചാരിണിയോടു പൊറുത്ത യേശുവിന്റെ ശൈലി നാം പഠനവിഷയമാക്കണം. അവരോടൊപ്പം സമയം ചെലവഴിച്ചുകൊണ്ട് അവരുടെ ജീവിതകഥകേൾക്കാനും അവരുടെ സന്തോഷങ്ങളും പ്രത്യാശകളും ദുഃഖങ്ങളും ആകുലതകളും ശ്രദ്ധിക്കാനും നമുക്ക് മനസ്സുണ്ടാകണം. അവരുടെ അതുല്യസംഭാവനകൾ നാം സ്വാഗതം ചെയ്യുന്നുവെന്ന് കാണുമ്പോൾ യുവജനങ്ങൾ സഭയോട് കൂടുതൽ അടുക്കും. അവരെ നാം 'വിളിക്കണം'. വിളി, എന്നാൽ അവരുടെ ആഗ്രഹത്തെ തട്ടിയുണർത്തൽ എന്നർത്ഥം. അവരെ മന്ദീഭവിപ്പിക്കുന്ന ആത്മസംതൃപ്തിയിൽ നിന്ന് അവരെ തട്ടിയുണർത്തി തയ്യാറാക്കിവച്ചിരിക്കുന്ന ഉത്തരങ്ങൾ പറഞ്ഞ് അവരെ ബോറടിപ്പിക്കാതെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്ന ചോദ്യങ്ങൾ ചോദിച്ച് അവരെ ആകർഷിക്കണം. നല്ലവണ്ണം പരിശീലിപ്പിക്കപ്പെട്ട യുവജന ആനിമേറ്റർമാർക്കുമാത്രമേ ഇപ്രകാരം അവരെ സ്വാധീനിക്കാൻ സാധിക്കൂ. നമ്മുടെ ഇടവകകളിൽ കാണുന്ന ദയനീയമായ കാഴ്ച ഇതാണ്.

*വികാരി അച്ചൻ ക്രിസ്തുമസ് സമയമാകുമ്പോൾ വിളിക്കും, "ടാ... മക്കളേ എല്ലാവരും വരൂ നമുക്ക് പുൽക്കൂട് കെട്ടണം." യുവജനങ്ങൾ ഒരുമിച്ചുകൂടുന്നു ഒരാഴ്ച രാവും പകലും പള്ളിയിൽ ഊണും ഉറക്കവും. അപ്പനും അമ്മയും ഹാപ്പിയാണ് കാരണം മോൻ വികാരിയച്ചന്റെ മേടയിലാണല്ലോ. പിന്നീട് വികാരി അച്ചൻ വിളിക്കുന്നത് പെസഹാവ്യാഴത്തിന്റെ ആരാധനാപീഠമൊരുക്കാനാണ്, അപ്പോഴും ഇതുതന്നെ പണി. അതിനുശേഷം അവർ ഒരുമിച്ചുകൂടുന്നത് വർഷാവസാനത്തെ പിക്നിക്കിനുവേണ്ടിയായിരിക്കും.*

യുവജനങ്ങൾ പുൽക്കൂട് കെട്ടാനോ ഫ്ളെക്സ് കെട്ടാനോ നോട്ടീസ് ഒട്ടിക്കാനോ മാത്രമുള്ളവരല്ല. ശിഷ്യന്മാരുടെ ഹൃദയങ്ങൾ ജ്വലിപ്പിക്കപ്പെട്ടതുപോലെ അവരുടെ ഹൃദയങ്ങൾ ജ്വലിപ്പിക്കപ്പെടണം. ശിഷ്യന്മാർ യേശുവിന്റെ പിന്നാലെ പോയതുപോലെ, "നീ എവിടെ വസിക്കുന്നു?" എന്നുചോദിച്ച് അവർ തമ്പുരാന്റെ പിന്നാലെ പോകണം. വക്കുപൊട്ടിയതും ഓട്ടവീണതുമായ ഈ ചെറുകുടങ്ങളിൽ ശേഷിക്കുന്നതെല്ലാം നന്മയുടെ ചെറുകണങ്ങളാണെന്നും അവയുടെ നീരൊഴുക്കിന് സമാധാനത്തിന്റെ മായിക പ്രപഞ്ചം സൃഷ്ടിക്കാൻ കഴിയുമെന്നും തീർത്തുവിശ്വസിച്ചുകൊണ്ട് ഈ യുവജന വർഷത്തിന് സർവ മംഗളങ്ങളും നേരാം. ■

**അടിസ്ഥാനപരമായി നമുക്ക് യുവജനങ്ങളോടുണ്ടായിരിക്കേണ്ട മനോഭാവം ഫ്രാൻസിസ് പാപ്പ വ്യക്തമാക്കുന്നുണ്ട്. നാം അവരെക്കുറിച്ച് മുൻകൂട്ടി ധരിച്ചുവച്ചിട്ടുള്ള ചട്ടക്കൂടുകൾക്കപ്പുറം പോകണം. അവരെ അനുധാവനം ചെയ്ത് അവരെവിടെയാണോ അവിടെ നാം അവരെ കണ്ടെത്തണം.**



# സ്ത്രീകളും മനുഷ്യരാണ്

കെ. എ. ബീന

**1857 മാർച്ച് 8 ന് ന്യൂയോർക്കിൽ തയ്യൽ തൊഴിലാളികളായ സ്ത്രീകൾ നടത്തിയ പ്രതിഷേധസമരത്തെ ഓർത്താണ് മാർച്ച് 8 ന് വനിതാദിനം ആഘോഷിച്ചതെന്ന് ഒരു ഭാഷ്യം ഉണ്ട്. എന്നാൽ ഡെന്മാർക്കിൽ 1920 ആഗസ്റ്റിൽ നടന്ന അന്താരാഷ്ട്ര വിമൻസ് കോൺഫറൻസിന്റെ മുന്നോടിയായിട്ടാണ് ആദ്യത്തെ വനിതാദിനം കൊണ്ടാടിയതെന്നും പറയപ്പെടുന്നു**

അവളവളെക്കുറിച്ച് ചിന്തിക്കാൻ സ്ത്രീകൾ മറന്നുപോയാൽ ചരിത്രം അവളെയും മറന്നുപോകും എന്ന് ഒരു വനിതാദിന സന്ദേശം വായിച്ചിട്ടുണ്ട്. ശരവേഗത്തിൽ ലോകം പുരോഗതിയിലേക്ക് പായുകയാണ്, സാങ്കേതികയുടെ മുന്നേറ്റത്തിനൊപ്പം ഈ മാറ്റത്തിനൊപ്പം മനുഷ്യരാശിയും ഓടിക്കൊണ്ടിരിക്കുകയാണ്, ആണും പെണ്ണും.

ലോകമെങ്ങുമുള്ള രാജ്യങ്ങളിൽ സ്ത്രീയും പുരുഷനും തുല്യരാണെന്നും സ്ത്രീകൾക്കും അഭിമാനത്തോടെ ജീവിക്കാൻ അവകാശമുണ്ടെന്ന് ഉറപ്പുനൽകുന്ന ഭരണഘടനകളും ഉണ്ട്. പക്ഷെ എവിടെയാണ് സ്ത്രീകൾ ജീവിതങ്ങൾ സാർത്ഥകമാവുന്നതെന്നത് തിരഞ്ഞ് കണ്ടെത്തേണ്ടിയിരിക്കുന്നു. മുമ്പത്തേക്കാളും സ്ത്രീകൾ അവരുടെ അവകാശങ്ങളെക്കുറിച്ചും അവർ അനുഭവിക്കുന്ന അനീതികളെക്കുറിച്ചും ബോധവതികളാവുകയും അക്കാര്യങ്ങൾ പറയാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു. Me too, I will go out തുടങ്ങിയ ക്യാമ്പയിനുകൾ ഇത് ഓർമ്മിപ്പിക്കുന്നു.

ഇതിന്റെയൊക്കെ തുടക്കവും ഒരുക്കവും അന്താരാഷ്ട്ര വനിതാദിനങ്ങൾക്ക് കൂടി അവകാശപ്പെടാവുന്നതാണ്.

ലോകത്ത് ആദ്യമായി വനിതാദിനം ആഘോഷിച്ചത് അമേരിക്കയിലാണെന്ന് പറയുന്നു. 1909 ഫെബ്രുവരി 28 ന് തെരേസ മാൽക്കീലിന്റെ നിർദ്ദേശമനുസരിച്ച് സോഷ്യലിസ്റ്റ് പാർട്ടി ഓഫ് അമേരിക്കയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

1857 മാർച്ച് 8 ന് ന്യൂയോർക്കിൽ തയ്യൽ തൊഴിലാളികളായ സ്ത്രീകൾ നടത്തിയ പ്രതിഷേധസമരത്തെ ഓർത്താണ് മാർച്ച് 8 ന് വനിതാദിനം ആഘോഷിച്ചതെന്ന് ഒരു ഭാഷ്യം ഉണ്ട്. എന്നാൽ ഡെന്മാർക്കിൽ 1920 ആഗസ്റ്റിൽ നടന്ന അന്താരാഷ്ട്ര വിമൻസ് കോൺഫറൻസിന്റെ മുന്നോടിയായിട്ടാണ് ആദ്യത്തെ വനിതാദിനം കൊണ്ടാടിയതെന്നും പറയപ്പെടുന്നു. തുടർന്നുള്ള വർഷങ്ങളിൽ വനിതാദിനം ആഘോഷിക്കണമെന്ന് ആ സമ്മേളനം തീരുമാനമെടുത്തിരുന്നു.

അമേരിക്കയിലും വിയന്നയിലും ജർമ്മനിയിലുമൊക്കെ തുടർന്നുള്ള വർഷങ്ങളിൽ വനിതാദിനാചരണം നടന്നു. 1913 ലാണ് റഷ്യൻ വനിതകൾ വനിതാദിനമാചരിച്ചത്. ഫെബ്രുവരിയിലെ അവസാന ശനിയാഴ്ചയാണ് അവർ അതിനുവേണ്ടി തിരഞ്ഞെടുത്തത്.

1914 മുതൽ ലോകമൊട്ടുക്കും മാർച്ച് 8 ആയി വനിതാദിനം. ജർമ്മനിയിലെ സ്ത്രീകൾ വോട്ടവകാശത്തിനായി പ്രക്ഷോഭം തുടങ്ങിയതും അന്നാണ്. ഫലപ്രാപ്തിക്ക് 1918 വരെ അവർക്ക് കാത്തിരിക്കേണ്ടിവന്നു. പല രാജ്യങ്ങളിലും സ്ത്രീ വോട്ടവകാശവും സ്ത്രീകളുടെ അവകാശങ്ങളും ഉയർത്തിപ്പിടിച്ച് സമരങ്ങൾ ഉണ്ടാകാൻ വനിതാദിനാചരണങ്ങൾ കാരണമായി.

1975 മുതൽ ഐക്യരാഷ്ട്രസഭയും വനിതാദിനം ആഘോഷിക്കാൻ തുടങ്ങി. അംഗരാജ്യങ്ങളോട് മാർച്ച് 8 സ്

ത്രീകളുടെ അവകാശങ്ങൾക്കും ലോകസമാധാനത്തിനുമുള്ള ദിവസവമായി ആഘോഷിക്കാൻ 1977 ൽ ഐക്യരാഷ്ട്രസഭ ആഹ്വാനം നൽകി. അന്നുമുതലിന്നോളം സ്ത്രീസംബന്ധമായ പല വിഷയങ്ങളും ലോകശ്രദ്ധയിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഐക്യരാഷ്ട്രസഭ നടത്തുന്നു. ഓരോ വർഷവും ഓരോ വിഷയമെടുത്ത് വനിതാ ദിനം ആചരിക്കുക എന്നത് അതിൽപ്പെടുന്നു. സ്ത്രീകളും സമാധാനവും സ്ത്രീകളും മനുഷ്യാവകാശങ്ങളും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ, ലൈംഗിക സമത്വം, തുല്യാവകാശം, തുല്യനീതി തുടങ്ങിയ നിരവധി വിഷയങ്ങളിൽ ഇതിനോടകം ദിനാചരണം നടന്നുകഴിഞ്ഞു. ഇക്കൊല്ലത്തെ വനിതാദിനവിഷയം "ഇതാണ് സമയം, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും ആക്ടിവിസ്റ്റുകൾ സ്ത്രീ ജീവിതങ്ങൾ മാറ്റിമറിക്കാനായി പൊരുതുക, ലിംഗനീതിക്കായി സമ്മർദ്ദംചെലുത്തുക" എന്നിവയാണ്. 2011 ൽ വനിതാദിനത്തിന്റെ നൂറാം വാർഷികം ലോകമെങ്ങും ആഘോഷിക്കപ്പെട്ടു. ലോകത്ത് പല രാജ്യങ്ങളിലും മാർച്ച് 8 അവധി ദിനമാണ്. സ്ത്രീകൾക്ക് പൂക്കളും സമ്മാനങ്ങളും നൽകി ആദരിക്കുന്ന ചടങ്ങുകൾ പല രാജ്യങ്ങളിലും നടക്കാറുണ്ട്. ചിലയിടങ്ങളിൽ അമ്മ എന്ന രീതിയിലുള്ള സ്ത്രീയുടെ സാന്നിധ്യത്തെ മഹത്വവൽക്കരിക്കാനാണ് ഈ ദിവസം ഉപയോഗിക്കുന്നത്. എന്തായാലും സ്ത്രീകളെ ഇനിയും പൊതുധാരയിൽ നിന്ന് മാറ്റി നിർത്താനാവില്ലെന്നും അവരും മനുഷ്യകുലത്തിൽപ്പെട്ടവരാണെന്നുമുള്ള ചിന്തകൾ ഉണർത്താൻ വനിതാ ദിനം പര്യാപ്തമായിട്ടുണ്ടെന്ന് പറയേണ്ടിയിരിക്കുന്നു. ഒഴിവാക്കി നിർത്തി, തങ്ങളുടെ സുഖസൗകര്യങ്ങൾ നിവർത്തിച്ച് മുന്നോട്ടുപോകാൻ ഇനിയും കഴിയില്ലെന്ന ബോധ്യമുണർത്തുക എന്നതുതന്നെ പാറപോലെ ഉറച്ച പുരുഷാധിപത്യക്രമത്തിൽ ശ്രമകരമാണ്. അതുകൊണ്ട് തന്നെ വരും കാലങ്ങളിലും വനിതാദിനത്തിന്റെ പ്രസക്തി കുറയുവാൻ പോകുന്നില്ല. ലോകമെങ്ങും ഇന്നും നിലനിൽക്കുന്ന ലിംഗ അസമത്വം സ്ത്രീകൾക്ക് പ്രത്യേകിച്ചുള്ള പരിപാടികളുടെ പ്രസക്തി വർധിപ്പിക്കുന്നു. പല രാജ്യങ്ങളിലും ഇന്നും തുല്യവേതനം പോലും സ്ത്രീക്ക് സ്വപ്നം കാണാൻ കഴിയുന്നില്ല എന്നോർക്കുമ്പോഴാണ് ലിംഗാസമത്വത്തിന്റെ ക്രൂരമായ യാഥാർത്ഥ്യം തിരിച്ചറിയുന്നത്. വിടുകളിലും തൊഴിലിടങ്ങളിലും പൊതു സ്ഥലങ്ങളിലും നിലനിൽക്കുന്ന പുരുഷാധിപത്യത്തിന്റെ സാന്നിധ്യത്തെ മറികടക്കാനുള്ള ശ്രമങ്ങൾ എത്രമാത്രം ശ്രമകരമാണെന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഓരോ സ്ത്രീക്കും അറിയാം. രാഷ്ട്രീയമായാലും മതമായാലും സ്ത്രീകളെ മനുഷ്യകുലത്തിൽ കൂട്ടാൻ പാകത്തിൽ ഇനിയും വളർച്ച പ്രാപിച്ചിട്ടില്ല. എവിടെയും ചില ഔദാര്യങ്ങൾ അതിനപ്പുറമുള്ള വിശാലത എങ്ങുമില്ല. സ്ത്രീക്ക് ഓരോ ദിവസവും ജീവിതം വെല്ലുവിളിയായി മാറുന്നത് പ്രകൃതിയുടെ താളക്രമണങ്ങൾ തെറ്റുന്നതുകൊണ്ടുമാത്രമല്ല, അവൾ ജീവിക്കുന്ന ലോകം അവൾക്കുകൂടി ഉള്ളതാണെന്ന കരുതൽ ഇല്ലാത്തതിനാലാണ്. ലിംഗനീതി എന്നത് ചർച്ച ചെയ്യേണ്ട കാര്യമല്ലെന്നും നടപ്പാക്കേണ്ട കാര്യമാണെന്നും ചിന്തിക്കാൻ പലപ്പോഴും നമ്മൾ തയ്യാറാവുന്നില്ല. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ടത് സ്ത്രീകൾ മാത്രമാണെന്നും അവരുടെ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് പുരുഷന്മാരാണെന്നുമുള്ള ചിന്താഗതി ഇന്നും നിലനിൽക്കുന്നു. രാഷ്ട്രീയത്തിൽ തുടങ്ങുന്ന നീതിയുടെ രാഷ്ട്രീയം അധികാരം സ്ത്രീക്കുവേണ്ടികൂടിയുള്ളതാണ് എന്ന് ചിന്തിക്കാൻ പലർക്കും മടിയാണ്. ത്രിതലപഞ്ചായത്തുകളിലെ സ്ത്രീസംവരണം വഴി ഉണ്ടായ രാഷ്ട്രീയ പ്രാതിനിധ്യം ഇനിയും നിയമസഭ, ലോക്സഭകളിൽ പ്രതിഫലിച്ചുകാണുന്നില്ല. അവിടെ പുരുഷാധിപത്യം സ്ത്രീ അവകാശങ്ങളെ ചുരുട്ടിക്കളയുന്നു.

ലിംഗനീതി ഒരു രാത്രികൊണ്ടോ ഒരു പകൽ കൊണ്ടോ നേടിയെടുക്കാൻ കഴിയുന്നതല്ല. നൂറ്റാണ്ടുകളായി മനുഷ്യമനസ്സിൽ അടിയുറച്ചുപോയ വിശ്വാസങ്ങളെയാണ് തച്ചുടക്കേണ്ടത്. എന്തെല്ലാം പ്രതിബന്ധങ്ങളാണ്. സുരക്ഷയുടെ മറവിലാണ് സ്ത്രീ ഏറ്റവും കൂടുതൽ നഷ്ടപ്പെടേണ്ടിവരുന്നത് എന്നതാണ് സത്യം. രാത്രി അവൾക്ക് സ്വന്തമല്ല, വീഥികൾ അവളുടേതല്ല, പൊതു ഇടങ്ങൾ അവൾക്ക് കടന്നുവരാൻ പാടില്ലാത്തതാണ് ഇങ്ങനെ പോകുന്നു. കുറച്ചുവർഷങ്ങൾക്കു മുൻപ് ഒരു മാർച്ച് 8 ന് ഞങ്ങളിൽ ചി

**ലിംഗനീതി ഒരു രാത്രികൊണ്ടോ ഒരു പകൽ കൊണ്ടോ നേടിയെടുക്കാൻ കഴിയുന്നതല്ല. നൂറ്റാണ്ടുകളായി മനുഷ്യമനസ്സിൽ അടിയുറച്ചുപോയ വിശ്വാസങ്ങളെയാണ് തച്ചുടക്കേണ്ടത്. എന്തെല്ലാം പ്രതിബന്ധങ്ങളാണ്. സുരക്ഷയുടെ മറവിലാണ് സ്ത്രീ ഏറ്റവും കൂടുതൽ നഷ്ടപ്പെടേണ്ടിവരുന്നത് എന്നതാണ് സത്യം.**






**ഇക്കൊല്ലത്തെ വനിതാദിന മുദ്രാവാക്യം തന്നെ ലിംഗനീതിക്കായി സമ്മർദ്ദം ചെലുത്തുകയെന്നതാണ്. സ്ത്രീകൾ മാത്രമല്ല, സമ്മർദ്ദം ചെലുത്താൻ മുന്നോട്ടുവരേണ്ടത്, രാഷ്ട്രീയ പാർട്ടികൾ, സമുദായ സംഘടനകൾ, ജാതിമതവിഭാഗങ്ങൾ, സഭകൾ എല്ലാവരും ഒരുമിച്ചുചേർന്ന് തുല്യമായൊരു ലോകസൃഷ്ടിക്കായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു.**

ലർ കുടുംബശ്രീയെ സമീപിച്ചു. എന്തുകൊണ്ട് മാർച്ച് 8 ന് രാത്രി കേരളത്തിലെ സ്ത്രീകളെ പൊതുനിരത്തിലേക്ക് കൊണ്ടുവന്നുകൂടാ? എല്ലപേർക്കും ത്രില്ലായി. 45 ലക്ഷത്തോളം വരുന്ന കുടുംബശ്രീ പ്രവർത്തകർ മാത്രം രാത്രി പുറത്തുവന്നാൽ മതി, അതൊരു ആഗോളവാർത്തയാവും, പുതിയ തുടക്കവും. ദിവസങ്ങൾ ചർച്ച ചെയ്തു, പരിപാടികൾ ആവിഷ്കരിച്ചു. ഏതാണ്ട് എല്ലാം റെഡിയായി. രാത്രി പുറത്തുവരുന്ന സ്ത്രീകൾ റോഡുകളിൽ കലാപരിപാടികൾ അവതരിപ്പിക്കും, ചായക്കടകൾ നടത്തും അങ്ങനെ, അങ്ങനെ... പക്ഷേ പരിപാടി അടുത്തപ്പോൾ കഥമാറി. സംസ്ഥാനത്തിന്റെ ആഭ്യന്തരമന്ത്രി നേരിട്ടിടപെട്ടുപറഞ്ഞു, ഇത് നടക്കില്ല, ഇത്രയേറെ സ്ത്രീകൾ പുറത്തുവന്നാൽ അവരെ സംരക്ഷിക്കാനുള്ള സംവിധാനം കേരളാ പോലീസിനില്ല. ആ രാത്രി പരിപാടി അവിടെ തീർന്നു. എത്രയെത്ര സ്ത്രീകളുടെ ആവേശമാണ് ഒറ്റ വാചകത്തിൽ അസ്തമിച്ചത്. വീട്ടിനുള്ളിൽ സംരക്ഷിച്ച് സൂക്ഷിച്ച് വയ്ക്കേണ്ടതാണ് സ്ത്രീയെന്ന ബോധത്തെ ഇല്ലാതാക്കുകയാണ് ആദ്യം വേണ്ടത്. പുതിയ കാലത്തെ പെൺകുട്ടികൾ ഒരളവുവരെയെങ്കിലും തങ്ങളുടെ സ്വർണ്ണച്ചങ്ങലകൾ മനസ്സിലാക്കുന്നു എന്നതാണ് ആശ്വാസം തരുന്നത്. ലോകമെങ്ങും കഴിഞ്ഞ വർഷം ഉയർന്ന Me too എന്ന ക്യാമ്പയിൻ ഇതിന് തെളിവാണ്. ഞാനും ശാരീരികമായ അതിക്രമം അനുഭവിച്ചിട്ടുണ്ട് എന്ന് തുറന്നുപറയാൻ ലോകമെങ്ങും സ്ത്രീകൾ തയ്യാറാവുന്ന അത്ഭുത കാഴ്ചയായിരുന്നു അത്.ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ പുരുഷാധിപത്യം നിലനിൽക്കുന്നു. സിനിമാ മേഖലയിൽ വിമൻ കളക്ടീവ് ഇൻ സിനിമ ഉണ്ടായത് ഇതുപോലെ എടുത്തുപറയാവുന്ന ഒരു മുന്നേറ്റമാണ്. ലിംഗനീതിക്കായി പൊതുവേ പുതിയ കാലത്ത് സോഷ്യൽ മീഡിയായിലും മറ്റ് രംഗങ്ങളിലും പെൺകുട്ടികൾ ആത്മാർത്ഥമായി മുന്നോട്ടുവരുന്നുണ്ട്. തങ്ങൾക്ക് അവകാശപ്പെട്ടത് കിട്ടിയേ തീരൂ എന്നവർ കട്ടായം പറയുന്നു. തുല്യതയ്ക്ക് പകരം തുല്യത മാത്രമേ ഉള്ളൂവെന്ന് വിശ്വസിക്കുന്ന പെൺകുട്ടികളുടെ തലമുറകളെ നമ്മൾ കണ്ടുതുടങ്ങി. അവർ നൂറ്റാണ്ടുകളുടെ മാമൂൽഭാരം പേറാനൊന്നും തയ്യാറല്ല. തങ്ങളുടെ ഈ മാറ്റം ഉൾക്കൊള്ളാൻ സമൂഹം തയ്യാറാവുക എന്നതാണ് അടിയന്തിര ആവശ്യവും.

കേരളത്തെ സ്ത്രീസൗഹൃദ സംസ്ഥാനമാക്കുമെന്നും ലിംഗനീതി നടപ്പിലാക്കുമെന്നൊക്കെ അധികാരികൾ പലവട്ടം പറയുന്നത് കേട്ടിട്ടുണ്ട്. വാചകമേളയല്ല, ഇപ്പോൾ ആവശ്യം, ലിംഗനീതി നടപ്പാക്കപ്പെടുകയാണ് വേണ്ടത്. അതിനുവേണ്ടി സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ തയ്യാറാകണം.

ഇക്കൊല്ലത്തെ വനിതാദിന മുദ്രാവാക്യം തന്നെ ലിംഗനീതിക്കായി സമ്മർദ്ദം ചെലുത്തുകയെന്നതാണ്. സ്ത്രീകൾ മാത്രമല്ല, സമ്മർദ്ദം ചെലുത്താൻ മുന്നോട്ടുവരേണ്ടത്, രാഷ്ട്രീയ പാർട്ടികൾ, സമുദായ സംഘടനകൾ, ജാതിമതവിഭാഗങ്ങൾ, സഭകൾ എല്ലാവരും ഒരുമിച്ചുചേർന്ന് തുല്യമായൊരു ലോകസൃഷ്ടിക്കായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. കഠിനപ്രയത്നത്തിലൂടെയേ അസന്തുലിതാവസ്ഥകൾ പരിഹൃതമാകൂ. ■



കവിത

സിസ്റ്റർ സെലീന

# ജീവന്റെ ഓഖിയായ് ഉണരാം

വീശിയടിച്ച് ഓഖി കൊടുംകാറ്റിൽ
ഞാൻ നെയ്ത സ്വപ്നങ്ങളൊക്കെയും
എങ്ങോട്ടെന്നില്ലാതെ പാഞ്ഞുപോയി.
നിമിഷനേരംകൊണ്ട് വീടും തുണയും
നഷ്ടപ്പെട്ട്, ഒറ്റയ്ക്കായി നിൽക്കുന്നു
ഞാനി അലറും തിരകൾക്ക് മുന്നിൽ.

ഭർത്താവ് നഷ്ടപ്പെട്ട ഭാര്യയായി
അച്ഛനെ വേർപെട്ട മകനായി
സഹോദരനെ നഷ്ടപ്പെട്ട സഹോദരിയായി
പിളർന്നുപോയ ഈ ഭൂമിതൻ വക്കിൽ
കത്തും സൂര്യന്റെ കുടക്കീഴിൽനിന്ന്
കത്തുന്നു ഞാനും എന്നെപോലനേകരും.

ഓഖിയുടെ ചിറകുകൾക്ക് കരുത്തേകുമാറ്
ഉത്തരവാദിത്വപ്പെട്ടവർ നിസംഗരാകവേ
ഭീതിയും നിഷ്ക്രിയത്വവും ജീവിതത്തിന്റെ
പായ്മരം നിഷ്കരുണം അറുത്തെറിഞ്ഞു.
കദന തീയിൽ വെന്തുരുകുമീ കോലങ്ങൾ
ഉന്മത്തരെ പോലെ കാണപ്പെട്ടുവെന്നോ?

ഹൃദയനോവിന്റെ ഭാഷ ഒന്നേയുള്ളൂ.
ഈ ഭൂലോകത്താകമാനമെങ്കിലും
ആ ഭാഷഗ്രഹിക്കുവാൻ കെൽപ്പുള്ള -
ഭരണാധികാരികളൊരുങ്ങീമന്നിൽ
വിളുമ്പിൽപ്പെട്ടവന്റെ ഭാഷ ഇന്നോളം
അധികാരശ്രേണികയറിയിട്ടെല്ലെന്നതോർക്കാം.

പൊള്ളുംമനസ്സിൽ ഇരുൾമഴ ചെയ്യുമ്പോൾ
ഉണ്ടെന്ന് കരുതിയ വഴികളടയുമ്പോൾ
അടക്കിവച്ച സങ്കടക്കടലിനും മേലെ
നിസംഗത ഓളമിട്ടുയലാടുമ്പോൾ
സുനാമിയേക്കാൾ കൂറ്റൻ തിരമാലകൾ
ഉയരുന്ന ഉൾവിളി ഉണ്ടായിടേണമാർക്കും.

മരണത്തിന്റെ താഴ്വരയിലേക്കിറങ്ങി
വന്ന, നിങ്ങളില്ലായിരുന്നുവെങ്കിൽ
കടലെടുത്ത ജീവിതങ്ങളെത്രയെന്ന്
ലോകമൊരിക്കലും അറിയില്ലായിരുന്നു.
ഓഖി മുഖത്ത് നിങ്ങളെഴുതിയ സുവിശേഷം
യുഗാന്ത്യം വരെ വായിക്കപ്പെടും നിശ്ചയം.

പൂക്കൾ വിരിയാത്ത ചൊരിമണലിലും
പുതു പൂക്കൾ സ്വപ്നം കാണുന്നവർ നാം.
കാർമേഘമുഖരിതമാം ആകാശത്തും
പ്രത്യാശതൻ മഴവില്ലു തെരയുന്നവർ നാം
കൊടുംകാറ്റുലയ്ക്കാത്ത ചെറുകിടാവിളക്ക്
കുടിലിൻ തിരുനടയിൽ കത്തുന്നുണ്ടിപ്പോഴും.

കരകളുരുകും കദനത്തിൽ അതിജീവന
പാതയിൽ, നീതന്നെ നിനക്ക് അഗ്നിയാകുക.
ഇന്നോളം നമ്മെ കാത്ത കടലിനേയും
ഓഖി കൊടുംകാറ്റിനേയും ഭയപ്പെടാൻ
വരും തലമുറയെ പഠിപ്പിക്കരുത്. മാറണം
നമുക്ക് ജീവനുണർത്തും മറ്റൊരോഖിയായ്.

ഒരുപുഴ പോൽകടലിലേക്കൊഴുകിയ
പ്രിയന്റെ സ്വപ്നങ്ങൾ പൂവണിയിക്കാൻ
പ്രളയത്തിനന്ത്യം കുറിച്ചുകൊണ്ടാലിവിലയുമായി,
ആരോ വരുമെന്ന് കരുതരുത്.
അകക്കാഴ്ചയുടെ ജാലകങ്ങൾ തുറന്നിടൂ
നീ തന്നെ നിന്റെ കാവലാളാകുക.



ലേഖനം

● തോമസ് ജെ. സ്റ്റീഫൻ




# പള്ളിക്കൂടം വിട്ടുകഴിഞ്ഞാൽ ?

**പ**ള്ളിക്കൂട പഠനം പൂർത്തിയാക്കിയാൽ ഇനി എന്ത്? എന്ന ചോദ്യം എസ്എസ്എൽസി, ഹയർ സെക്കണ്ടറി പരീക്ഷകൾ എഴുതുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഉണ്ടാകും. ഉപരിപഠനവുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങൾ ഉണ്ടാകേണ്ട സമയവുമാണിത്. ഓരോരുത്തരും തങ്ങളുടെ അഭിരുചിക്കും കഴിവിനും അനുസരിച്ച് പരിശീലന പരിപാടി, പാഠ്യപദ്ധതി എന്നിവ തെരഞ്ഞെടുക്കാനും അവയിൽ വിദഗ്ധ പരിശീലനം നേടാനും ശ്രമിക്കണം.



എവിടെയെങ്കിലും ഏതെങ്കിലും കോഴ്സ് ചെയ്തതുകൊണ്ട് കാര്യമില്ല. അത് വിദ്യാർത്ഥിയുടെ അഭിരുചിക്കും ആഗ്രഹത്തിനും ഇണങ്ങുന്നതായിരിക്കണം. അത് അവനെ ജീവിത വിജയത്തിലേക്ക് നയിക്കുന്നതുമാകണം. എസ്എസ്എൽസി പരീക്ഷയിൽ ഉന്നത വിജയം നേടുന്ന കുട്ടികൾ പോലും പൊതുവേ ലക്ഷ്യാധിഷ്ഠിതമായി കോഴ്സുകൾ തെരഞ്ഞെടുക്കുന്നതായി കാണുന്നില്ല. ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നല്ലൊരു ശതമാനവും മാതാപിതാക്കളുടെ ലക്ഷ്യവും അഭിരുചിയും അനുസരിച്ചാണ് ഉണ്ടാകുന്നത്.

ചിലപ്പോഴെങ്കിലും 'പഠിത്തമൊക്കെ മതി; ഇനി എന്തെങ്കിലും പണിക്ക് പോകാം' എന്നൊരു ചിന്തയും കുട്ടികളിൽ ഉണ്ടാകാറുണ്ട്. പെട്ടെന്ന് വരുമാനമുണ്ടാക്കുക; ധാരാളം പൈസ കൈയിലുണ്ടാവുക; ഇഷ്ടം പോലെ ചെലവാക്കുക ഇതെല്ലാമാണ് അവരുടെ സ്വപ്നം. തുടക്കത്തിൽ ഈ സ്വപ്നം സാക്ഷാൽക്കരിക്കുന്ന പ്രതീതി ഉണ്ടാകുമെങ്കിലും ജീവിതത്തിലെ ഏറ്റവും വലിയ നിക്ഷേപമായ വിദ്യാഭ്യാസ നിഷേധിക്കപ്പെടുകയാണ് എന്ന സത്യം രക്ഷിതാക്കളും കുട്ടികളും തിരിച്ചറിയണം.

മറ്റൊരു ചിന്ത 'പഠനമൊക്കെ മതി; ഇനി എന്തെങ്കിലും തൊഴിലു പഠിക്കാം' എന്നതാണ്. ഒരു തൊഴിൽ പഠിക്കുന്നത് നല്ലതാണ്. എന്നാൽ പഠനം മുടക്കി തൊഴിൽ പഠിക്കണോ എന്നത് ചിന്തനീയമാണ്. നിരവധി തൊഴിലധിഷ്ഠിത കോഴ്സുകൾ നിലവിലുള്ള കേരളത്തിൽ തൊഴിൽ മാത്രമായി പഠിക്കണമെന്ന് ശഠിക്കാതെ തൊഴിലധിഷ്ഠിത കോഴ്സുകൾ ചെയ്യുന്നതായിരിക്കും കൂടുതൽ നന്ന്. അപ്പോൾ ഒരു തൊഴിലും പഠിക്കും ഒപ്പം ആവശ്യമായ സർട്ടിഫിക്കറ്റുകളും സ്വന്തമാകും.



രക്ഷിതാക്കളുടെ ഭാഗത്തുനിന്നുള്ള മറ്റൊരു ചിന്തയാണ്. 'വെറുതെ പഠിപ്പിച്ചിട്ട് കാര്യമില്ല. വല്ല തൊഴിലധിഷ്ഠിത കോഴ്സുകൾ പഠിപ്പിക്കണം.' നൂറ് ശതമാനവും തെറ്റ് പറയാൻ കഴിയാത്ത ഒരു ചിന്തയാണിത്. ഇവിടെ പഠനം ഉപേക്ഷിക്കുവാനുള്ള മനോഭാവമില്ല എന്നതാണ് ഏറ്റവും വലിയ ആശ്വാസം. പക്ഷേ ചെയ്യുന്ന കോഴ്സ് വളരെ പ്രസക്തമാണ്. ഒരു തൊഴിലധിഷ്ഠിത കോഴ്സിന് ചേരുമ്പോൾ എന്താണ് ആ തൊഴിൽ എന്നും ആ തൊഴിൽ ചെയ്യാൻ താല്പര്യമുണ്ടോ എന്നും ആ തൊഴിലിന് പൊതുവേ സാധ്യതയുണ്ടോ എന്നും വിലയിരുത്തപ്പെടണം. കുട്ടി ഒരിക്കലും ചെയ്യാനാഗ്രഹിക്കാത്ത ഒരു തൊഴിൽ അധിഷ്ഠിതമായ കോഴ്സിനായി വെറുതെ സമയവും പണവും ചെലവഴിക്കരുത്.

മറ്റൊരു വർത്തമാനകാല പ്രവണതയാണ് 'പിഎസ്സി പഠനം'. പൊതുവെ ഡിഗ്രി കഴിയുമ്പോഴാണ് ഈ ശാപം കുട്ടികളെ പിടിമുറുക്കാറുള്ളത്. ഇപ്പോഴത് ഹയർസെക്കണ്ടറിക്കാരിലേക്കും വ്യാപിച്ചുതുടങ്ങിയിരിക്കുന്നു. പി.എസ്.സി പരീക്ഷയ്ക്കായി നന്നായി ഒരുങ്ങണമെന്നതിൽ സംശയമില്ല. പക്ഷേ അതിനായി പൂർണ്ണസമയം ചെലവഴിക്കുന്നതും പഠനം മുടക്കുന്നതും അഭിലക്ഷണീയമല്ല. സാധ്യമായിടത്തോളം പഠനം തുടരണം എന്ന നിലപാട് തന്നെയാകണം നാം എടുക്കേണ്ടത്.

പത്താം ക്ലാസ് പാസാകുന്ന ഒരു കുട്ടിയുടെ മുന്നിൽ ഹയർ സെക്കണ്ടറി പഠനം, ഡിപ്ലോമ കോഴ്സുകൾ, സർട്ടിഫിക്കറ്റുകോഴ്സുകൾ, ഹ്രസ്വകാല കോഴ്സുകൾ എന്നീ സാധ്യതകളാണുള്ളത്.

ഹയർ സെക്കണ്ടറി പഠനമാണ് പൊതുവെ ആദ്യം എല്ലാവരും തെരഞ്ഞെടുക്കുന്നത്. അത് ഒരു നല്ല തെരഞ്ഞെടുപ്പാണ്. പത്താംക്ലാസ് പാസായി കഴിഞ്ഞ ഒരു കുട്ടി ഹയർ സെക്കണ്ടറി കൂടി പാസാകുന്നത് തന്നെയാണ് ഏറ്റവും അഭികാമ്യം. അനധിവിദൂരഭാവിയിൽ എസ്എസ്എൽസിയുടെ സ്ഥാനത്ത് ഹയർ സെക്കണ്ടറി അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായി മാറുമെന്ന കാര്യത്തിലും സംശയമില്ല.

ഹയർ സെക്കണ്ടറിയിൽ തന്നെ +2, വിഎച്ച്എസ്ഇ, ടെക്നിക്കൽ ഹയർ സെക്കണ്ടറി എന്നീ സാധ്യതകൾ നമ്മുടെ മുന്നിലുണ്ട്. ഇതിൽ ഏതാണ് നല്ലത് എന്നത് ഒരു ആശയക്കുഴപ്പമാണ്. ടെക്നിക്കൽ എസ്എസ്എൽസി കഴിഞ്ഞവർക്ക് അഭികാമ്യം ടെക്നിക്കൽ ഹയർ സെക്കണ്ടറി തന്നെയാണ്. പഠനത്തിൽ തുടർച്ചയും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രശോഭിക്കുകയും ചെയ്യാം. മറ്റുള്ളവർ ടെക്നിക്കൽ ഹയർ സെക്കണ്ടറി തെരഞ്ഞെടുക്കുമ്പോൾ നിശ്ചിത സാങ്കേതിക വിദ്യയിൽ അഭിരുചിയുണ്ടോ എന്ന് നിർബന്ധം പരിശോധിച്ചിരിക്കണം. ഏതെങ്കിലുമൊരു സ്കൂളിൽ ചേരുക എന്ന ലക്ഷ്യത്തോടെ മാത്രം ടെക്നിക്കൽ സ്കൂളിൽ എത്തിയാൽ അത് പഠനത്തെവിരസമാക്കുകയും ഭാവിയെ ദോഷകരമായി ബാധിക്കുകയും ചെയ്യും. അതിനേക്കാൾ നല്ലത് പ്ലസ്-ടു ഓപ്പൺ സ്കൂളിൽ പഠിക്കുന്നത് തന്നെയാകും.

+2, വിഎച്ച്എസ്സി എന്നിവയിൽ ഏതാണ് കൂടുതൽ നന്ന് എന്നതും സംശയമാണ്. പൊതുവെ +2 ആണ് എല്ലാവരും താല്പര്യപ്പെടുന്നത് എങ്കിലും വിഎച്ച്എസ്ഇയാണ് കൂടുതൽ നന്ന്. വിഎച്ച്എസ്ഇ കോഴ്സ് കഴിയുന്ന ഒരു കുട്ടിക്ക് +2 കഴിഞ്ഞാൽ ഉണ്ടാകുന്ന എല്ലാ അവസരങ്ങളും ലഭിക്കുന്നതോടൊപ്പം ഒരു തൊഴിലും പരിചിതമാകുന്നു എന്നതാണ് മെച്ചം. നേരിട്ട് സർക്കാർ ജോലി ലഭിക്കുന്ന കോഴ്സുകൾ വരെ വിഎച്ച്എസ്ഇയിൽ ഉണ്ട്. ഇതിലെ കോഴ്സുകളെ സയൻസ്, കോമേഴ്സ്, ഹ്യൂമാനിറ്റീസ് എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. ജോലി സാധ്യതയും ആ തൊഴിൽ മേഖലയോടുള്ള അഭിരുചിയും മുൻനിറുത്തി കോഴ്സും സ്കൂളും

**പുതുതലമുറ കോഴ്സുകൾ എന്ന വിശേഷിപ്പിക്കുന്ന നാനോ ടെക്നോളജി, ഫോട്ടോണിക്സ് തുടങ്ങിയ സങ്കരയിനം കോഴ്സുകളുമുണ്ട്. ഇത്തരം കോഴ്സുകളിൽ ചേരുന്നതിന് മുൻപ് തുടർപഠന സാധ്യതയും ജോലി സാധ്യതയും നിർബന്ധമായും വിലയിരുത്തിയിരിക്കണം.**





**ഇഷ്ടപ്പെട്ട പ്രൊഫഷണൽ കോഴ്സ് ലഭിച്ചിട്ടില്ലെങ്കിൽ ഏറ്റവും അഭിലഷണീയം പരമ്പരാഗത ഡിഗ്രി കോഴ്സുകളാണ്. റഗുലർ ആയോ ഓപ്പൺ സ്കീമോ ഇത്തരം ഡിഗ്രികൾ ചെയ്യാവുന്നതാണ്. ഏത് വിഷയത്തിനാണ് സാധ്യത കൂടുതൽ എന്ന ചോദ്യം ഇവിടെയും പ്രസക്തമാണ്.**

തെരഞ്ഞെടുക്കണം. വലിയ വിജയം നേടാനാകും. ഒരു വിധത്തിലും താല്പര്യമില്ലാത്ത ഒരു കോഴ്സ് വിഎച്ച്എസ്ഇയിൽ എടുത്ത് പഠിക്കരുത്. സ്കൂൾ ചേർന്നുപഠിക്കാൻ വേണ്ടി മാത്രം വിഎച്ച്എസ്ഇയിൽ ചേരുകയുമരുത്.

+2 വിന് പ്രധാനമായും സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് എന്നിങ്ങനെ മൂന്നു സ്ട്രീമുകളാണ് ഉള്ളത്. ടിഎച്ച്എസ്എസ്, വിഎച്ച്എസ്ഇ എന്നിവ താല്പര്യപ്പെടാത്ത എല്ലാവർക്കും അഭിലക്ഷണീയം +2 തന്നെയാണ്. ഇത് ഒരു സ്കൂളിൽ റഗുലർ ആയും ഓപ്പൺ സ്കൂൾ വഴിയും ചെയ്യാവുന്നതാണ്. സാധ്യമായിടത്തോളം റഗുലർ കോഴ്സ് ചെയ്യുക.

+2 വിൽ ലഭ്യമായ മൂന്നു ബ്രാഞ്ചുകളിൽ ഏതിനാണ് കൂടുതൽ സാധ്യത എന്ന ചോദ്യം അപ്രസക്തമാണ്. പ്രസക്തമായ ചോദ്യം നമുക്ക് ഏതാണ് സാധ്യത എന്നതാണ്. ഡോക്ടർ, എൻജിനീയർ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ ആഗ്രഹിക്കുന്നവർ സയൻസ് തന്നെ പഠിക്കണം. പത്താംതരത്തിൽ ഗണിതം, സയൻസ് തുടങ്ങിയ വിഷയങ്ങൾ പ്രയാസമായിരുന്ന കുട്ടികൾ സയൻസ് എടുക്കാതിരിക്കുന്നതാണ് ഉചിതം. ചാർട്ടേഡ് അക്കൗണ്ടന്റ്, കമ്പനി സെക്രട്ടറി തുടങ്ങിയ പ്രൊഫഷനുകളോട് ആഭിമുഖ്യം തോന്നുന്നവർ കോമേഴ്സ് സ്ട്രീം എടുക്കുന്നതാണ് അഭികാമ്യം. സിവിൽ സർവീസ് മേഖലയിൽ പ്രവേശിക്കണമെങ്കിൽ ഹ്യുമാനിറ്റീസ് പഠിക്കണമെന്ന ചിന്ത നൂറു ശതമാനവും തെറ്റാണ്. ഏത് വിഷയത്തിൽ ഡിഗ്രി നേടുന്ന കുട്ടിക്കും കഠിനാദ്ധ്വാനത്തിലൂടെ ഈ മേഖലകളിലേക്ക് കടന്നു വരാനാകും.

വിഷയങ്ങളോടുള്ള കുട്ടിയുടെ താല്പര്യം മാത്രമായിരിക്കണം പ്ലസ്-ടു തല പ്രവേശനത്തിന് പരിഗണിക്കേണ്ടത്. എല്ലാവർക്കും എല്ലാ വിഷയത്തിലും ഒരു പോലെ പ്രാവീണ്യമുണ്ടാകണമെന്നില്ല. അതുകൊണ്ട് തന്നെ പ്രാവീണ്യമുള്ള മേഖലകളിൽ എത്തി നന്നായി ശോഭിക്കണം.

എസ്എസ്എൽസി കഴിഞ്ഞാൽ പ്രവേശനം നേടാവുന്ന ധാരാളം ഡിപ്ലോമ കോഴ്സുകൾ ഉണ്ട്. ഹയർ സെക്കണ്ടറി പഠനം കഴിഞ്ഞും ഈ കോഴ്സുകൾക്ക് ചേരാവുന്നതാണ്. പോളിടെക്നിക്കുകളിലാണ് ഇത്തരം ഡിപ്ലോമ കോഴ്സുകൾ പ്രധാനമായും നടത്തുന്നത്. 3 വർഷത്തെ പഠനത്തിലൂടെ കുട്ടിക്ക് ഒരു പ്രത്യേക സാങ്കേതിക ട്രേഡിൽ ഡിപ്ലോമ ലഭിക്കുന്നു. ഇപ്രകാരം ഡിപ്ലോമ ലഭിച്ചവർക്ക് മികവിന്റെ അടിസ്ഥാനത്തിൽ പിന്നീട് ലാറ്ററൽ എൻട്രി വഴി ബി.ടെക് ചെയ്യാനും അവസരമുണ്ട്. ഒരു തൊഴിലധിഷ്ഠിത പരിശീലനമാണ് പോളിടെക്നിക്കുകളിൽ നടക്കുന്നത്. സർക്കാർ മേഖലയിൽ ഉൾപ്പെടെ ധാരാളം ജോലി സാധ്യതകളും ഉണ്ട്.

പോളി ടെക്നിക്കുകളിൽ ചേരുന്നതിന് മുൻപ് പഠിക്കാൻ ഉദ്ദേശിക്കുന്ന ട്രേഡിനെക്കുറിച്ച് പ്രാഥമികമായി മനസ്സിലാക്കുകയും അതുവഴി ലഭിക്കാവുന്ന ജോലി സാധ്യതയും വിലയിരുത്തണം. പൂർണമായ താല്പര്യവും ആഭിമുഖ്യവും ഉണ്ടെങ്കിൽ മാത്രമേ പ്രവേശനം നേടാവൂ. 'എന്തെങ്കിലും പഠിക്കണം' എന്നതുകൊണ്ടോ ഒരു പ്രത്യേക ട്രേഡിന് വലിയ സാധ്യതയാണ് എന്ന പൊതു അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലോ പോളിടെക്നിക്കുകളിൽ ചേരരുത്. ചേരുന്ന കോഴ്സുമായി ബന്ധപ്പെട്ട ജോലി സ്വയം തൊഴിൽ എന്ന നിലയിലെങ്കിലും ചെയ്യുമെന്ന നിശ്ചയദാർഢ്യമുള്ളവർ ഈ മേഖലയിൽ വിജയിക്കും.

ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ഐറ്റിഐ) കളും സെന്ററുകളും അധ്യാപക പരിശീലന കേന്ദ്രങ്ങളുമാണ് പ്രധാനമായും രണ്ടു വർഷത്തെ കോഴ്സുകളും സർട്ടിഫിക്കറ്റുകളുമാണ് നൽകുന്നത്. എസ്എസ്എൽസി, ഹയർ സെക്കണ്ടറി കഴിഞ്ഞവർക്ക് ഈ കോഴ്സുകളിൽ പ്രവേശനം നേടാവുന്നതാണ്. പോളിടെക്നിക്കുകളുടെ കാര്യം പറഞ്ഞതുപോലെ പഠിക്കാൻ വേണ്ടി ഏതെങ്കിലും ഒരു ട്രേഡ്/കോഴ്സ് എടുക്കുക എന്നതിലുപരി ആ കോഴ്സിനെ മനസ്സുകൊണ്ട് സ്വീകരിക്കണം. രണ്ടുവർഷം കൊണ്ട്



**ഹയർ സെക്കണ്ടറി പഠനം കഴിഞ്ഞവർക്ക് ശ്രദ്ധവയ്ക്കാൻ കഴിയുന്ന പ്രധാന മേഖല ഡിഗ്രി കോഴ്സുകളാണ്. പ്രൊഫഷണൽ ഡിഗ്രികൾ, ന്യൂ ജനറേഷൻ ഡിഗ്രികൾ, പരമ്പരാഗത ഡിഗ്രികൾ എന്നിങ്ങനെ ഡിഗ്രി കോഴ്സുകളെ മൂന്നായി തിരിക്കാവുന്നതാണ്.**

നിങ്ങൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കും. എന്നാൽ തൊഴിൽ ചെയ്യണമെങ്കിൽ പ്രായോഗിക പരിജ്ഞാനം നേടിയിരിക്കണം. ഉദാഹരണമായി പ്ലംബിംഗ് ഐ.ടി.ഐ പാസായ ഒരാൾ കുറഞ്ഞത് ഒരുവർഷമെങ്കിലും ഒരു പ്ലംബറോടൊപ്പം ജോലി നോക്കണം. സ്വദേശത്തും വിദേശത്തും നിരവധി ജോലി സാധ്യതകൾ ഇത്തരം സർട്ടിഫിക്കറ്റുകാരെ കാത്തിരിക്കുന്നുണ്ട്. പക്ഷേ തൊഴിലിന്റെ പ്രായോഗിക പരിശീലനം നിർബന്ധമാണ് എന്ന കാര്യം മറക്കരുത്.



**പഠനം ഒരുവിധത്തിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല; എത്രയും വേഗം ഒരു തൊഴിൽ വേണം എന്ന സാഹചര്യത്തിലാണ് ഹ്രസ്വകാല കോഴ്സുകളുടെ പ്രാധാന്യം**

പരമാവധി ഒരു വർഷം വരെ നീളുന്ന കോഴ്സുകളാണ് ഹ്രസ്വകാല കോഴ്സുകൾ. തികച്ചും തൊഴിലധിഷ്ഠിതമായ ഈ കോഴ്സുകൾ പ്രധാനമായും സ്വകാര്യ മേഖലയിൽ എളുപ്പം ജോലി ലഭിക്കുവാൻ സഹായിക്കുന്നു. സർക്കാർ-സ്വകാര്യ മേഖലകളിലായി നൂറുകണക്കിന് കോഴ്സുകൾ നടക്കുന്നുണ്ട്. പൊറോട്ട തയ്യാറാക്കാൻ പോലും കോഴ്സുണ്ട്. പഠനം ഒരുവിധത്തിലും മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല; എത്രയും വേഗം ഒരു തൊഴിൽ വേണം എന്ന സാഹചര്യത്തിലാണ് ഇത്തരം കോഴ്സുകളുടെ പ്രാധാന്യം. പഠനം നിലച്ചുപോകാൻ സാധ്യതയുണ്ട് എന്നതാണ് ഇത്തരം കോഴ്സുകളുടെ അപകടം. അതിനാൽ പഠനത്തോടൊപ്പമോ അവധിക്കാലത്തോ ഹ്രസ്വകാല കോഴ്സുകൾ ചെയ്യുന്നാണ് ഉചിതം.

ഹയർ സെക്കണ്ടറി പഠനം കഴിഞ്ഞവർക്ക് ശ്രദ്ധവയ്ക്കാൻ കഴിയുന്ന പ്രധാന മേഖല ഡിഗ്രി കോഴ്സുകളാണ്. പ്രൊഫഷണൽ ഡിഗ്രികൾ, ന്യൂ ജനറേഷൻ ഡിഗ്രികൾ, പരമ്പരാഗത ഡിഗ്രികൾ എന്നിങ്ങനെ ഡിഗ്രി കോഴ്സുകളെ മൂന്നായി തിരിക്കാവുന്നതാണ്.

ഡിഗ്രി സ്വന്തമാക്കുന്നതോടൊപ്പം ഒരു പ്രൊഫഷൻ കൂടി പ്രാക്ടീസ് ചെയ്യാനുള്ള അനുവാദം ലഭിക്കുന്ന കോഴ്സുകളാണ് പ്രൊഫഷണൽ ഡിഗ്രികൾ. മെഡിക്കൽ, എൻജിനീയറിംഗ്, ഫാർമസി, നഴ്സിംഗ്, സി.എ, ഐസിഡബ്ല്യുഎ, ഐസിഎസ്, എൽഎൽബി തുടങ്ങിയവയാണ് പ്രധാന പ്രൊഫഷണൽ കോഴ്സുകൾ. ഇതിൽ മെഡിക്കൽ കോഴ്സുകളിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർ +2 തലത്തിൽ ബയോളജി, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾ പഠിച്ചിരിക്കണം. എൻജിനീയറിംഗ് മേഖലകളിൽ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്നവർ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളും ആർക്കിടെക്റ്റിന് ചേരാൻ ആഗ്രഹിക്കുന്നവർ +2 തലത്തിൽ മാത്തമാറ്റിക്സും ഫാർമസിക്ക് ചേരാൻ ആഗ്രഹിക്കുന്നവർ +2 തലത്തിൽ ഫിസിക്സും കെമിസ്ട്രിയും പഠിച്ചിരിക്കണം. പൊതുവേ എല്ലാ പ്രൊഫഷണൽ കോഴ്സുകളുമായി ബന്ധപ്പെട്ട് പൊതു പ്രവേശന പരീക്ഷകളും ഉണ്ടായിരിക്കും.

പുതുതലമുറ കോഴ്സുകൾ എന്ന വിശേഷിപ്പിക്കുന്ന നാനോ ടെക്നോളജി, ഫോട്ടോണിക്സ് തുടങ്ങിയ സങ്കരയിനം കോഴ്സുകളുമുണ്ട്. ഇത്തരം കോഴ്സുകളിൽ ചേരുന്നതിന് മുൻപ് തുടർപഠന സാധ്യതയും ജോലി സാധ്യതയും നിർബന്ധമായും വിലയിരുത്തിയിരിക്കണം. പല കോഴ്സുകളുടെയും ബിരുദാനന്തബിരുദം ചെയ്യാനും കേരളത്തിനകത്ത് തൊഴിൽ ലഭിക്കാനും ചില പരിമിതകൾ ഉള്ളതിനാൽ സാധ്യതകൾ വിലയിരുത്തി മാത്രം ഇത്തരം കോഴ്സുകൾക്ക് ചേരുക.

ഇഷ്ടപ്പെട്ട പ്രൊഫഷണൽ കോഴ്സ് ലഭിച്ചിട്ടില്ലെങ്കിൽ ഏറ്റവും അഭിലഷണീയം പരമ്പരാഗത ഡിഗ്രി കോഴ്സുകളാണ്. റഗുലർ ആയോ ഓപ്പൺ സ്കീമോ ഇത്തരം ഡിഗ്രികൾ ചെയ്യാവുന്നതാണ്. ഏത് വിഷയത്തിനാണ് സാധ്യത കൂടുതൽ എന്ന ചോദ്യം ഇവിടെയും പ്രസക്തമാണ്.

ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുമ്പോൾ ഏറ്റവും താല്പര്യവും രസവും തോന്നിയ വിഷയം ധൈര്യപൂർവ്വം ഡിഗ്രിതലത്തിൽ പഠിച്ചോളൂ. മികവാർന്ന വിജയം ഉണ്ടാകും. പോളിടെക്നിക്കുകളിൽ ഉൾപ്പെടെ വിവിധ ഡിപ്ലോമ കോഴ്സുകൾ ഹയർ സെക്കണ്ടറിക്കാരെ കാത്തിരിക്കുന്നുണ്ട്. ഓരോ കോഴ്സുമായി ബന്ധപ്പെട്ട തൊഴിൽ ജീവതത്തിൽ ചെയ്യാൻ താല്പര്യമുണ്ടെങ്കിൽ മാത്രം ഈ രംഗത്തേക്ക് വരുക. മെഡിക്കൽ, പാരാമെഡിക്കൽ, മീഡിയ, ട്രാവൽ & ടൂറിസം, പരിസ്ഥിതി, കൃഷി, മത്സ്യബന്ധനം തുടങ്ങി വിവിധ മേഖലകളുമായ ബന്ധപ്പെട്ട നിരവധി കോഴ്സുകൾ ഉണ്ട്. ഈ കോഴ്സുകൾക്കായി മൂന്നു വർഷം ചെലവഴിക്കുമ്പോൾ നമുക്ക് ലഭിക്കുന്നത് ഒരു ഡിപ്ലോമയാണ്. ഡിഗ്രി അടിസ്ഥാന യോഗ്യതയുള്ള വിവിധ സർക്കാർ ഉദ്യോഗങ്ങൾക്ക് അപേക്ഷിക്കുവാൻ ഡിപ്ലോമക്കാർക്ക് കഴിയില്ല എന്നത് ഒരു പരിമിതിയാണ്.

എസ്എസ്എൽസി, ഹയർ സെക്കണ്ടറി കഴിഞ്ഞുള്ള എല്ലാ പ്രധാന കോഴ്സുകളിലേക്കും പ്രവേശനം ഓൺലൈനായും സിംഗിൾ വിൻഡോ സിസ്റ്റം അനുസരിച്ചുമാണ് നടത്തുന്നത്. തെറ്റുകൂടാതെ വിവരങ്ങൾ നൽകുവാൻ അതീവ ശ്രദ്ധ പുലർത്തണം. അധ്യാപകരുടെയും അറിവുള്ളവരുടെയും സഹായം തേടാൻ മടിക്കരുത്. താല്പര്യവും അഭിരുചിയും ജീവിത ലക്ഷ്യവും മാനദണ്ഡമാക്കി ഉചിതമായ കോഴ്സുകൾ തെരഞ്ഞെടുത്ത് ജീവിത വിജയം നേടുവാൻ പരിശ്രമിക്കുക. ■



### സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ

# വിദ്യാഭ്യാസ സഹായങ്ങൾ

● ഡോ. മൊയ്തീൻകുട്ടി. എ. ബി
ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ്

1992 ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ആക്ട് സെക്ഷൻ 2(ര) പ്രകാരം സംസ്ഥാനത്തെ മതന്യൂനപക്ഷ വിഭാഗങ്ങളായ ക്രിസ്ത്യനികൾ അടക്കമുള്ളവരുടെ വിദ്യാഭ്യാസവും, സാമൂഹികവും, സാമ്പത്തികവുമായ പിന്നാക്കാവസ്ഥ എന്നിവ പരിഹരിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിനു കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

തൊഴിലും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷക്ഷേമ വകുപ്പ് ചെയ്യുന്ന ക്ഷേമ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ വായ്പ, കരിയർ ശില്പശാല, മത്സര പരീക്ഷ പരിശീലനം, ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്, പ്രൈവറ്റ് ഐ.റ്റി.ഐ. ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്, ചാർട്ടേഴ്സ് അക്കൗണ്ടൻസി/കോസ്റ്റ് വർക്ക് അക്കൗണ്ടൻസി/കമ്പനി സെക്രട്ടറിഷിപ്പ് എന്നീ സ്കോളർഷിപ്പ്, സിവിൽ സർവ്വീസ് പരീക്ഷ ഫീ റീ-ഇംബേഴ്സ്മെന്റ് എന്നിവ ഉൾപ്പെടുന്നു. ന്യൂനപക്ഷങ്ങൾക്ക് പൊതുവിലുള്ള സ്കോളർഷിപ്പുകളിൽ 20% ക്രിസ്ത്യൻ മത വിഭാഗങ്ങൾക്ക് നീക്കി വച്ചിരിക്കുന്നു. കുടുംബ വരുമാനം ആറു ലക്ഷം കവിയരുത് എന്നു നിജപ്പെടുത്തിയിട്ടുള്ളതിനാൽ സമുദായത്തിലെ ദരിദ്ര വിഭാഗങ്ങൾക്ക് മുൻഗണന ലഭിക്കും.

## ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

എസ്.എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കും നൽകുന്ന സ്കോളർഷിപ്പ് അവാർഡ്

എസ്.എസ്.എൽ.സി/പ്ലസ് ടു/ വി.എച്ച്.എസ്.ഇ വിദ്യാർത്ഥികൾക്ക് 10,000/- രൂപയും, ബിരുദം/ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ്

ബി.പി.എൽ വിദ്യാർത്ഥികൾക്ക് മുൻഗണനയുണ്ട്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് മെറിറ്റിന്റെയും താഴ്ന്ന വരുമാന പരിധിയുടെയും അടിസ്ഥാനത്തിലായിരിക്കും.

ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന ബി.പി.എൽ വിദ്യാർത്ഥികളുടെ അഭാവത്തിൽ 6 ലക്ഷം രൂപ വരുമാന പരിധിയിലുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന മറ്റ് വിദ്യാർത്ഥികൾക്കും ഈ ആനുകൂല്യം ലഭിക്കും.

www.minortiywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസപരമായ പുരോഗതി ലക്ഷ്യം വച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയാണിത്.

ബിരുദത്തിന് പഠിക്കുന്ന 3000 വിദ്യാർത്ഥിനികൾക്ക് 5000/ രൂപ വീതവും, ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 6000/ രൂപ വീതവും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന 1000 വിദ്യാർത്ഥിനികൾക്ക് 7000/ രൂപ വീതവും ഹോസ്റ്റൽ സ്റ്റൈപ്പന്റ് 2000 പേർക്ക് 13000 രൂപ വീതവും പ്രതിവർഷം നൽകുന്നു.

www.minortiywelfare.kerala.gov.in എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് മുഖേന ന

ടപ്പിലാക്കി വരുന്ന പദ്ധതികൾ പ്രി മെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പ് എന്നിവ.

## വിദ്യാഭ്യാസ സഹായങ്ങൾ

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യകോർപ്പറേഷൻ സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ക്രിസ്ത്യൻ വിദ്യാർത്ഥികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിദ്യാഭ്യാസ വായ്പ നൽകി വരുന്നു. വിദ്യാഭ്യാസ വായ്പ പരമാവധി തുക 7.5 ലക്ഷം മൂന്ന് ശതമാനം പലിശ നിരക്കിൽ നൽകുന്നു. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 നും നഗരങ്ങളിൽ 1,03,000 താഴെ ആയിരിക്കണം. അതുപോലെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ പത്തു ലക്ഷം രൂപവരെ 7 ശതമാനം നിരക്കിലും അംഗീകൃത സർക്കാർ പൊതുമേഖലാ സഹകരണബാങ്ക് ഉദ്യോഗസ്ഥരുടെ മക്കൾക്ക് അഞ്ചുലക്ഷം രൂപ 9 ശതമാനം നിരക്കിലും വായ്പ നൽകുന്നുണ്ട്. സാധരണക്കാർക്ക് നൽകുന്ന 10 ലക്ഷം വരെയുള്ള വിദ്യാഭ്യാസ വായ്പയ്ക്ക് വരുമാനപരിധിയില്ല. അതേസമയം സർക്കാർ പൊതുമേഖലാ ജീവനക്കാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ വായ്പയിൽ കുടുംബ വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെയും പ്രായപരിധി 56 വയസ്സുവരെയുമാണ്.

## സൗജന്യ വ്യക്തിത്വ വികസന-കരിയർ ഗൈഡൻസ് പരിശീലനം (പാസ്‌വേഡ്)

വിദ്യാർത്ഥികളുടെ സർവ്വതോന്മുഖ പുരോഗതി ലക്ഷ്യമാക്കിയുളള പാസ്‌വേഡ് ക്യാമ്പുകൾ കേരളത്തിൽ നടത്തപ്പെടുന്ന പദ്ധതിയാണ്. വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നത്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി, പ്ലസ് ടു, വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളാണ് ഈ പദ്ധതിയുടെ മുഖ്യഗുണഭോക്താത്തൾ. ബി.പി.എൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകിക്കൊണ്ട് 30% സീറ്റുകൾ പെൺകുട്ടികൾക്ക് സംവരണം ചെയ്തിരിക്കുന്നു. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഹൈസ്ക്കൂൾ-ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പിൽ പങ്കെടുക്കാം. മുൻ അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷയിൽ ചുരുങ്ങിയത് 60% മാർക്ക് വിദ്യാർത്ഥി നേടിയിരിക്കണം. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി പരീക്ഷയുടെ മാർക്ക് യോഗ്യതാ മാനദണ്ഡമായി പരിഗണിക്കും. ക്യാമ്പിലെ 20% സീറ്റുകൾ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളട ക്കമുള ഉവർക്കായി നീക്കി വെച്ചിട്ടുണ്ട്.

## സൗജന്യ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, ബാങ്കിംഗ് സർവ്വീസ് അതോരിറ്റികൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് തുടങ്ങിയ ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകൾ, വിവിധ കോഴ്സുകൾക്കായുള്ള എൻട്രൻസ് പരീക്ഷകൾ എന്നിവക്കുള്ള സൗജന്യ പരിശീലനമാണ് സംസ്ഥാനത്തെ 17 ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും 21 ഉപകേന്ദ്രങ്ങളും വഴി നൽകി വരുന്നത്. ഇതിലെ 20% സീറ്റുകൾ ക്രിസ്ത്യൻ മത വിഭാഗത്തിനു റിസർവു ചെയ്തിട്ടുണ്ട്. (കൂടുതൽ വിവരങ്ങൾ. www.minortiywelfare. kerala. kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്).

സംസ്ഥാന സർക്കാർ ചെയ്യുന്ന മേൽ സൂചിപ്പിച്ച ക്ഷേമ പ്രവർത്തനങ്ങൾക്ക് പുറമെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിനുളള പദ്ധതികളിലും ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് സഹായങ്ങൾ ലഭ്യമാണ്.

കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ട് അനുവദിക്കുന്ന ധനസഹായപദ്ധതികൾ:

1. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം കൂടുതൽ വിവരങ്ങൾക്ക്: http://minortiyaffairs.gov.in/schemesperformance/seekhoaurkamaolearnearnschemeskilldevelopmentminorities എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

2. പഠോ പർദേശ് - വിദേശത്ത് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോണുകൾക്ക് സബ്സിഡികളും

കൂടുതൽ വിവരങ്ങൾക്ക്: http://www.minortiyaffairs.gov.in/schemesperformance/padhopardeshschemeinterestsubsidy-educationalloansoverseasstudiesstudentsbelongingminortiy എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. നയി മൻസിൽ-സ്കൂൾ വിദ്യാഭ്യാസം പാതി വഴിയിൽ നിന്നു പോയ ന്യൂനപക്ഷ വിദ്യാർത്ഥികളെ കണ്ടെത്തി വിദ്യാഭ്യാസവും തൊഴിലും ഉറപ്പ് വരുത്തുന്ന പദ്ധതി

കൂടുതൽ വിവരങ്ങൾക്ക്: http://www.minortiyaffairs.gov.in/schemesperformance/nai, manzilsocial-assesmentandsocialmanagementframework എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

4. മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ്

കൂടുതൽ വിവരങ്ങൾക്ക്: http://minortiyaffairs.gov.in/schemesperformance/maulana, azadnationalfellowshipminortiystudentsscheme എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

5. ഫ്രീ കോച്ചിംങ് ആന്റ് അലൈഡ് സ്കീം

കൂടുതൽ വിവരങ്ങൾക്ക്: http://www.minortiyaffairs.gov.in/schemesperformance/freecoachingandalliedschememinortiycommun-itiesstudents എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകി വരുന്ന വികസന/ക്ഷേമ പ്രവർത്തനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി രാജ്യ പുരോഗതിയിലും പുനർ നിർമ്മാണത്തിലും പങ്കാളികളാവേണ്ടതുണ്ട്. ■

family corner

ഫാ. എ.ആർ.ജോൺ
കുടുംബശുശ്രൂഷാ ഡയറക്ടർ

# മാധ്യമ മുക്ത കുടുംബ മണിക്കൂർ



രണ്ടുദിവസം മാധ്യമ മുക്തമായി ജീവിക്കാൻ ശ്രമിച്ച ശേഷമാണ് ഞാൻ ഈ അക്ഷരങ്ങൾ കുറിക്കുന്നത്. തീർത്തും വ്യത്യസ്ഥാനുഭവമായിരുന്നു. പറഞ്ഞറിയിക്കുന്നതിനതീതമായ സ്വസ്ഥത, ഏകാഗ്രത, വ്യക്തത, ശാന്തി എന്നിവ അനുഭവിക്കാൻ കഴിഞ്ഞു. ഒന്നു പരിശ്രമിക്കാൻ കൂട്ടാക്കൂ, ഞാൻ പറയുന്നത് അക്ഷരാർത്ഥത്തിൽ സത്യമെന്ന് നിങ്ങൾക്ക് മനസ്സിലാകും, തീർച്ച.

നമ്മെ സഹായിക്കുമെന്ന് നാം കരുതുന്ന കാര്യങ്ങളാണ് പലപ്പോഴും നമുക്ക് കെണിയാകുന്നത്. മാധ്യമങ്ങളെ പ്രത്യേകിച്ച് സമൂഹ-ദൃശ്യമാധ്യമങ്ങളുടെ കാര്യമാണീ പറയുന്നത്. കുടുംബങ്ങളിലെ നല്ല കാലത്തേ ഓർത്തുനോക്കൂ. പരസ്പര സാന്നിധ്യം സന്തോഷം നൽകി, പങ്കുവയ്ക്കൽ ഉത്സവനുഭവം നൽകി, കാത്തിരിപ്പും മടങ്ങിവരവും ഹൃദ്യനുഭവങ്ങൾ സമ്മാനിച്ചു, പങ്കിടുന്ന ഭക്ഷണം ബന്ധങ്ങളുടെ ഊഷ്മളതയാൽ അമൃതഭോജനമായി കുടുംബം നൽകി ദൈവത്തിന് കൈകൾ കൂപ്പി പ്രാർത്ഥനയിൽ നന്ദി പറഞ്ഞശേഷം പരസ്പരം സ്തുതി നൽകുമ്പോഴുള്ള ആത്മീയാനുഭൂതി.... കാലംമാറി, രീതികൾക്ക് മാറ്റംവന്നു. അത് മനോഭവങ്ങളിൽ മാറ്റം സൃഷ്ടിച്ചു. അല്പം കൂടെ വേഗത്തിൽ കാര്യങ്ങൾ നടത്താൻ, അകലെയുള്ളവരെ അടുപ്പിക്കാൻ, പുരോഗതി ഉറപ്പാക്കാൻ, പെട്ടെന്നുള്ള സഹായം ഉറപ്പാക്കാൻ സാമൂഹിക മാധ്യമങ്ങൾ മൊബൈലും ഇന്റർനെറ്റും ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ ഉപകരിക്കുമെന്ന് സത്യസന്ധമായി നാം ചിന്തിച്ചു. വിചാരത്തിൽ തെറ്റില്ല എന്നും തോന്നി. അതെ. ആധുനിക ലോകത്തിൽ ഇരുട്ട് കടന്നുവരുന്നത് 'വെളിച്ചത്തിന്റെ രൂപത്തിലാണ്, തിന്മ നമ്മിൽ ഇടം പിടിക്കാൻ കാരണം അത് നന്മയുടെ രൂപത്തിൽ കടന്ന് വരുന്നതുകൊണ്ടാണ്. ചുരുക്കത്തിൽ, സാമൂഹിക മാധ്യമങ്ങൾ കൈക്കുള്ളിലായി, ശരീരത്തിലെ ഒരു കുഞ്ഞവയവം കണക്കെ...

ഇന്ന്, കുടുംബത്തിൽ കെടാവിളക്കായിരുന്ന നിത്യപ്രാർത്ഥന മുടങ്ങി, സ്തുതി ചൊല്ലൽ പടിയിറങ്ങി, ഓരോരുത്തനും അവരുടെ സ്വകാര്യതയിൽ ആയിരിക്കാൻ ഇഷ്ടപ്പെടുന്നു, തിരക്കും സൗകര്യവും പരിഗണിച്ച് ഓരോരുത്തരും അവർക്കിണങ്ങുന്ന സമയത്ത് ഒറ്റക്കൊറ്റക്ക് ആഹാരം കഴിക്കാൻ തുടങ്ങി. മടങ്ങിവരുന്നതും ഒരാളുടെ സ്വാതന്ത്ര്യത്തിന്റെ ഭാഗമായി, ഒരു കൂരക്കീഴിൽ വസിക്കുന്നവർ തമ്മിൽ ആവശ്യത്തിന് മാത്രം കാര്യകാര്യങ്ങൾ സംസാരിക്കുന്ന രീതിയിലായി, മക്കളോട് മാതാപിതാക്കൾക്കുപോലും നിയന്ത്രണമില്ലാതായി. ഇതിനെല്ലാം കാരണം മാധ്യമങ്ങളാണെന്ന് പറയുന്നില്ല, എന്നാൽ പ്രധാനകാരണം അത് തന്നെ. ഇന്ന് യുവജനങ്ങളെ അടിമയാക്കുന്നതും സാങ്കേതികവിദ്യയുടെയും മാധ്യമങ്ങളുടെയും ആധിപത്യം തന്നെയാണ്. ഫ്രാൻസിസ് പാപ്പയുടെ വാക്കുകളിൽ പറഞ്ഞാൽ കൃത്രിമ പറുദീസകളിലൂടെ വേഗത്തിലും എളുപ്പത്തിലും സന്തോഷം വാഗ്ദാനം ചെയ്യുന്ന വ്യാമോഹത്തിൽ അവരെത്തിച്ചേരുന്നത് ദുഃഖത്തിലും ഏകാന്തതയിലുമാണ്.

കൗമാരം അപകടത്തിലാകാൻ കാരണം ഇത് തന്നെയല്ലേ, യഥാർത്ഥ കളിയിൽ നിന്നും വീഡിയോ ഗെയിമിലേക്കും യഥാർത്ഥ സൗഹൃദങ്ങളിൽ നിന്നും സാങ്കേതിക സൗഹൃദത്തിലേക്കും (വിർച്വൽ ഫ്രണ്ട്ഷിപ്പ്) വിവരങ്ങളുടെ പുറകേപോയി വിവേകം നഷ്ടപ്പെട്ടവരായും, അപകടകരമായ ബ്ലൂവെയിൽ പോലുള്ള സൈറ്റുകൾ വഴി അപകടകരമായ സ്വഭാവ രീതികളിലേക്ക് എത്തിപ്പറ്റുന്നു. പിന്നെ ഏകാഗ്രത നഷ്ടപ്പെട്ട് നന്നായി പഠനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ പ്രേമത്തിലും നല്ലതല്ലാത്ത സാഹസികതകളിലും എത്തിപ്പെട്ട് ഭാവിയെ തകർക്കുന്നു.

ഇരുട്ടിൽ നിന്നും കൂരിരുട്ടിലേക്കുള്ള ഈ യാത്രയിൽ നിന്നും വിവേകപൂർവ്വം തിരിച്ചുവരേണ്ടതുണ്ട്. അതിനുള്ള ഒരു മറുമരുന്നാണ് വൈകുന്നേരം 7.30 മുതൽ 8.30 വരെയുള്ള മാധ്യമ മുക്ത കുടുംബ മണിക്കൂർ. ഒരു മണിക്കൂർ കുടുംബം ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കണം, ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കണം, ഒന്നിച്ചിരുന്ന് സംസാരിക്കണം. ഈ സമയത്ത് എല്ലാ പേരും സ്വകാര്യതകളിൽ നിന്നും പുറത്തുവരണം. എല്ലാ ദൃശ്യ സാമൂഹിക മാധ്യമങ്ങളും നിറുത്തിവയ്ക്കണം. പരസ്പരം കാണണം, പുഞ്ചിരിക്കണം, തൊടണം, സ്തുതി പറയണം, പ്രാർത്ഥിക്കണം, നർമ്മങ്ങൾ പങ്കിടണം..... എന്തൊരു ഹൃദയാനുഭവമായിരിക്കും.

സ്വർഗം പോലെ സുന്ദരമാണ് കുടുംബജീവിതം. ജീവിക്കേണ്ടപോലെ ജീവിച്ചാൽ. അതിന് വ്യത്യസ്ഥരാകാൻ ധൈര്യം കാണിക്കണം. ഇത് ഒരു ദിവസത്തിന്റെ കാര്യമല്ല. എല്ലാ ദിവസത്തിന്റേയും. ■




# കത്തോലിക്കാസഭയിൽ ചേരാൻ

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. സമീപത്തു താമസിക്കുന്ന ഒരു സി.എസ്.ഐ. സഭാംഗം കത്തോലിക്കാസഭയിൽ ചേരാനുള്ള ആഗ്രഹവുമായി എന്നെ സമീപിച്ചിരിക്കുന്നു. അദ്ദേഹത്തെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കാൻ ഞാൻ എന്താണ് ചെയ്യേണ്ടത്?

ഒരു ക്രിസ്ത്യാനി കത്തിലിക്കാ സഭാംഗമാണോ അല്ലയോ എന്ന് തിരിച്ചറിയാൻ സഹായിക്കുന്ന വ്യക്തത കാനോൻ നിയമത്തിൽ കാണാൻ കഴിയുന്നത് വിവാഹത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗത്താണ്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1086, 1117, 1124, പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 834 §1 പ്രകാരം ഒരു വ്യക്തി കത്തോലിക്കാ സഭാംഗമാകുന്നത് രണ്ടു തരത്തിലാണ്. ഒന്ന്, കത്തോലിക്കാ സഭയിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിലൂടെ; രണ്ട്, കത്തോലിക്കാസഭ അംഗീകരിക്കുന്ന ജ്ഞാനസ്നാനത്തിലൂടെ ക്രിസ്ത്യാനിയായ വ്യക്തി കത്തോലിക്കാ സഭയിൽ സ്വീകരിക്കപ്പെടുന്നതിലൂടെ. കത്തോലിക്കാ സഭയിൽ ചേരാൻ ആഗ്രഹിക്കുന്ന ക്രൈസ്തവ വിശ്വാസി, ക്രിസ്ത്യാനിയാണെന്ന് തെളിയിക്കുന്ന ജ്ഞാനസ്നാന സർട്ടിഫിക്കറ്റുമായി കഴിവതും, ഏറ്റവും അടുത്തുള്ള കത്തോലിക്കാ ദൈവാലയത്തിലെ ഇടവക വികാരിയെ കാണുകയും തന്റെ ആഗ്രഹം അറിയിക്കുകയും വേണം. സാധിക്കുമെങ്കിൽ കത്തോലിക്കാസഭയിലേക്ക് മാറുന്നതിന് തടസ്സമില്ലെന്ന് സൂചിപ്പിക്കുന്ന ഒരു കത്ത്, നിലവിലെ വികാരി/പാസ്റ്ററിൽനിന്നും കൊണ്ടുവരുന്നത് നല്ലതാണ്.



ജ്ഞാനസ്നാന സർട്ടിഫിക്കറ്റുമായി കത്തോലിക്കാസഭയിൽ ചേരാൻ ആഗ്രഹിക്കുന്ന വ്യക്തിയുടെ ആത്മാർത്ഥത മനസ്സിലാക്കുന്ന കത്തോലിക്കാ ദൈവാലയത്തിലെ ഇടവക വികാരി, കത്തോലിക്കാ വിശ്വാസത്തിന്റെ അടിസ്ഥാനവും പ്രത്യേകതകളും കൂദാശകളും ചര്യകളും സംബന്ധിച്ച് ഒരുക്കം നല്കിയശേഷം വിശ്വാസപ്രമാണം പ്രഘോഷിക്കുക. അതോടെ, പ്രസ്തുത അർത്ഥി കത്തോലിക്കാസഭാംഗമായും ഇതിനു മുൻകൈയെടുത്ത വികാരിയുടെ ഇടവകാംഗമായും മാറുന്നതാണ്.

ഇനി താങ്കളുടെ സംശയത്തിലേക്ക് വരുന്നു. കത്തോലിക്കാസഭയിൽ ചേരാൻ ആഗ്രഹിച്ച സി.എസ്.ഐ. അംഗത്തെ കത്തോലിക്കാ സഭയിലേക്ക് സ്വീകരിക്കാൻ എന്താണ് ചെയ്യേണ്ടത് എന്നതാണ് സംശയം. സി.എസ്.ഐ. അംഗമാണെന്ന് തെളിയിക്കാൻ ജ്ഞാനസ്നാന സർട്ടിഫിക്കറ്റ് ആവശ്യപ്പെടുക. അത് കിട്ടിക്കഴിഞ്ഞാൽ, മുകളിൽ സൂചിപ്പിച്ച രീതിയിൽ കത്തോലിക്കാവിശ്വാസത്തിൽ അയാളെ ഒരുക്കുക. അതിനുശേഷം, കഴിവതും രണ്ട് ഇടവകാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ, അയാളെക്കൊണ്ട് വിശ്വാസപ്രമാണം പ്രഘോഷിപ്പിക്കുക. വിശ്വാസപ്രമാണം പ്രഘോഷിക്കുന്നതോടെ അയാൾ കത്തോലിക്കാ സഭയിലും താങ്കളുടെ ഇടവകയിലും അംഗമാകുന്നതാണ്. ■

വർത്തമാനം

അഗസ്റ്റിൻ കണിപ്പിള്ളി

# ഓഖി ദുരന്തവും അരുംകൊലകളും



ഓഖി ദുരന്തവും അരുംകൊലകളും അസ്വസ്ഥമാക്കിയ കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരികാന്തരീക്ഷം മലിമസവും ഭീഭൽസവുമായിരിക്കുന്നു. അനാസ്ഥയും, രാഷ്ട്രീയാന്ധതയും അതിശത്വത്തിന്റെ അധികാരവാഴ്ചയും സൃഷ്ടിച്ച സമാനതകളില്ലാത്ത ഒരുതരം നിർവികാരതയാണ് ഇന്ന് കേരളത്തിന്റെ വർത്തമാനകാലം.

ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞ65 പേരുടെയും ഇനിയും മടങ്ങിയെത്താത്ത 235 പേരുടെയും ദുരന്തത്തിൽ ജീവിതം അനിശ്ചിതത്വത്തിലായ പതിനായിരത്തിലേറെ കുടുംബങ്ങളുടെയും ദുഃഖത്തിനും കണ്ണീരിനും പരിഹാരം കാണാൻ കഴിയാത്ത സംസ്ഥാന സർക്കാരിന്റെ സാമൂഹ്യാനാസ്ഥയും പ്രതിയോഗിയെ കൊന്നൊടുക്കി ആധിപത്യം സ്ഥാപിക്കുന്ന രാഷ്ട്രീയാന്ധതയും സദാചാരതിമിരം ബാധിച്ച മനുഷ്യമൃഗങ്ങൾ നടത്തിയ അരുംകൊലയും മഹത്തായ ജനാധിപത്യപാരമ്പര്യവും പ്രബുദ്ധതയും അവകാശപ്പെടുന്ന മലയാളനാടിന്റെ മുഖത്ത് കരിവാരിത്തേച്ചു.

ഓഖി ദുരന്തത്തിന്റെ പേരിൽ ദുരിതാശ്വാസത്തിനായി കോടികൾ സമാഹരിച്ച സംസ്ഥാന സർക്കാർ ദുരിതബാധിതരോട് കാണിക്കുന്ന ഭരണപരമായ അനാസ്ഥ ജീവിക്കാനുള്ള അവരുടെ അവകാശത്തിന്റെ നിഷേധമാണ്. ദുരിതബാധിതർക്ക് വീടില്ല, തൊഴിലില്ലാ, തൊഴിലുപകരണങ്ങളില്ല വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നില്ല. ദൈനംദിന ആവശ്യങ്ങൾക്കും ചികിത്സയ്ക്കും പണമില്ല. ഇതെല്ലാം തരാമെന്നും കൊടുക്കാമെന്നും വാഗ്ദാനം നൽകിയ സർക്കാരിന് എന്തേ ഒരു അലംഭാവം. പണമില്ലാത്തതുകൊണ്ടല്ലല്ലോ. ഓഖി ദുരിതാശ്വാസമായി കേന്ദ്ര സർക്കാർ നൽകിയ 133 കോടിയും മുഖ്യമന്ത്രിയുടെ ഓഖിദുരിതാശ്വാസനിധിയിലേക്ക് ഒഴുകിയെത്തിയ 100 കോടിയും എവിടെ. സംസ്ഥാന ഖജനാവിൽ മുതൽകൂട്ടാനുള്ളതല്ല ഈ തുക. അത് തീരദേശ ജനതയുടെ അവകാശമാണ്. സുനാമി ദുരിതാശ്വാസ നിധി വകമാറ്റിയതുപോലെ ഓഖി ദുരിതാശ്വാസഫണ്ടിന് ഗതിമാറ്റമുണ്ടായാൽ അതിന്റെ പേരിൽ സർക്കാരിന് കനത്ത വില നൽകേണ്ടിവരും. അതിന്റെ മുന്നറിയിപ്പാണ് മത്സ്യത്തൊഴിലാളികൾ ഇന്നു കാണിക്കുന്ന അർത്ഥഗർഭമായ മൗനം.

ഓഖിയിൽപ്പെട്ട് മരണമടഞ്ഞവരിൽ 49 പേരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം അഞ്ചുവർഷത്തെ ട്രഷറി നിക്ഷേപമായി നൽകി എന്നതൊഴിച്ചാൽ എന്തു ദുരിതാശ്വാസമാണ് സർക്കാരിൽ നിന്നുണ്ടായത്. കഴിഞ്ഞ മൂന്നുമാസമായി തീരദേശ ജനത ദുരിതത്തിലാണ്. തിരുവനന്തപുരം ലത്തീൻ അതിരൂപത നൽകിവരുന്ന സഹായങ്ങളാണ് ഒരുപരിധിവരെ ഈ ജനതയെ ഇന്ന് ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. കടൽപ്പണിക്കുപോയി കുടുംബം പുലർത്തിയിരുന്നവരുടെ വിയോഗവും പരിക്കുമൂലം തൊഴിൽ ചെയ്യാൻ കഴിയാതായവരുടെയും കുടുംബാംഗങ്ങളുടെ ജീവിതാവസ്ഥ സർക്കാരിന്റെ ഭരണപരമായ അനാസ്ഥയ്ക്കുമുന്നിൽ ചിതലരിക്കപ്പെടരുത്. അങ്ങനെ സംഭവിച്ചാൽ അട്ടപ്പാടിയിലെ മധുവെന്ന യുവാവിന്റെ അരുംകൊലയോർത്ത് വിലപിക്കുന്നതുപോലെ ഒരുനാൾ തീരദേശ ജനതയെ ഓർത്തും വിലപിക്കേണ്ടിവരും.

അസ്വാസ്ഥ്യമുള്ള മനസ്സിന്റെ ചാപല്യമാണ് വിശപ്പെന്ന വികാരത്തിനടിമപ്പെട്ട്

ആരുടെയും അനുമതിയില്ലാതെ ഭക്ഷ്യ വസ്തുക്കളെടുക്കാൻ അട്ടപ്പാടിയിലെ മധുവെന്ന യുവാവിനെ നാട്ടിലിറങ്ങാൻ പ്രേരിപ്പിച്ചത്. പക്ഷേ നാടിറങ്ങുന്ന വന്യമൃഗങ്ങൾക്കുകൊടുക്കുന്ന കാരുണ്യം പോലും കാട്ടിലെ ഗുഹയിൽ താമസിച്ച് വല്ലപ്പോഴും ആഹാരം തേടി നാട്ടിലിറങ്ങിയ മധുവിന് പരിഷ്കൃതലോകം കൊടുത്തില്ല. മധുവിനെ കാട്ടിലേക്കയച്ചില്ല, പകരം കാട്ടിൽ നിന്നും പിടിച്ചുകെട്ടി നാട്ടിൽ കൊണ്ടുവന്ന് മർദ്ദിച്ചുകൊന്നു. മർദ്ദിച്ചവർ മാത്രമാണോ ഈ കൊലപാതകത്തിനുത്തരവാദികൾ കാട്ടിൽ കയറി മധുവിനെ പിടിക്കാൻ കൂട്ടുനിന്ന വനപാലകർ, മർദ്ദിച്ചവർ ആരെന്നുപോലും അന്വേഷിക്കാതെ കൊലയാളികളിൽ നിന്നും യുവാവിനെ ഏറ്റെടുത്ത പോലീസ് ഉദ്യോഗസ്ഥർ, ഈ സംഭവങ്ങളെല്ലാം മൊബൈലിൽ പകർത്തി സെൽഫി എടുത്താസ്വദിച്ച നവമാധ്യമമാന്യന്മാർ, എല്ലാറ്റിനുമുപരി കാടിന്റെ മക്കളുടെ വിശപ്പകറ്റാൻ ഉത്തരവാദിത്വപ്പെട്ട സർക്കാരുകൾ. ഇവരൊക്കെയല്ലേ പ്രതികൾ.

ഒരു കൈക്കുമ്പിളിൽ കരുതാവുന്ന ഭക്ഷ്യവസ്തുക്കൾ കവർന്നെടുത്തുവെന്ന പേരിൽ മധുവിനെ ബന്ധിച്ചു മർദ്ദിച്ചുകൊന്ന കൊലയാളി കൂട്ടങ്ങളെന്തെ, ആദിവാസിക്ഷേമത്തിന് അനുവദിക്കുന്ന കോടിക്കണക്കിന് രൂപയും ആദിവാസി ഭൂമിയും തട്ടിയെടുക്കുന്ന നാട്ടുമാന്യന്മാരെ പിടിച്ചുകെട്ടിതല്ലിക്കൊന്നില്ല. അല്ലെങ്കിൽ മൊബൈലിൽ പകർത്തി നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നില്ല. അഴിമതിയും വഞ്ചനയും കൊള്ളയും കബളിപ്പിക്കലും ഇന്ന് ആഢ്യത്തമുള്ള പ്രവർത്തിയാണ്. അതുകൊണ്ടാണല്ലോ ഒരുലക്ഷം കോടിയിൽപ്പരം രൂപ ബാങ്കുകളിൽ നിന്ന് കടമെടുത്ത കോടീശ്വരന്മാരായ ഭാരത പൗരന്മാർ വിദേശത്ത് രാഷ്ട്രീയാഭയം തേടി സന്തോഷമായി ജീവിച്ചുല്ലസിക്കുന്നത്. ഇവരെ പിടിക്കാനല്ലാ സംരക്ഷണം കൊടുക്കാനാണ് നമ്മുടെ ഭരണകൂടവും നിയമവും പഴുതുതേടുന്നത്. ചുരുക്കത്തിൽ വലിയവന്റെ പാപത്തിനും (അഴിമതി, തട്ടിപ്പ്, വഞ്ചന) ചെറിയവന്റെ മരണത്തിനും ഒട്ടേറെ പഴുതുകളും ന്യായങ്ങളുമുണ്ട്. പക്ഷേ, ഇതാരും അറിയുന്നില്ല. അറിയാൻ ശ്രമിക്കാറില്ല. അറിഞ്ഞാൽ തന്നെ പരിഹാരം സങ്കീർണ്ണമാകയാൽ




അതാരും പറയാറുമില്ല.

അട്ടപ്പാടിയിൽ മധുവിനെ കൊലചെയ്ത് ആനന്ദിക്കുന്നതിന് മുൻപ് കണ്ണൂർ മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ് നേതാവ് ഷുഹൈബിനെ കൊലചെയ്ത് കേരളം രാഷ്ട്രീയ പ്രബുദ്ധത പ്രകടമാക്കിയിരുന്നു. രാഷ്ട്രീയ വൈരം കേരളത്തിൽ കൊലക്കളങ്ങൾ തീർക്കാൻ തുടങ്ങിയത് ഇന്നലെയോ ഇന്നോ അല്ല. അതിന് പതിറ്റാണ്ടുകൾ പഴക്കമുണ്ട്. ഷുഹൈബിന്റേത് അതിൽ അവസാനത്തേതെന്നു മാത്രം. ഈ ചരിത്രം തിരുത്തപ്പെടാനുള്ള ബലിമൃഗം ആരെന്നും ഏതു പാർട്ടിക്കാരനെന്നും ഒരുപക്ഷേ നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ടാകും. അതു സംഭവിക്കാതിരിക്കട്ടെ എന്നാണ് പ്രാർത്ഥന. അന്ധമായ രാഷ്ട്രീയ വൈരത്തിൽ ജനാധിപത്യം വിസ്മരിക്കപ്പെടുമ്പോഴാണ് രാഷ്ട്രീയാധിക്രമങ്ങൾ അരങ്ങേറുന്നത്. ജനാധിപത്യപരമായി ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഏതൊരു രാഷ്ട്രീയ പാർട്ടിക്കും ഭാരതത്തിലെവിടെയും പ്രവർത്തിക്കാനും, തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കാനും അവകാശമുണ്ട്. അതിനെ പ്രതിരോധിക്കാനുള്ള ശ്രമം ജനാധിപത്യവിരുദ്ധമാകുമ്പോഴാണ് അത് ഹിംസയ്ക്ക് വഴിമാറുന്നത്. ഇത്തരം ഹിംസകൾ സാധാരണ പ്രവർത്തകരിൽ മാത്രം ഒതുങ്ങുന്നു എന്നതാണ് വിരോധാഭാസം. നേതാക്കൾക്ക് കൂറുമാറാം, പാർട്ടി വിടാം, പരസ്യമായി മറ്റ് രാഷ്ട്രീയക്കാരെ അധിക്ഷേപിക്കാം. പക്ഷേ ഇവർക്കൊക്കെ സംരക്ഷണം കൊടുത്ത് പാർട്ടിയിൽ അടിയാളന്മാരായി വർത്തിക്കേണ്ട സാധാരണക്കാരാണ് പാർട്ടിക്കുവേണ്ടി ബലിമൃഗമാകേണ്ടിവരുന്നത്. കേരളത്തിൽ 2000 മുതൽ 2018 കാലയളവിൽ ഏതാണ്ട് 173 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ മാത്രം ഏതാണ്ട് 74 കൊലപാതകങ്ങളും. ഈ കണക്കിലൊന്നും രാഷ്ട്രീയ രംഗത്തെ ഒരൊറ്റ പ്രമുഖ നേതാവോ, നേതാവിന്റെ കുടുംബാംഗങ്ങളോ ഇല്ല. അങ്ങനെ സംഭവിച്ചാൽ അത് നേതാവിനും പാർട്ടിക്കും നോവും. മറിച്ചാണെങ്കിൽ പാർട്ടികളുടെ അഭിമാനമായ രക്തസാക്ഷി പട്ടികയിൽ ഒരു എണ്ണം കൂടി കൂടും. ഈ ചിന്തക്ക് എന്ന് അറുതിവരുന്നുവോ അന്നേ ഈ നാടു നന്നാവൂ.

അധികാരവും, ആധിപത്യവും, സമ്പാദ്യവും സങ്കുചിത താല്പര്യങ്ങൾക്ക് വഴിമാറുമ്പോഴാണ് നാട്ടിൽ അഴിമതി, അക്രമം, വഞ്ചന, കൊലപാതകം, പീഡനം, അവഗണന എന്നിവ ശക്തിപ്പെടുന്നത്. ഇവയെ ചെറുക്കേണ്ടവരും, ഉന്മൂലനം ചെയ്യേണ്ടിവരും ഇത്തരം തിന്മകൾക്ക് അടിമകളായാൽ നാട്ടിലെങ്ങനെ സമാധാനവും സമൃദ്ധിയും ഉണ്ടാകും. ഇനിയെങ്കിലും മതിയാക്കൂ ഈ അരുംകൊലകൾ. ദരിദ്ര ജനവിഭാഗങ്ങളോടുള്ള അവഗണന അവസാനിപ്പിക്കൂ. ഓഖിയും അട്ടപ്പാടിയിലെ മധുവിന്റെ അരുംകൊലയും, കണ്ണൂരിലെ സുഹൈബിന്റെ ധാരുണാന്ത്യവും നൽകുന്നത് നടുക്കുന്ന ജീവിതാനുഭവങ്ങളും ജീവിത സാഹചര്യങ്ങളുമാണ്. മനഃസാക്ഷി മരവിപ്പിക്കുന്ന ഇത്തരം പ്രവർത്തികൾ അരങ്ങേറുമ്പോൾ നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനേയും, നിന്റെ ശത്രുവിനേയും സ്നേഹിക്കാൻ പഠിപ്പിച്ച ക്രിസ്തുവിന്റെ വാക്കുകൾക്ക് ഇന്ന് ഇവിടെ പ്രസക്തിയേറുകയാണ്. ■

# വാർത്തകൾ

## ഓഖി ദുരിതബാധിതരെ ആദരിച്ചു

തിരു: റ്റിഎസ്എസ്എസ് വിഴിഞ്ഞം യൂണിറ്റിന്റെയും ഉർസുലയിൽ സോഷ്യൽ ആക്ഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഓഖി ദുരന്തത്തിൽപ്പെട്ട് കടലിൽ നിന്ന് മടങ്ങിയെത്തിയവരെ ആദരിച്ചു. ഓഖി ദുരന്തബാധിതരെ മാനസികവും ശാരീരികവുമായി ശക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ വചനശുശ്രൂഷ, സുരക്ഷാബോധവൽക്കരണം ലൈഫ് ജാക്കറ്റ് വിതരണം തുടങ്ങിയ പരിപാടികളോടെ നടക്കുന്ന ആദരിക്കൽ ചടങ്ങ് വികാരി ജനറൽ മോൺ യൂജിന്റെ എച്ച് പെരേരെ ഉദ്ഘാടനം ചെയ്തു. ഇടവക വികാരി ഫാ. വിൽഫ്രഡ് അധ്യക്ഷത വഹിച്ചു. ഉർസുലൈൻ സോഷ്യൽ ആക്ഷന്റെ ധനസഹായത്തോടെ നൽകിയ 200 ലൈഫ് ജാക്കറ്റുകളുടെ വിതരണം വികാരി ജനറൽ നിർവ്വഹിച്ചു. റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻരാജ്, സിസ്റ്റർ വിനയ പുരയിടത്തിൽ ഇടവക സെക്രട്ടറി ജോണി, റീജിയണൽ ആനിമേറ്റർ തങ്കം ടൈറ്റസ്, റ്റിഎസ്എസ്എസ് യൂണിറ്റ് സെക്രട്ടറി സിറിൾ, ഫാ. വിശാൽ, സിസ്റ്റർ ജോത്സിന തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. ജോണി ഐവിഡി പ്രാർത്ഥന ശുശ്രൂഷയും, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീകണ്ഠൻ ലൈഫ് ജാക്കറ്റ് ഉപയോഗത്തെക്കുറിച്ച് ക്ലാസും നടത്തി.

## ഏകസ്തരുടെ കൂടിവരവ്

തിരുവനന്തപുരം: ഏകസ്ഥരുടെ സംഗമം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടന്നു. ഏകസ്ഥരുടെ ആത്മീയത എന്ന വിഷയത്തിൽ മേരിക്കുട്ടി സൈമൻ ക്ലാസ് നയിച്ചു. ബിഷപ്പ് ആർ ക്രിസ്തുദാസ്, ഫാ. എ.ആർ ജോൺ, ഫാ. ജൂലിയസ് സാവിയോ എന്നിവർ പ്രസംഗിച്ചു.

# അതിരൂപത ഓഖി ദുരിതാ

തിരുവനന്തപുരം: ഓഖി ദുരന്തത്തിനിരയായവർക്കു ധനസഹായം, തുടർചികിത്സ, ഇൻഷുറൻസ്, ദുരന്തബാധിത നിർധന കുടുംബങ്ങളിലെ യുവതികൾക്ക് വിവാഹ ധനസഹായം, വിദ്യാഭ്യാസ സഹായം, കുടുംബദത്തെടുക്കൽ തുടങ്ങിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ട് തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ ഓഖി ദുരിതാശ്വാസ പാക്കേജ് ഒന്നാംഘട്ടത്തിന് തുടക്കം കുറിച്ചു.

ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും കുടുംബങ്ങൾക്ക് 30,000 രൂപയും, പരിക്കേറ്റവർക്ക് 10,000 രൂപയുമാണ് അതിരൂപതയുടെ ഓഖി ദുരിതാശ്വാസ ഫണ്ടിൽ നിന്ന് വിതരണം ചെയ്യുന്നത്. മരണമടഞ്ഞവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും ബാങ്ക് അക്കൗണ്ട് വഴിയാണ് തുക കൈമാറുന്നത്. ബാങ്ക് അക്കൗണ്ട് ഉള്ള മുഴുവൻ പേർക്കും ഇതിനോടകം തുക കൈമാറിക്കഴിഞ്ഞു. ഇതുവരെ ഒരുകോടി 16 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ദുരന്തത്തിനിരയായി ചികിത്സതേടിയ 120 പേർക്ക് ജൂബിലി ആശുപത്രിയിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കിയതിന് പുറമെ ദുരന്ത




*അതിരൂപതാ തല ഓഖി ദുരിതാശ്വാസ പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു.*

# ഓഖിയിൽ തകർന്ന വീടുകൾ സർക്കാർ പുനർനിർ

തിരുവനന്തപുരം: ഓഖി ചുഴലിക്കാറ്റിൽ തകർന്ന വീടുകൾ സർക്കാർ പുനർനിർമ്മിച്ചുനൽകുമെന്ന് മുഖ്യമന്ത്രി പണറായി വിജയൻ. തിരുവനന്തപുരം അതിരൂപതയുടെ ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഓഖി ദുരന്തം സംബന്ധിച്ച് ഒട്ടേറെ തെറ്റിദ്ധാരണകൾ ഉണ്ടായെന്നും ഇത് പിന്നീട് പരിഹരിക്കാനായെന്നും രക്ഷാപ്രവർത്തനത്തിന്റെ കാര്യത്തിൽ മനുഷ്യസാധ്യമായതെല്ലാം സർക്കാർ ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മുഴുവൻ തുകയും മത്സ്യത്തൊഴിലാളിക്ക് അവകാശപ്പെട്ടതാണെന്നും ഇതിൽ നിന്നും പങ്കുപറ്റുന്നത് ശരിയല്ലെന്നും അത് തിരുത്താൻ ബന്ധപ്പെട്ടവർ തയ്യാറാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഓഖി ദുരന്തത്തെ തുടർന്ന് അനുഭാവപൂർവ്വമായ സമീപനം സർക്കാർ

# ശ്വാസ പാക്കേജ് പ്രവർത്തിപഥത്തിൽ

ത്തിൽ മരണമടഞ്ഞവരും കാണാതായവരുമായ 290 പേരുടെ കുടുംബങ്ങൾക്ക് തുടർ ചികിത്സയ്ക്കുള്ള ഇൻഷുറൻസ് കാർഡുകളും രേഖകളും കൈമാറിക്കഴിഞ്ഞു. കൂടാതെ ദുരന്തത്തിൽപ്പെട്ട് മടങ്ങിവന്ന 300 ഓളം പേരുടെ കുടുംബങ്ങൾക്ക് രണ്ടുവർഷത്തേക്ക് സൗജന്യ ചികിത്സ ഉറപ്പാക്കിക്കൊണ്ടുള്ള രേഖകളും വിതരണം ചെയ്തു. നിർധന യുവതികളുടെ വിവാഹത്തിന് സാന്ത്വനം മംഗല്യം പദ്ധതിയിൽ ഉൾപ്പെടുത്തി 10 യുവതികൾക്ക് മൂന്നുലക്ഷം രൂപ വീതവും വിതരണം ചെയ്തു. നേരത്തെ 26 യുവതികൾക്ക് നൽകിയ 'സാന്ത്വനം' മംഗല്യ ധനസഹായത്തിന് പുറമെയാണിത്. 100 നിർധന യുവതികൾക്ക് ഈ പദ്ധതിയിൽ ധനസഹായം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മത്സ്യബന്ധനയാനങ്ങൾ നഷ്ടപ്പെട്ട കുടുംബങ്ങൾക്കും ദുരിതാശ്വാസമായി ബോട്ടൊന്നിന് 30000 രൂപയും, തങ്ങൽ വള്ളങ്ങൾക്ക് 20,000 രൂപയും, ഫ്ളൈവുഡ്സ് വള്ളങ്ങൾക്ക് 15000 രൂപയും കട്ടമരങ്ങൾക്ക് 10,000 രൂപ വീതവും നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. അതോടൊപ്പം അതിരൂപതയുടെ ഭവനം ഒരു സമ്മാനം പദ്ധതിയിൽപ്പെടുത്തി പണി പൂർത്തിയാക്കിയ 50 വീടുകളുടെ താക്കോൽ ദാനവും നടന്നു. 39 വീടുകൾ മുൻപ് കൈമാറിയതിന് പുറമെയാണിത്. അതിരൂപതയുടെ ഓഖി ദുരിതാശ്വാസനിധിയിലേക്ക് ഇതുവരെ 6 കോടി 45 ലക്ഷത്തിൽപ്പരം രൂപയാണ് സംഭാവനയായി കിട്ടിയത്. ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ പാരീഷ് ഹാളിൽ സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സുസപാക്യം അധ്യക്ഷനായിരുന്നു.




*ഓഖി ദുരിതാശ്വാസ പ്രവർത്തനോദ്ഘാടന ചടങ്ങിൽ വച്ച് ഭവനം ഒരു സമ്മാനം പദ്ധതിയിൽ പണിപൂർത്തിയായ 50 വീടുകളുടെ താക്കോൽ ദാനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

## മ്മിക്കും: മുഖ്യമന്ത്രി; ദുരന്തനിവാരണം സർക്കാർ കടമയെന്ന് ആർച്ച്ബിഷപ്പ്

ഭാഗത്തുനിന്നുണ്ടായെങ്കിലും പ്രഖ്യാപിച്ച പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണമെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചുസംസാരിച്ച ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ദുരന്ത നിവാരണം സർക്കാരിന്റെ കടമയാണ്. സംസ്ഥാന ബജറ്റിൽ തീരദേശ മേഖലയ്ക്കായി പ്രഖ്യാപിച്ച 2000 കോടി രൂപ ഈ മേഖലയിൽ വിനിയോഗിക്കുന്ന കാര്യത്തിൽ ആശങ്കയുണ്ടെന്നും പാളിച്ചകളെ കുറിച്ച് മിണ്ടാതിരുന്നാൽ അവശരായവർക്ക് നീതി ലഭിക്കാതെ വരുമെന്നും മനപ്പൂർവ്വമല്ലാത്ത പാളിച്ചകൾ അവഗണിച്ച് അവശരായവർക്കുവേണ്ടി പ്രവർത്തിക്കാൻ തയ്യാറാകണമെന്നും ആർച്ച്ബിഷപ്പ് ആവശ്യപ്പെട്ടു.

ഓഖി ദുരന്തത്തിൽപ്പെട്ടവർക്കുള്ള സാമ്പത്തിക സഹായം മന്ത്രി മേഴ്സിക്കുട്ടിയമ്മയും സാന്ത്വനം മംഗല്യം പദ്ധതിയിൽ ഉൾപ്പെടുത്തി നിർധന യുവതികൾക്ക് നൽകിയ വിവാഹധനസഹായ വിതരണം കെ.മുരളീധരൻ എംഎൽഎയും നിർവഹിച്ചു. എം.വിൻസെന്റ് എംഎൽഎ, ബിഷപ്പ് ഡോ. ക്രിസ്തുദാസ്.ആർ, അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര, സേവ് എ ഫാമിലി പ്ലാൻ ട്രസ്റ്റ് എക്സി. ഡയറക്ടർ, ഫാ. മാർഷൽ മേലാപ്പിള്ളി, ഹോളിക്രോസ് പ്രൊവിഷൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഐലിൻ വെട്ടിക്കുഴക്കുന്നേൽ, ടിഎസ്എസ്എസ് ഡയറക്ടർ ഫാ. ലെനിൻ രാജ് തുടങ്ങിയവർ പ്രസംഗിച്ചു.

# വാർത്തകൾ

## ഓഖി ദുരിതാശ്വാസ നിധിയിലേക്ക് കെഎൽസിഎ സമാഹരിച്ച തുക കൈമാറി

തിരുവനന്തപുരം: തിരുവനന്തപുരം ലത്തീൻ അതിരൂപതാ ഓഖി ദുരിതാശ്വാസനിധിയിലേക്ക് കെഎൽസിഎ സംസ്ഥാന സമിതി സമാഹരിച്ച തുക അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസിന് കൈമാറി. വെള്ളയമ്പലം ബിഷപ്പ്സ് ഹൗസിൽ നടന്ന ചടങ്ങിൽ കെ.എൽ.സി.എ സംസ്ഥാന സെക്രട്ടറി ജോസഫ് ജോൺസൺ, ട്രഷറർ ജോസഫ് പെരേര, അതിരൂപതാ പ്രസിഡന്റ് ആന്റണി ആൽബർട്ട്, ജോസ് മെസ്മിൻ, അഡ്വ. എം.എ. ഫ്രാൻസിസ് എന്നിവർ സംസാരിച്ചു.

## വേളാങ്കണ്ണി ട്രെയിൻ സർവ്വീസ് പുനഃരാരംഭിച്ചു

തിരുവനന്തപുരം: വേളാങ്കണ്ണി സമ്മർ സ്പെഷ്യൽ ട്രെയിൻ സർവ്വീസ് പുനഃരാരംഭിച്ചു 2018 മാർച്ച് 4 മുതൽ ജൂൺ 27 വരെ തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ നിന്ന് ആഴ്ചയിൽ ഒരു സർവ്വീസാണ് ഉണ്ടാക്കുക. ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3.25 ന് തിരുവനന്തപുരത്തെ നിന്നാരംഭിക്കുന്ന ട്രെയിൻ സർവ്വീസ് വെളുപ്പിന് 2.32 ന് നാഗപ്പട്ടണത്തെത്തും. അവിടുന്ന് വ്യാഴാഴ്ച രാത്രി 11.15 ന് തീരിച്ച് തിരുവനന്തപുരത്ത് വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.15 ന് എത്തിച്ചേരും. ശംഖുമുഖം റസിഡന്റ് അസോസിയേഷൻ സെക്രട്ടറി എ.ജോസഫ് പെരേര നൽകിയ നിവേദനത്തിനുള്ള മറുപടിയിലാണ് പ്രധാനമന്ത്രിയുടെ ഓഫീസ് ട്രെയിൻ സർവ്വീസ് ആരംഭിക്കുന്ന വിവരം അറിയിച്ചത്.



*കെ.എൽ.സി.എ സംസ്ഥാന സമിതി ഓഖി ദുരിതാശ്വാസ നിധിയിലേക്ക് സമാഹരിച്ച തുക അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസിന് കൈമാറുന്നു.*

## സ്നേഹസ്പർശമായി ഓഖി ബാധിതരിലേക്ക് വിഴിഞ്ഞം ടിഎസ്എസ്എസ്

വിഴിഞ്ഞം: വിഴിഞ്ഞം ടിഎസ്എസ്എസിന്റെയും ഊർസുലയിൽ സോഷ്യൽ ആക്ഷന്റെയും സംയുക്താഭിമുഖ്യത്തിൽ ഓഖി ദുരന്തബാധിതർക്കായി സൗജന്യമെഡിക്കൽ ക്യാമ്പും കൗൺസിലിംഗ് സർവ്വീസും വിഴിഞ്ഞ ഉർസുലയിൽ സ്നേഹ കൗൺസിലിംഗ് സെന്ററിൽ വച്ച് നടത്തി. കോഴിക്കോട് നിർമ്മല ഹോസ്പിറ്റലിന്റെയും തിരുവനന്തപുരം ചൈതന്യ ആശുപത്രിയുടെയും സഹകരണത്തോടെ സംഘടിപ്പിച്ച ക്യാമ്പ്. വിഴിഞ്ഞം ടിഎസ്എസ്എസ് ഡയറക്ടർ ഫാ. വിശാൽ ഉദ്ഘാടനം ചെയ്തു. ആനിമേറ്റർ സി. ജ്യോത്സന അധ്യക്ഷത വഹിച്ചു. ടിഎസ്എസ്എസ് സെക്രട്ടറി സിറിൾ, റീജിയണൽ ആനിമേറ്റർ തങ്കം ടൈറ്റസ്, നിർമ്മലാ ഹോസ്പിറ്റൽ ഡയറക്ടർ ഡോ. ഫെർണാണ്ടസ്, അഡ്മിനിസ്ട്രേറ്റർ സി. മോളി എന്നിവർ പ്രസംഗിച്ചു. ക്യാമ്പിൽ 213 പേർ പങ്കെടുത്തു. ക്യാമ്പിന് ഉർസുലയിൽ സിസ്റ്റേഴ്സ് ഹോളിഡേ ക്രോസ് സിസ്റ്റേഴ്സ്, ആദാനി ഫൗണ്ടേഷൻ ടീം രൂപത ഹെൽത്ത് കോഡിനേറ്റർ സി. അഡോൾഫ എന്നിവർ നേതൃത്വം നൽകി.

## ചിത്ര രചനാ മത്സരം: ജെനിഫർ ജോയിക്ക് ഒന്നാം സമ്മാനം

തിരുവനന്തപുരം: ലത്തീൻ അതിരൂപതാ മിഡിയാ കമ്മിഷൻ സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിൽ ജനിഫർ ജോയി ഒന്നാം സ്ഥാനവും പ്രകാശ് ആർ. പി. രണ്ടാം സ്ഥാനവും, ജോളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പെൻസിൽ ഡ്രോയിംഗ് വിഭാഗത്തിൽ സ്റ്റീഫൻ ജോൺ, ക്രിസ്തുദാസൻ, സ്റ്റെഫി ജോസ് എന്നിവരും വിജയികളായി. പെൻസിൽ ഡ്രോയിംഗ് ഹൈസ്കൂൾ പ്ലസ്-ടു വിഭാഗത്തിൽ റൂബക് നിഷാം വി, യു.പി, എൽ.പി. വിഭാഗത്തിൽ നെവിൻ ജോർജ്, ആബേൽ റൂബിൻസൺ എന്നിവരും പെയിന്റിംഗ് വിഭാഗത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഷാലിനി സാജൻ എന്നിവരും സമ്മാനത്തിനർഹരായി. മിസിസ് റൊസാരിയോ, ജെ.ബി. ജസ്റ്റിൻ, ആനന്ദ് പി.ജോയി, ലിയോൺ, റോഷി സ്റ്റീഫൻ, സെബാസ്റ്റിൻ, ജെറിൻ എന്നിവർ പ്രത്യേക സമ്മാനങ്ങൾക്കും, സോനു.ആർ, ജിബി.എൻ, സാനിയാ സെബാസ്റ്റ്യൻ, മോനിക്ക എയ്ഞ്ചൽ, അന്ന ജോയി, അഖിൽ സി.ജെ, ആരോൺ ബ്രൂൺ എന്നിവർ പ്രോത്സാഹന സമ്മാനങ്ങൾക്കും അർഹരായി.

സമ്മാനങ്ങൾ മാർച്ച് മൂന്ന്, നാല് തീയതികളിൽ മ്യൂസിയം ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിക്കുന്ന ചിത്രപ്രദർശനത്തോടൊപ്പം വിതരണം ചെയ്യും. മൂന്നിന് വൈകിട്ട് 4.30 ന് മ്യൂസിയം ഹാളിൽ നടക്കുന്ന ചടങ്ങിൽ അതിരൂപതാ മെത്രാപ്പൊലീത്ത ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ചിത്രകാരന്മാരെ സമ്മാനങ്ങൾ നൽകി ആദരിക്കും.

# ക്രിസ്തു കേന്ദ്രീകൃതമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ സഭ വളരുകയുള്ളു: ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം



*കഴക്കൂട്ടം ഫെറോനയുടെ ഉദ്ഘാടനം മംഗലപുരം സെന്റ് വിൻസെന്റ് സെമിനാരിയിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിക്കുന്നു*

**തിരുവനന്തപുരം:** ക്രിസ്തുകേന്ദ്രീകൃതമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ സഭ വളരുകയുള്ളൂവെന്ന് ആർച്ച് ബിഷപ്പ് ഡോ. എം.സൂസപാക്യം. തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ പുതുതായി രൂപീകരിച്ച കഴക്കൂട്ടം ഫെറോനയുടെ ഔപചാരികമായ ഉദ്ഘാടനം മംഗലപുരം സെന്റ് വിൻസെന്റ് സെമിനാരിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ക്രിസ്തുകേന്ദ്രീകൃതമല്ലാത്ത പല സഭാ സംവിധാനങ്ങളും സഭയുടെ വളർച്ചക്ക് തടസം നിൽക്കുന്നു. ക്രിസ്തുദർശനങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടും ആത്മവിശ്വാസവും സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുള്ള ത്യാഗമനോഭാവവും സഭാ വളർച്ചയെ ത്വരിതപ്പെടുത്തുമെന്ന് അദ്ദേഹം പറഞ്ഞു. തദവസരത്തിൽ സാന്ത്വന സ്പർശം ധനസഹായ വിതരണം ആർച്ച് ബിഷപ്പ് നിർവഹിച്ചു. ചടങ്ങിൽ മുൻ ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. കഴക്കൂട്ടം ഫെറോനാ സ്ഥാപിതമായതിനെക്കുറിച്ചുള്ള അതിരൂപതാധ്യക്ഷന്റെ പ്രഖ്യാപനം ഫാ. ഡി. തോമസ് വായിച്ചു. ഫെറോനയുടെ മിഷൻ പ്രോജക്ട് മോൺ. ജോർജ്ജ് പോളിന് നൽകി അതിരൂപതാ സഹായമെത്രാൻ ഡോ. ആർ.ക്രിസ്തുദാസ് നിർവഹിച്ചു. മോൺ. ജോർജ്ജ് പോൾ, ഡോ. എസ്. കെവിൻ, സിസ്റ്റർ എസ്റ്റെല്ല, ഡോ. ആന്റണി റൂഡോൾഫ് എന്നിവർ പ്രസംഗിച്ചു

# ദൈവ സന്ദേശങ്ങൾ പകർന്നു നല്കേണ്ടവയാണ്: ആർച്ച്ബിഷപ് സൂസപാക്യം

വെള്ളയമ്പലം : ദൈവം നല്കുന്ന സന്ദേശങ്ങൾ ഒളിച്ചു വയ്ക്കാനുള്ളതല്ല, പകർന്നു നല്കേണ്ടവയാണ് എന്ന് തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ് ഡോ. എം. സൂസപാക്യം അജപാലനശുശ്രൂഷ ബൈബിൾ കമ്മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 2018 ബാച്ചിലേക്കുള്ള സദ്ബോധന ബൈബിൾ സ്കൂൾ ഉത്ഘാടനവും 2017 ബാച്ചിലെ സർട്ടിഫിക്കറ്റ് വിതരണവും നടത്തിക്കൊണ്ട് വ്യക്തമാക്കി. അടിസ്ഥാനപരമായി ദൈവവചനം പഠിക്കുന്ന വ്യക്തികൾക്ക് അനുഭവജ്ഞാനത്തിലൂടെ ദൈവവചന പ്രഘോഷകരും പ്രേഷിത പ്രവർത്തനങ്ങളെല്ലാം ദൈവരാജ്യത്തെ ലക്ഷ്യം വച്ചുള്ളതായിരിക്കണമെന്നും വചനം ക്രിസ്തു കേന്ദ്രീകൃതമായിരിക്കണമെന്നും, ദൈവവചനം ശ്രവിക്കുവാനും, അനുഭവിക്കുവാനും, പങ്കുവയ്ക്കുവാനും ഓരോരുത്തരും ബാധ്യസ്ഥരാകണമെന്നും ആർച്ച് ബിഷപ് ഓർമ്മിപ്പിച്ചു.

പ്രസ്തുത ചടങ്ങിൽ അജപാലനശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. മുത്തപ്പൻ അപ്പോലി സ്വാഗതം ആശംസിക്കുകയും അജപാലനശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് അധ്യക്ഷ സ്ഥാനം അലങ്കരിക്കുകയും സദ്ബോധന ബൈബിൾ ക്ലാസിന്റെ പ്രതിനിധിയായ ശ്രീമതി സോണിയ എ. ജോൺ ആശംസ അർപ്പിക്കുകയും, അതിരൂപതാ ബൈബിൾ കമ്മിഷൻ സെക്രട്ടറി ശ്രീ. സിൽവദാസ് നന്ദിയർപ്പിക്കുകയും ചെയ്തു.

## ദ്വിദിന മനശാസ്ത്ര സെമിനാർ മാർച്ച് 9 ന് ആരംഭിക്കും

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപതാ കുടുംബ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ ക്രിസ്തുവിന്റെ മനശാസ്ത്രം എന്ന വിഷയത്തിൽ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ദ്വിദിന സെമിനാർ സംഘടിപ്പിക്കുന്നു. വൈദികർ, സന്യസ്തർ, സാമൂഹിക പ്രവർത്തകർ, അധ്യാപകർ, മനഃശാസ്ത്രജ്ഞർ, മനഃശാസ്ത്ര വിദ്യാർത്ഥികൾ എന്നിവർക്കായി സംഘടിപ്പിക്കുന്ന സെമിനാർ മാർച്ച് ഒൻപത് രാവിലെ 9 ന് ആരംഭിച്ച് 10 ന് വൈകിട്ട് 5 ന് സമാപിക്കും. അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം മുൻ ഡിജിപി അലക്സാണ്ടർ ജേക്കബ് കുടുംബശുശ്രൂഷാ ഡയറക്ടർ ഫാ. എ.ആർ. ജോൺ എന്നിവർ സെമിനാറിൽ ക്ലാസുകൾ നയിക്കും. സെമിനാറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 500 രൂപ മുൻകൂർ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടതൽ വിവരങ്ങൾക്ക് ഫാമിലി മിനിസ്ട്രി ലാറ്റിൻ ആർച്ച് ഡയോസിസ് തിരുവനന്തപുരം വെള്ളയമ്പലം എന്ന വിലാസത്തിലോ 8156977040, 9387296213 എന്ന ഫോൺ നമ്പറുകളിലോ ബന്ധപ്പെടേണ്ടതാണ്.

## കേശദാനം നടത്തി

ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ആരോഗ്യകാര്യ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ക്യാൻസർരോഗികളുടെ സുരക്ഷയ്ക്കുവേണ്ടി കേശദാനദിനമായി ആചരിച്ചു.

ലത്തീൻ അതിരൂപതാ അദ്ധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ കെ. മുരളീധരൻ എം.എൽ.എ കേശദാനപരിപാടി ഉദ്ഘാടനം ചെയ്തു.

# വാർത്തകൾ

## യുവജന വർഷാചരണം ഇടവക തലത്തിൽ മാർച്ച് 4 ന്

തിരുവനന്തപുരം: യുവജന വർഷാചരണത്തിന്റെ ഇടവകതലപ്രവർത്തന ഉദ്ഘാടനം 2018 മാർച്ച് 4 ന് ദിവ്യബലിയോടുകൂടി നടക്കും. രൂപതാതലപ്രവർത്തനോദ്ഘാടനം സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് നിർവഹിച്ചു. 2018 ജനുവരി 6 മുതൽ 2019 ജനുവരി 6 വരെ യുവജന വർഷമായി ആചരിക്കാൻ കേരള മെത്രാൻ സമിതിയാണ് ആഹ്വാനം ചെയ്തത്. സഭയോടൊത്ത് സമസ്ത മേഖലകളിലും എന്ന ദർശനത്തിൽ ഊന്നിയാണ് കേരള സഭ യുവജനവർഷം ആചരിക്കുന്നത്. വർഷാചരണത്തിന്റെ ഭാഗമായി അതിരൂപതാ തലത്തിൽ യുവജന സർവ്വേ, തൊഴിൽ-വിദ്യാഭ്യാസ ഇൻഫർമേഷൻ ബ്യൂറോ എന്നിവ നടപ്പാക്കുമെന്നും വർഷാചരണത്തിന് സമാപനം കുറിച്ചുകൊണ്ട് യുവജന സിനഡ് സംഘടിപ്പിക്കുമെന്നും അതിരൂപതാധ്യക്ഷൻ ഒരു വിജ്ഞാപനത്തിൽ അറിയിച്ചു. അടുത്ത 10 വർഷത്തേക്കുള്ള ദീർഘകാല പദ്ധതിക്ക് രൂപം നൽകുകയാണ് സിനഡിന്റെ ലക്ഷ്യം. യുവജനങ്ങളെ മനസ്സിലാക്കി അനുധാവനം ചെയ്ത് പ്രോത്സാഹിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം അതിരൂപതാംഗങ്ങളോട് ആഹ്വാനം ചെയ്തു.

## വിരുന്ന്

അഞ്ചുതെങ്ങ്: അതിരൂപതാ കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ യുവദമ്പതികൾക്കായി അഞ്ചുതെങ്ങ് ഫെറോനാ ദേവാലയത്തിൽവച്ച് വിവാഹജീവിതത്തെക്കുറിച്ച് സെമിനാർ - 'വിരുന്ന്' സംഘടിപ്പിച്ചു. വിധവാ ഫോറം ദമ്പതി ഫോറം ഏകസ്തഫോറം എന്നിവ സംഘടിപ്പിച്ചുകൊണ്ട് കുടുംബശുശ്രൂഷ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായിട്ടാണ് വിരുന്ന് സംഘടിപ്പിച്ചത്.



പ്രേഷിത കുരിശ് പ്രയാണത്തിന്റെ ഉദ്ഘാടനം അഞ്ചുതെങ്ങ് ഫെറോന വികാരി ഫാ. ഭാസ്കർ ജോസഫിന് പ്രേഷിത കുരിശ് കൈമാറി ആർച്ച്ബിഷപ്പ് നിർവഹിക്കുന്നു

## പ്രേഷിത കുരിശിന്റെ പ്രയാണം മാർച്ച് മൂന്നുമുതൽ ജൂൺ 30 വരെ

തിരുവനന്തുരം: പ്രേഷിത കുരിശിന്റെ അതിരൂപതാതല പ്രയാണത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. മാർച്ച് മൂന്നുമുതൽ ജൂൺ 30 വരെ അതിരൂപതയിലെ 9 ഫെറോനകൾ കേന്ദ്രീകരിച്ച് ഇടവകകൾ തോറും നടത്തുന്ന പ്രേഷിത കുരിശ് പ്രയാണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം അതിരൂപതാധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു.

കേരള ലത്തീൻ സഭ 2017 ഒക്ടോബറിൽ വല്ലാർപാടത്തുസംഘടിപ്പിച്ച മിഷൻ കോൺഗ്രസ് - ബിസിസി കൺവൻഷന്റെ തുടർ നടപടിയായിട്ടാണ് പ്രേഷിത കുരിശിന്റെ പ്രയാണവും അനുബന്ധ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്തിട്ടുള്ളത്. സഭാ ശുശ്രൂഷകളെ ശക്തിപ്പെടുത്തി അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളെ പ്രകാശിതമാക്കി ഇടവകകളെ ശക്തിപ്പെടുത്തുകയെന്നതാണ് മിഷൻ കോൺഗ്രസ് ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യസാക്ഷാൽക്കാരത്തിനുവേണ്ടിയുള്ള മുന്നേറ്റത്തിൽ ദൈവജനം മുഴുവൻ പങ്കുചേരണമെന്ന് ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം ആഹ്വാനം ചെയ്തു. ചടങ്ങിൽ വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര അധ്യക്ഷനായിരുന്നു. ബിസിസി ഡയറക്ടർ ഫാ. മൈക്കിൾ തോമസ്, പ്ലാസിഡ് ഗ്രിഗ റി എന്നിവർ പ്രസംഗിച്ചു പ്രസംഗിച്ചു.

മാർച്ച് മൂന്നുമുതൽ 13 വരെ അഞ്ചുതെങ്ങ്, 14 മുതൽ 24 വരെ പുതുക്കുറിച്ചി, ഏപ്രിൽ രണ്ടുമുതൽ 13 വരെ വലിയതുറ, 14 മുതൽ 22 വരെ കോവളം, 23 മുതൽ മെയ് 9 വരെ പുല്ലുവിള, 10 മുതൽ 19 വരെ തൂത്തൂർ, 20 മുതൽ 30 വരെ കഴക്കൂട്ടം, 31 മുതൽ ജൂൺ 9 വരെ പേട്ട, 10 മുതൽ 30 വരെ പാളയം ഫെറോനകളിൽ പ്രേഷിത കുരിശ് പ്രയാണം നടത്തും. അതിരൂപത ബിസിസി കൺവെൻഷനോടുകൂടി കുരിശിന്റെ പ്രയാണം സമാപിക്കും.

## ഭാവി നേതൃത്വത്തെ വാർത്തെടുക്കുന്ന പുല്ലുവിള ഇടവക

പുല്ലുവിള: ഭാവി മതബോധന അദ്ധ്യാപകാരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷവും മതബോധന വിദ്യാർത്ഥികൾ ക്ലാസുകളെടുത്തു. മതബോധന രംഗത്ത് തങ്ങളും ഒട്ടും പിന്നിലല്ലെന്ന് തെളിയിച്ച് 72 വിദ്യാർത്ഥികൾ. പുല്ലുവിള ഇടവകയിലാണ് ഒക്ടോബർ 10 ജനുവരി 28 എന്നീ തീയതികളിൽ മതബോധന വിദ്യാർത്ഥികൾ അധ്യാപകരായത്. ഭാവിയിലേക്കുള്ള മതബോധന അധ്യാപകരെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാ വർഷവും നടത്തുന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ വർഷവും വിദ്യാർത്ഥികൾ മതബോധന അധ്യാപകരായത്. അദ്ധ്യാപകരായി മികവ് തെളിയിച്ച വിദ്യാർത്ഥികളെ ഇടവക വികാരി ദിവ്യബലിമദ്ധ്യേ ഉപഹാരങ്ങൾ നൽകി അനുമോദിച്ചു.

# ഫാ. ജോസഫ് ബാസ്റ്റിൻ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു



തിരുവനന്തപുരം: ആഘോഷം ലളിതമാക്കി നിർദ്ധന കുടുംബത്തെ സഹായിച്ച് ഫാ. ജോസഫ് ബാസ്റ്റിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷം. കണ്ടുമുട്ടുന്നവർക്ക് ദൈവവചനാനുഭവം പകർന്നു നൽകിയും നന്മയുടെ മാർഗത്തിൽ വഴി നടത്തിയും പൗരോഹിത്യ ജീവിതത്തിന്റെ 25 വർഷം ദൈവരാജ്യ നിർമ്മിതിക്കായി നീക്കിവയ്ക്കാൻ കഴിഞ്ഞതിൽ കൃതാർത്ഥനാണ് പുല്ലുവിള സെന്റ് ജേക്കബ്സ് ഇടവക വികാരികൂടിയായ ഫാ. ജോസഫ് ബാസ്റ്റിൻ. തുമ്പ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവക ദേവാലയത്തിൽ പൗരോഹിത രജത ജൂബിലിയോടനുബന്ധിച്ച് നടന്ന കൃതജ്ഞതാ ദിവ്യബലി മദ്ധ്യേ രജതജൂബിലി സ്മാരകമായി ഒരു നിർധന കുടുംബത്തിന് വീട് നിർമ്മിക്കാനായി 5 ലക്ഷം രൂപ ആർച്ച് ബിഷപ് ഡോ. സൂസപാക്യത്തിന് കൈമാറിക്കൊണ്ടാണ് ഫാ. ജോസഫ് ബാസ്റ്റിൻ പാവങ്ങളോടുള്ള തന്റെ കരുതൽ വ്യക്തമാക്കിയത്.

തുമ്പ ഇടവകയിൽ മൈക്കിൾ ബാസ്റ്റിൻ-പൗളിൻ ബാസ്റ്റിൻ ദമ്പതികളുടെ മകനായി 1966 മാർച്ച് 13 ന് ജനിച്ച ജോസഫ് ബാസ്റ്റിൻ അഞ്ചുതെങ്ങിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി 1983 ൽ പാളയം മൈനർ സെമിനാരിയിൽ ചേർന്നു. 1992 ൽ ബിഷപ്പ് ഡോ. സൂസപാക്യത്തിൽ നിന്നും വൈദികപട്ടം സ്വീകരിച്ച ഫാ. ജോസഫ് ബാസ്റ്റിൻ മര്യനാട് വികാരിയായി ശുശ്രൂഷാ ജീവിതം ആരംഭിച്ചു. തുടർന്നു ചെമ്പൂർ, തുണ്ടത്തിൽ, പൂന്തുറ, കൊച്ചുതുറ, പുല്ലുവിള, ചിന്നത്തുറ, അരയതുരുത്തി, അഞ്ചുതെങ്ങ്, മുങ്ങോട്, മരുക്കുംപുഴ ഇടവകകളിൽ വികാരിയായി സേവനം ചെയ്തു. ആർച്ച് ബിഷപ്പിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന ദിവ്യബലിയിൽ മോൺ. ജോർജ്ജ് പോൾ, തുമ്പ ഇടവക വികാരി ഫാ. ആഷ്ലിൻ ജോസ് തുടങ്ങി നിരവധി വൈദികരും സന്യസ്തരും പങ്കെടുത്തു. ഫാ. ജോസഫ് ബാസ്റ്റിൻ നന്ദി പറഞ്ഞു.

# പവർ ലിഫ്റ്റിങ്ങിൽ പ്രതീക്ഷയായി മൻസി മൈസു



ആറ്റിങ്ങൽ: പവർ ലിഫ്റ്റിങ്ങിൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും സമ്മാനങ്ങൾ വാരിക്കൂട്ടിയ മിടുക്കിയാണ് അഞ്ചുതെങ്ങ് പൂന്തുറ ശിങ്കാരത്തോപ്പ് മായാഭവനിൽ മൻസി മൈസു. ചിറയിൻകീഴ് ശാർക്കര സാരദാവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വണ്ണിന് പഠിക്കുമ്പോഴാണ് കായികരംഗത്തോട് താല്പര്യം തോന്നി മൻസു പവർ ലിഫ്റ്ററിംഗ് തന്റെ ഇഷ്ട ഇനമായി തെരഞ്ഞെടുത്തത്. കഴിഞ്ഞവർഷം ഹൈദരാബാദിൽ നടന്ന ദേശീയ സ്കൂൾ ഗെയിംസിൽ 63 കിലോ വിഭാഗം പവർ ലിറ്റിംഗിൽ സ്വർണ മെഡൽ നേടി ശ്രദ്ധേയയായി സംസ്ഥാനതലത്തിൽ വ്യത്യസ്ത മത്സരങ്ങളിലായി മൂന്നു സ്വർണ മെഡലും 2 വെള്ളി മെഡലും 1 വെങ്കലും ചുരുങ്ങിയ കാലയളവിനുള്ളിൽ കരസ്ഥമാക്കുവാൻ കഴിഞ്ഞു.

സ്കൂളിൽ പഠന സമയം കഴിഞ്ഞ് 2 മണിക്കൂർ അവിടെ തന്നെ പരിശീലനം നടത്തുന്നു. സ്കൂളിലെ കായികാധ്യാപിക ഷൈലജയുടെ കീഴിലാണ് പരിശീലനം. പ്ലസ്-ടു കഴിഞ്ഞ് ബിരുദ പഠനത്തോടൊപ്പം പവർ ലിഫ്റ്റിംഗിൽ നല്ല പരിശീലനം നേടി. മികച്ച പ്രകടനം കാഴ്ചവയ്ക്കണമെന്നാണ് മൻസുവിന്റെ ആഗ്രഹം. മൈസു ഗിൽബർട്ടിന്റെയും മായാ മൈസിയുടെ മകളാണ്. വിദ്യാർത്ഥികളായ മഹിലും ബിനോയിയും സഹോദരങ്ങളാണ്. പൂന്തുറ സെന്റ് റോക്ക് ഇടവകാംഗമാണ് മൻസു.



*പുതുതായി നിർമ്മിച്ച വെണ്ണിക്കോട് മൗണ്ട് കാർമൽ ദേവാലയത്തുആശീർവാദം*



*പുനർനിർമ്മിച്ച് വിശ്വാസികൾക്ക് സമർപ്പിച്ച വെട്ടുകാട് മാദ്രെ ദേ ദേവൂസ് ദേവാലയം*



*പുതുതായി നിർമ്മിച്ച മംഗലാപുരം സെന്റ് ജോസഫ്സ് ദേവാലയ ആശീർവാദം*



# അല്മായ വേദി

ആർക്കാഞ്ചലോ.എം
അല്മായ ശുശ്രൂഷാ ഡയറക്ടർ



# ആധുനിക യുഗത്തിൽ അല്മായർ നേരിട്ട വെല്ലുവിളികൾ

മാർട്ടിൻ ലൂതറിന്റെ പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിൽ സഭ തകരുമെന്ന് പലരും കണക്കു കൂട്ടി. പക്ഷേ, നവീകരണ പ്രവർത്തനങ്ങൾ വഴി സഭ ഊർജ്ജം വീണ്ടെടുത്തു. എന്നാൽ പ്രതിസന്ധികൾ അവസാനിച്ചിരുന്നില്ല.

ആധുനിക യുഗത്തിൽ ഒന്നിനു പിറകെ ഒന്നായി പ്രതിലോമ ശക്തികൾ സഭയ്ക്കെതിരെ ആഞ്ഞടിച്ചുകൊണ്ടിരുന്നു. 16,17 നൂറ്റാണ്ടുകൾ ജ്ഞാനോദയ യുഗം (Enlightenment Era) എന്നാണ് അറിയപ്പെട്ടിരുന്നത്. സൂര്യകേന്ദ്രീകൃതമായ പ്രപഞ്ചമെന്ന കോപ്പർനിക്കസ് എന്ന പുരോഹിതന്റെ ദർശനവും ഗലീലിയോയുടെ തെളിയിക്കപ്പെട്ട പരീക്ഷണങ്ങളും ഒരു പുതിയ ശാസ്ത്രയുഗത്തിലും തുടർന്നു വ്യവസായ വിപ്ലവത്തിലും പാശ്ചാത്യ ലോകത്തെ എത്തിച്ചു. ശാസ്ത്ര സാങ്കേതികതയിൽ ഊന്നിയ ജീവിത ശൈലി സ്വീകരിക്കാൻ അല്മായർ മുന്നോട്ടു വന്നു. അല്മായന് തന്റെ തനിമ തേച്ചു മിനുക്കി വളർത്തിയെടുക്കാനാവാത്ത പ്രതിസന്ധികളിൽ കുടുങ്ങികിടക്കേണ്ടി വന്നു. ക്രിസ്തുവിന്റെ മൗതിക ശരീരത്തെ പുഷ്ടിപ്പെടുത്താനുള്ള മാനസിക ഒരുക്കം അല്മായന് ലഭ്യമായില്ല.

ഫ്രഞ്ചുകാരനായ റെനെ ഡെക്കാർട്ടീന്റെ പഠനങ്ങൾ യുക്തിവാദത്തിന് അടിത്തറയിട്ടു. ക്രിസ്തുമത പഠനങ്ങളെയും യുക്തിയ്ക്ക് വിധേയമായി അവർ പരിശോധിച്ചു. ബൈബിൾ വിവരണങ്ങളെയെല്ലാം യുക്തിവാദികൾ നിരസിച്ചു. യുക്തിവാദികളും ലൗകീകരണവാദികളും കൊടികുത്തി വാഴാൻ തുടങ്ങിയപ്പോൾ അല്മായരെല്ലാം കൈവിട്ടുപോകുമോയെന്ന ശങ്ക സഭാധികാരികൾക്കുണ്ടായി. മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ നിന്നും മതം ഒഴിവാക്കപ്പെട്ടുകൊണ്ട് സ്വകാര്യതയിലേയ്ക്ക് ചുരുക്കപ്പെട്ടു.

ജനാധിപത്യ ഭരണ സംവിധാനമാണ് മറ്റൊരു ഭീഷണി ഉയർത്തിയത്. ദൈവാധികാരത്താലാണ് രാജാവ് ഭരണം നടത്തുന്നത് എന്ന ആശയം പുറംതള്ളപ്പെട്ടു. സഭയെ പഴഞ്ചനായി കണ്ട് അടിച്ചമർത്താനും നിരോധിക്കാനും ഭരണകർത്താക്കൾ താത്പര്യം കാട്ടി.

ഫ്രഞ്ചു വിപ്ലവമാണ് അല്മായർക്കുണ്ടായ ഒരു വലിയ പരീക്ഷണ ഘട്ടം. ഫ്രാൻസിലെ ജനങ്ങളുടെ ദുരിത ജീവിതത്തിന് ഉത്തരവാദി സഭയാണെന്ന വിപ്ലവകാരികളുടെ പ്രചാരണം അല്മായരെ വല്ലാതെ സ്വാധീനിച്ചു. ആയിരക്കണക്കിനു പുരോഹിതരെ കൊന്നൊടുക്കി. മെത്രാന്മാരെ പിരിച്ചുവിടുകയും കാരഗൃഹത്തിലാക്കുകയും ചെയ്തു. പള്ളികളും ആശ്രമങ്ങളും അടച്ചു പൂട്ടി. ഈ ലഹളയിൽ നെപ്പോളിയൻ ബോണപാർട്ട് പീയൂസ് 6-ാമൻ പാപ്പായെ തടവിലാക്കുകയും തടവിൽ വെച്ചു തന്നെ പാപ്പാ മരണമടയുകയും ചെയ്തു. പീയൂസ് 7-ാമൻ പാപ്പായെയും നെപ്പോളിയൻ തടവിലാക്കി. വോൾട്ടയർ, റൂസ്സോ തുടങ്ങിയ വിജ്ഞാനികൾ സഭയുടെ പഠനങ്ങളെയെല്ലാം പരിഹസിച്ചുതള്ളി.

ഇവയെല്ലാം സഭയ്ക്ക് മാരക മുറിവുകളേല്പിച്ചു. അല്മായ - വൈദിക ധ്രുവീകരണം ഇക്കാലത്ത് രൂഢമൂലമായി. എന്നാൽ അല്മായർ വെറും ശ്രോതാക്കളല്ലെന്ന സത്യം ഉരുത്തിരിഞ്ഞതും ഈ കാലത്താണ്. അല്മായർ പ്രേഷിതരാണെന്ന സത്യം സഭാധികാരികൾ മനസ്സിലാക്കി. അല്മായർക്ക് പരിശീലനസ്ഥാപനങ്ങൾ ഉയർന്നുവന്നു. പക്ഷേ ഇതിന് നിലനില്പുണ്ടായില്ല എന്നതാണ് വിധിവൈപരീത്യം.

## അജപാലനം



# വിശുദ്ധവാരം

ഫാ. ലോറൻസ് കുലാസ്
അജപാലന ശുശ്രൂഷാ ഡയറക്ടർ

**1. ചില വിവരണക്കുറിപ്പുകൾ**

**ലാസറിന്റെ ശനി (Lazarus Saturday)** - ഓശാന ഞായറിന്റെ തലേ ദിവസമാണ് ഓർത്തഡോക്സ് സഭ ലാസറിന്റെ ശനി ആഘോഷിക്കുന്നത്. സഹനത്തിനും മരണത്തിനും ശേഷം ഉത്ഥാനത്തിലൂടെ യേശു നേടിയ അന്തിമ വിജയത്തിലേക്കും രാജത്വത്തിലേക്കുമാണ് ലാസറിന്റെ ഉയിർപ്പ് വിരൽ ചൂണ്ടുന്നത്.

**കുരുത്തോല (Palms)** - ഗ്രീക്കുകാരും, റോമാക്കാരും, പാലസ്തീനയെ വിളിച്ചിരുന്നത് 'ലാൻഡ് ഓഫ് പാംസ്' (ഈന്തപനകളുടെ നാട്) എന്നാണ്. ഈന്തപനയുടെ ഇലകൾ വിജയത്തിന്റെ അടയാളമായി കരുതിയിരുന്നു. വിജയശ്രീലാളിതനായ യേശുവിനെ ജറുസലെമിലേക്ക് സ്വീകരിക്കാൻ ഈന്തപനയുടെ ഇലകൾ ഉപയോഗിച്ചിരുന്നതിന്റെ കാരണം ഇതാണ്.

**ചാര ബുധൻ (spy wednesday)** - വിശുദ്ധ വാരത്തിലെ ബുധൻ 'ചാര ബുധൻ' എന്നാണറിയപ്പെടുന്നത്. യേശുവിനെതിരെയുള്ള യൂദാസ് സ്ക്കറിയോത്തായുടെ ഗൂഢാലോചനയെ ഓർമിപ്പിക്കുന്ന ദിവസമാണ് അന്ന്.

**പെസഹാവ്യാഴം (Maundy Thursday)** - Mandate ("ആജ്ഞ", "കല്പന") എന്നർത്ഥം വരുന്ന mandatum എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് maundy എന്ന വാക്ക് ഉണ്ടായത്. അത്താഴത്തിനിടയിൽ ശിഷ്യന്മാരുടെ പാദങ്ങൾ കഴുകികൊണ്ട് യേശു അവർക്ക് നല്കിയ കല്പന ഓർമിക്കുന്ന ദിവസമാണ് പെസഹാവ്യാഴം: "നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദം കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദം കഴുകേണ്ടിയിരിക്കുന്നു. . ." (യോഹ 13:14-17).

**ദുഃഖവെള്ളി (Good Friday)** - സാധാരണയായി ദുഃഖവെള്ളിയാഴ്ച യോഹന്നാൻ എഴുതിയ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള പീഡാനുഭവ വായനയാണ് നാം ശ്രവിക്കുന്നത്. മരണം ഒരിക്കലും ഒരു പരാജയമല്ലെന്നും മറിച്ച് ക്രിസ്തുവിലേക്കുള്ള ഒരു കടന്നുപോകലും അവിടുത്തെ മഹത്വത്തിലേക്കുള്ള പ്രവേശനമാർഗവും കൂടിയാണ് എന്ന് യോഹന്നാൻ വിശദീകരിക്കുന്നു.

**2. വിശുദ്ധവാരാഘോഷം അർത്ഥവത്താക്കൽ . . .**

**അനുരഞ്ജന ശുശ്രൂഷ** - വിശുദ്ധ വാരത്തിൽ കുട്ടികൾ, യുവതിയുവാക്കൾ, മുതിർന്നവർ എന്നിവർക്കായി വിശുദ്ധ ഗ്രന്ഥവായന, വിചിന്തനം, ആത്മപരിശോധന എന്നിവ ഉൾപ്പെടുത്തി അനുരഞ്ജന ശുശ്രൂഷ സംഘടിപ്പിച്ച് വിശ്വാസികളെ കുമ്പസാരമെന്ന കൂദാശ സ്വീകരിക്കാൻ ഒരുക്കാം (ഇതിന് സഹായകമായ ലഘുരേഖകൾ അജപാലനശുശ്രൂഷ ഓഫീസിൽ ലഭ്യമാണ്).

**കുരുത്തോല** - ഭവനത്തിൽ എത്തിയതിനുശേഷം കുരുത്തോലയെ ഒരു കുരിശു രൂപത്തിലാക്കി വിശുദ്ധവാരത്തിന്റെ ഓർമയ്ക്കായി വീട്ടിൽസൂക്ഷിക്കാം.

**വിശുദ്ധ വാരത്തിലെ ബുധനാഴ്ച** - പലരാജ്യങ്ങളിലും പരമ്പരാഗതമായി വീടുവൃത്തിയാക്കുന്ന ദിവസമാണ് വിശുദ്ധ വാരത്തിലെ ബുധൻ. യഹൂദ മതാചാരപ്രകാരം പെസഹായ്ക്കുമുമ്പ് ഭവനം വൃത്തിയാക്കുന്ന പ്രവൃത്തിയിൽ നിന്നുമാണ് ഇത് ഉത്ഭവിച്ചിരിക്കുന്നത്.

**പെസഹാവ്യാഴം** - ഈ ദിവസം വീട്ടിൽ അത്താഴസമയത്ത് പുറപ്പാട് 12:1-28; 1 കോറി 11:23-26; യോഹന്നാൻ 13-ാം അധ്യായം എന്നീ വചനഭാഗങ്ങൾ വായിക്കാവുന്നതാണ്; അത്താഴത്തിന് മുമ്പ് കുടുംബനാഥൻ ഒരു കച്ചയെടുത്ത് അരയിൽ കെട്ടി യേശു ചെയ്തതുപോലെ കുടുംബത്തിലെ അംഗങ്ങളുടെ പാദങ്ങൾ കഴുകുന്നതും നല്ലതാണ്; ഈ ദിവസത്തിൽ രണ്ടു പ്രധാനപ്പെട്ട അടയാളങ്ങളായ പാദം കഴുകൽശുശ്രൂഷയും, അപ്പവുമാണ് നാം അനുസ്മരിക്കുന്നത്. ഇവ പൗരോഹിത്യത്തിന്റെയും ഐകൃത്തിന്റെയും സന്ദേശം പകരുന്നു; ഇന്നത്തെ ആരാധനയിൽ ദിവ്യകാരുണ്യം എഴുന്നള്ളിച്ചുവയ്ക്കാത്തത് യേശു വിശ്രാന്തിയുടെ സമയത്തിലേക്ക് കടക്കുന്നതുകൊണ്ടും ജീവൻ നല്കുന്ന മണിക്കൂറിലേക്ക് അവിടുന്ന് പ്രവേശിച്ചുകഴിഞ്ഞതും കൊണ്ടാണ്.

**ദുഃഖവെള്ളി** - ഇന്നത്തെ ആരാധനയുടെ പ്രഥമ അടയാളം കുരിശാണ്. യേശുവിന്റെ ശരീരം ഇല്ലാത്ത വലിയൊരു കുരിശ് ദൈവാലയ അങ്കണത്തിൽ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

**ദുഃഖശനി** - ഉത്ഥാനത്തിന്റെ വിവരണം ഒഴികെ മർക്കോസ് എഴുതിയ വിശുദ്ധ സുവിശേഷം വായിക്കുന്നത് നല്ലതാണ്; നാല് സുവിശേഷകന്മാരും വിവരിക്കുന്ന യേശുവിന്റെ അവസാനദിനങ്ങളിലെ പ്രവൃത്തികൾ വായിക്കുന്നത് ഉചിതമാണ്; ഉത്ഥാനത്തിന്റെ പ്രഭാതത്തിനായി ആകാംഷയോടെ കാത്തിരിക്കുക.

**ഈസ്റ്റർ** - ദിവ്യബലിക്ക് ജനങ്ങൾക്ക് അറിയുന്ന ഗാനങ്ങൾ തിരഞ്ഞെടുത്ത് പാടുക; കുടുംബത്തോടും സുഹൃത്തുകളോടുമൊപ്പം ഈസ്റ്റർ ഭക്ഷണം കഴിക്കുക; യേശുവിന്റെ ജീവിതവും ഉത്ഥാനവും വിവരിക്കുന്ന സിനിമയോ ഡോക്യൂമെന്ററിയോ കാണുക.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നോമ്പുകാലം 3-ാം ഞായർ (മാർച്ച് 4)

## നീ നിന്റെ മുറ്റം വൃത്തിയാക്കുക; തെരുവ് താനേ വൃത്തിയാകും

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

പുറ. 20: 1—17 | 1 കൊറി. 1: 22-25. | യോഹ. 2: 13-25

*അകത്ത് എല്ലാവരും അവനെ ആരാധിച്ചു കൊണ്ടിരുന്നപ്പോഴാണ് പുറത്തുനിന്ന് അവൻ ദൈവാലയത്തിലേക്ക് പ്രവേശിച്ചത്. ഭക്തിനിറഞ്ഞ് ചിലരെങ്കിലും ദൈവകടാക്ഷം പ്രതീക്ഷിച്ചപ്പോൾ ചിലർക്ക് കിട്ടിയത് ചാട്ടവാർ പ്രഹരമാണ്. എന്നിട്ടും രണ്ടു കൂട്ടരും ദൈവത്തെ തിരിച്ചറിഞ്ഞില്ല. കാരണം ദൈവത്തിന് അവർ പ്രതീക്ഷിച്ച ഭാവമല്ലായിരുന്നു. അവരുടെ പ്രാർത്ഥനകൾ ഇത്തരം ഒരു ദൈവത്തിനു വേണ്ടിയുമല്ലായിരുന്നു. ഇതാണ് ദൈവം. മനസ്സിലാക്കാൻ പറ്റാത്ത രീതിയിൽ അവൻ എവിടെ നിന്നും കയറിവരാം. പ്രതീക്ഷിക്കാത്ത രീതിയിൽ അവൻ പ്രവർത്തിച്ചു എന്നും വരാം.*

ദൈവാലയത്തെ ചുറ്റിപ്പറ്റി ജീവിച്ച, ദൈവത്തിന്റെ സ്വന്തം ജനം എന്നവകാശപ്പെട്ടവരോട് വളരെ വിചിത്രമായ രീതിയിൽ ദൈവം സംസാരിച്ച ബൈബിൾ ഭാഗമാണ് യോഹ. 2:13-25. പിതാവിന്റെ ഭവനത്തെക്കുറിച്ചുള്ള തീക്ഷ്ണതയാൽ എരിയുന്ന ക്രിസ്തുവിനെ ഇവിടെ നാം കാണുന്നു.

ദൈവപുത്രന് കോപിക്കാമോ? ഞാൻ ശാന്തശീലനും വിനീതഹൃദയനുമാണെന്ന് പറഞ്ഞവൻ ചാട്ടവാറെടുക്കുന്നുവോ? ഹേറോദേസിനെ കുറുക്കൻ എന്നുവിളിച്ചവൻ തന്നെയല്ല സഹോദരനെ ഭോഷാ എന്നു വിളിച്ച് ന്യായാവിധിക്ക് അർഹനാകും എന്നു പറഞ്ഞത്? യേശുവിനെ ഒരു വിപ്ലവ പോരാളിയെന്ന് വിളിക്കുന്നതിൽ തെറ്റുണ്ടോ?

ദൈവാലയ ശുദ്ധീകരണം മുൻനിർത്തി ചിന്തിക്കുമ്പോൾ വെളിവാകുന്ന ഉത്തരങ്ങൾ ഇവയാണ്.

(1) യഹൂദജനതയുടെ അഭിമാനത്തിന്റെ പ്രതീകമായിരുന്നു ജെറുസലേം ദൈവാലയം. അവിടെ ദൈവത്തെ അനുഭവിക്കുവാൻ കഴിയുമെന്ന് അവർ വിശ്വസിച്ചു. വിശുദ്ധസ്ഥലത്തോട് ഏറ്റവും അടുത്തായിരുന്നു പുരോഹിതരുടെ സ്ഥാനം. പിന്നിൽ ഇസ്രായേൽ ജനം, അതിന്റെ പിന്നിൽ സ്ത്രീകൾ, അതിന്റെ പിന്നിൽ വിജാതീയർ എന്നിങ്ങനെയായിരുന്നു ദൈവാലയത്തിലെ ക്രമീകരണം. കച്ചവടങ്ങൾ മുഴുവനും നടന്നിരുന്നത് വിജാതീയർക്കു വേണ്ടി നീക്കിവയ്ക്കപ്പെട്ടിരുന്ന സ്ഥലത്താണ്. സമൂഹത്തിൽ സ്വരമില്ലാത്തവരുടെ പ്രാർത്ഥനാവേളകളെ അമിതസ്വരം കൊണ്ട് തടസ്സപ്പെടുത്തിയിരുന്ന ആരാധനാ രീതികളോടുള്ള ഒരു തുറന്ന പ്രതിഷേധവും മുന്നറിയിപ്പുമായിരുന്നു ഒന്നാമതായി ഈശോയുടെ ചാട്ടവാറടി. ബലഹീനരുടെ പ്രാർത്ഥനകൾ ദൈവത്തിന് ഏറെ പ്രീതികരമാണെന്നും ദൈവത്തെ അന്വേഷിക്കുന്നവരെ ആരാധനയ്ക്ക് വേണ്ടി



ദൈവാലയത്തിൽ ഉണ്ടാരേണ്ടത് മനുഷ്യനിലെ ദൈവികതയാണ്. അവിടെ കാളയും ആടും കയറി മേഞ്ഞാലോ? ദൈവമേഖലയിലേക്ക് ഉയരേണ്ട മനുഷ്യൻ മൃഗമേഖലയിൽ കുരുങ്ങുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരം മൃഗശാലയാകുന്നത്.



യുള്ള ആചരണങ്ങളിലൂടെയും നിയമങ്ങളിലൂടെയും തടസ്സപ്പെടുത്തരുതെന്നും ക്രിസ്തുനാഥൻ ആഗ്രഹിക്കുന്നുണ്ട്. ആരവങ്ങളും ദുരാചാരങ്ങളും നിറഞ്ഞ ആരാധനാരീതികളേക്കാൾ ആത്മാർത്ഥത നിറഞ്ഞ അന്വേഷണങ്ങൾ ദൈവത്തിന്റെ ശ്രദ്ധ ആകർഷിക്കുന്നുണ്ട്. വിജാതീയർ തന്നെ അന്വേഷിച്ചിരുന്ന വേളയിൽ ഈശോ അമിതമായി സന്തോഷിക്കുന്നത് അതുകൊണ്ടാണ്. ഒരു മതസ്ഥരേയും വിലകുറച്ച് കാണാതിരിക്കാനും നമ്മുടെ പ്രാർത്ഥനാ രീതികളെ വിശകലനം ചെയ്യുന്നതിനും ഈ സുവിശേഷഭാഗം അവസരം ഒരുക്കുന്നു.

(2) പിതാവിനോടുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു പുത്രന്റെ ആരാധനകൂടിയാണ് ഈ രോഷം കൊള്ളൽ. 'ദൈവാലയത്തിൽ ദൈവപുത്രന് കോപിക്കാമെങ്കിൽ എനിക്കും കോപിക്കാം.' ഈയിടെ കേട്ട ഒരു യുവാവിന്റെ കമന്റാണിത്. ഇവിടെയാണ് ദൈവപുത്രന്റെ ധാർമ്മികരോഷവും കുഞ്ഞുകുട്ടിപരാധീനതകൾ മൂലമുള്ള മനുഷ്യന്റെ ദേഷ്യവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടത്. യേശു കോപിക്കുന്നത് പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത കൊണ്ടാണ്. കസാൻദ് സാക്കീസിന്റെ ''ദൈവത്തിന്റെ നിസ്വനിൽ' ബ്രദർ ലിയോ ഫ്രാൻസീസിനോട് പറയുന്നതിങ്ങനെയാണ്. ''ഫ്രാൻസീസ്! നീ സ്വയം അണയൂ... അല്ലെങ്കിൽ ഈ ലോകത്തിന് തീ പിടിക്കും." പിതാവിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത തീപ്പന്തമായി ജ്വലിച്ചതിന്റെ സ്വാഭാവിക പ്രതിഫലനമാണിത്. യേശുവിന്റെ കോപജ്വാല ഭസ്മാസുരനെ പോലെ ഭസ്മമാക്കുന്നതല്ല. ദൈവാലയത്തിന് നഷ്ടപ്പെട്ടുപോയ വിശുദ്ധിയുടെ താക്കോൽ വീണ്ടെടുക്കുന്നതിനുള്ള ടോർച്ചടിയാണ് യേശുവിന്റെ കോപം. ഈ കോപം സ്വകാര്യലാഭത്തിനുവേണ്ടിയല്ല. തന്നിഷ്ടം നടക്കാതിരുന്നതുമൂലമുള്ള ഇച്ഛാഭംഗം മൂലമല്ല. ഇഷ്ടമില്ലാത്തവരെയും വിമർശകരെയും കാണുമ്പോഴുണ്ടാകുന്ന സ്വാഭാവിക പ്രതികരണവുമല്ല. മറിച്ച് വഴിവിളക്കുകൾ കരിന്തിരി കത്തുന്നതിനെതിരെയുള്ള പ്രഖ്യാപനമാണത്. സമൂഹത്തിന്റെ വഴി പിഴച്ചുപോക്കിനെതിരെയുള്ള അപായ സൈറനാണത്.

ഇത് വായിച്ചിട്ട് കോപിക്കാൻ തോന്നുന്നോ? എങ്കിൽ ഇതുകൂടി വായിക്കുക. ഇന്നും സമൂഹത്തെ ശുദ്ധീകരിക്കാൻ ചാട്ടവാറുകളുമായി ഇറങ്ങുന്നവരേറെയുണ്ട്. എന്നാൽ നാടുനന്നാക്കാനിറങ്ങുന്നവർ വീടുനന്നാക്കാൻ മറന്നുപോകുന്നു. തെരുവ് വൃത്തിയാക്കാൻ സേവനവാരത്തിനിറങ്ങുന്നവർ സ്വന്തം മുറ്റം വൃത്തിയാക്കാൻ മറന്നുപോകുന്നു. ആത്മാക്കളെ രക്ഷിക്കാനിറങ്ങുന്നവർ സ്വന്തം ആത്മ രക്ഷയെക്കുറിച്ച് മറന്നുപോകുന്നു. ബർണാഡ്ഷാ പറഞ്ഞതെത്രയോ സത്യം: "നീ നിന്റെ മുറ്റം വൃത്തിയാക്കുക. അപ്പോൾ തെരുവ് താനേ വൃത്തിയായിക്കൊള്ളും."

(3) ദൈവാലയത്തിൽ ഉണരേണ്ടത് മനുഷ്യനിലെ ദൈവികതയാണ്. അവിടെ കാളയും ആടും കയറി മേഞ്ഞാലോ? ദൈവ മേഖലയിലേക്ക് ഉയരേണ്ട മനുഷ്യൻ മൃഗമേഖലയിൽ കുരുങ്ങുമ്പോഴാണ് പരിശുദ്ധാത്മാവിന്റെ ആലയമായ ശരീരം മൃഗശാലയാകുന്നത്. കേരളത്തെ നടുക്കിയ കണിച്ചുകുളങ്ങര കൂട്ടക്കൊലക്കേസിലെ ഒന്നാം പ്രതിയുടെ പേരുവായിച്ചപ്പോൾ കൗതുകം തോന്നി. മൃഗം സാജു! ജനിച്ചപ്പോൾ നിഷ്കളങ്കനായിരുന്ന അവന് മാതാപിതാക്കൾ ഇട്ട പേര് 'സാജു'. എന്നാൽ വളർന്നപ്പോൾ മൃഗീയവാസനകളുടെ കാളയും ആടും അവന്റെ ശരീരത്തിൽ ഭരണം നടത്തിയപ്പോൾ നാട്ടുകാർ അവന് നൽകിയ പേരാണ് 'മൃഗം സാജു' ! ഈ പേര് എന്താണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. വെള്ളയുടുപ്പിട്ട് ആദ്യ കുർബാന സ്വീകരണത്തിന് നിന്ന നിഷ്കളങ്കനിൽ നിന്ന് ഞാനെത്ര അകലെയാണെന്ന ചോദ്യമാണോ? ദൈവാലയത്തിൽ നിന്ന് മൃഗശാലയിലേക്കുള്ള ദൂരം മാലാഖത്തലവനിൽ നിന്ന് ലൂസിഫറിന്റെ വീഴ്ചയുടെ ദൂരമാണ്. നിഷ്കളങ്കനായ സാജുവിൽ നിന്ന് മൃഗം സാജുവിലേക്കുള്ള വഴി ദൂരമാണ്. മരിയ ഗൊരേത്തിയിൽ നിന്ന് നളിനി ജമീലയിലേക്കുള്ള ദൂരമാണത്.

ഇടവക ദൈവാലയത്തിന്റെ നടക്കല്ലിൽ ചെരുപ്പൂരണോ എന്നു സംശയിച്ചുനിൽക്കുന്ന അഭിനവ മോശമാരോട് മുൾപ്പടർപ്പിൽ എരിഞ്ഞുതീരാത്ത ദൈവം സംസാരിക്കും; "നീ നിൽക്കുന്ന സ്ഥലം പരിശുദ്ധമാണ്. നിന്റെ പാദരക്ഷകൾ അഴിച്ചുമാറ്റുക." നിന്റെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടതെന്ന്'' ഏശയ്യായുടെ അശുദ്ധി മാറ്റാൻ കൊടിലിൽ കനലെടുത്ത മാലാഖേ, ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിൽ നിന്ന് എന്നെ തടയുന്ന അശുദ്ധിയുടെ ചെരിപ്പുകളഴിക്കാൻ ഞങ്ങളെ സഹായിക്കണമേ. ഒപ്പം സൂര്യനസ്തമിക്കുന്നതിന് മുൻപ് ഞങ്ങളുടെ കോപങ്ങളവസാനിപ്പിക്കണമേ. ■

നീർച്ചാലുകൾ

ഫാ. ഡൈസൺ

നോമ്പുകാലം 4-ാം ഞായർ (മാർച്ച് 11)

# ദൈവം ശിക്ഷകനല്ല, രക്ഷകനാണ്

2 ദിന. 36 : 14-16, 19-23 | എഫേ. 2 : 4-10 | യോഹ. 3: 14-21



വിശ്വസിക്കുന്നവരെ രക്ഷിക്കുവാൻ ദൈവം ഈ ലോകത്തിന് നൽകിയത് നിത്യജീവൻ നൽകുന്ന തന്റെ ഏക പുത്രനെയാണ്! വിശ്വസിക്കുന്ന ആരും നശിച്ചുപോകുന്നില്ല. എന്നാൽ വിശ്വസിക്കാത്തവർ മരിക്കുന്നു.

ദൈവം ശിക്ഷകനല്ല; സ്നേഹിതനെപ്പോലെയുള്ള രക്ഷകനാണ്. തന്റെ ജീവനെക്കാൾ നമ്മുടെ രക്ഷയെക്കുറിച്ച് മാത്രം ചിന്തിക്കുന്ന നല്ല ഇടയനും പരിപാലകനുമാണ് ദൈവം. ഉറങ്ങാതെ, നമുക്ക് കാവലായി മാറുന്ന ദൈവത്തിന്റെ അനന്തമായ സ്നേഹത്തെയും നമ്മുടെ കാര്യത്തിൽ ദൈവത്തിനുള്ള ശ്രദ്ധയെയും, നമ്മുടെ രക്ഷയിൽ അവിടുത്തേക്കുള്ള കരുതലിനെയും 121-ാം സങ്കീർത്തനം വർണ്ണിക്കുന്നു. ഇപ്രകാരമുള്ള രക്ഷകനായ ദൈവത്തെ ഓർക്കുന്നില്ലെങ്കിൽ എന്റെ നാവ് അണ്ണാക്കിൽ ഒട്ടിപോകട്ടെയെന്ന് സങ്കീർത്തകൻ പറയുന്നു. അഞ്ചിനെ അയ്യായിരം അപ്പമാക്കി നൽകിയ അവിടത്തെ കരങ്ങൾക്ക് നമ്മൾ നൽകിയത് കാരിരുമ്പാണിയാണ്. മരിച്ചിട്ടും പകതീരാത്ത പടയാളി തിരുവിലാവിൽ കുത്തിയെങ്കിലും അവന് അത്ഭുത സൗഖ്യം നൽകിയവനാണ് നമ്മുടെ ദൈവം. നമ്മുടെ ക്രൂരതകളെ അറിവില്ലായ്മയായി കരുതി ക്ഷമിക്കുന്ന നമ്മുടെ ദൈവം ഒരിക്കലും ഒരു ശിക്ഷകനല്ല; രക്ഷകനാണ്. നമ്മെ രക്ഷിക്കാൻ മനുഷ്യനായ ദൈവം നമ്മുടെ ജീവിതത്തെ ദൈവം വസിക്കുന്ന ആലയമാക്കാനും സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാക്കാനും ദൈവിക പദ്ധതിയുടെ ഭാഗമാക്കാനും ക്ഷണിക്കുന്നു.

## നിന്റെ ജീവിതം ദൈവം വസിക്കുന്ന ആലയം

നിത്യപ്രകാശമായ ദൈവത്തിന്റെ സാന്നിദ്ധ്യമാണ് ജെറുസലേം ദേവാലയത്തെ ഈ ലോകത്തിന്റെ പ്രകാശമായി മാറ്റുന്നത്. ജെറുസലേം ദേവാലയം പോലെ നമ്മുടെ ജീവിതം പ്രകാശിക്കണമെങ്കിൽ നമ്മിൽ കെടാവിളക്കായ ദൈവത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ടാകണം. സൂര്യന്റെ പ്രകാശത്തിൽ നിന്നും വെളിച്ചം സ്വീകരിച്ചുകൊണ്ട് രാത്രികാലങ്ങളിൽ തിളങ്ങി നിൽക്കുന്ന നക്ഷത്രങ്ങളെപ്പോലെ നമ്മളും ജ്വലിക്കണമെങ്കിൽ ദൈവത്തിൽ നിന്നും വെളിച്ചം സ്വീകരിക്കണം. കണ്ണുകളിലെ വെളിച്ചമില്ലായ്മയല്ല മനുഷ്യനെ അന്ധനാക്കുന്നത് ഉള്ളിലെ വെട്ടമില്ലായ്മയാണ്. ഉള്ളിൽ ദൈവമുണ്ടെങ്കിൽ നീ തിളങ്ങുന്ന നക്ഷത്രമാണ്! ദൈവം വസിക്കുന്ന ആലയമാണ്.

ആൽബർട്ട് ഐൻസ്റ്റിൻ അന്ത്യനാളുകളിൽ ദുഃഖത്തോടെ ആ സത്യം തുറന്നു പറഞ്ഞു: "എന്റെ ജീവിതം പാഴായി പോയെന്ന് എനിക്ക് ഇപ്പോൾ തോന്നുന്നു. ഞാൻ അതിവിദൂരങ്ങളായ നക്ഷത്രങ്ങളിലേക്ക് അന്വേഷണം നടത്തി. എന്നിലേക്ക് അന്വേഷണം നടത്താൻ മറന്നുപോയി." അന്വേഷണം നടത്തിയ ജ്ഞാനികൾ നക്ഷത്രവെളിച്ചത്തിന്റെ സഹായത്തോടെ നിത്യപ്രകാശമായ ക്രിസ്തുവിന്റെ സന്നിധിയിൽ എത്തി. എന്നാൽ നിത്യപ്രകാശമായ ദൈവത്തെ ദർശിച്ച് മടങ്ങിയത് നക്ഷത്രവെളിച്ചത്തിന്റെ സഹായത്തോടെയല്ല. അവർതന്നെ നക്ഷത്രങ്ങളായി മാറി. കാരണം നിത്യപ്രകാശമായ ദൈവം അവരുടെ ഉള്ളിലുണ്ടായിരുന്നു.

നമ്മളും ദൈവിക സാന്നിദ്ധ്യമുള്ള ആലയമായി മാറണമെങ്കിൽ, നിത്യപ്രകാശമായ ദൈവം നമ്മിൽ ജ്വലിക്കണമെങ്കിൽ അവൻ നൽകിയ വചനത്തിൽ വളരാം. അവൻ നൽകിയ കൂദാശകളിൽ പങ്കെടുക്കാം. അവന്റെ കല്പനകൾ പാലിക്കാം. അവനോടുകൂടെ ആയിരിക്കാൻ അവനോട് പ്രാർത്ഥിക്കാം. ആദ്യവായനയിൽ പറയുന്ന ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ട ആലയം നമ്മുടെ ജീവിതത്തിന്റെ പ്രതീകമായി കാണാം. മ്ലേച്ഛതകൾ കൊണ്ടും, അവിശ്വസ്തകൊണ്ടും നമ്മുടെ ജീവിതമാകുന്ന ആലയം മലിനീകരിക്കപ്പെട്ടിരിക്കുന്നു. അശുദ്ധമാക്കപ്പെട്ട ആ ആലയത്തെ പശ്ചാത്താപ കണ്ണുനീരു കൊണ്ട് പരിശുദ്ധമാക്കാം. ജെറുസലേം ദേവാലയം പോലെ ദൈവത്തിന്റെ സാന്നിദ്ധ്യം കൊണ്ട് പ്രകാശമായി മാറാം.

## ജീവിതം സ്വർഗ്ഗത്തിലേക്കുള്ള ഗോവണി

ദൈവം മനുഷ്യനെ മണ്ണിൽ നിന്നും സ്വന്തം കൈകളാൽ മെനഞ്ഞെടുത്ത് ജീ

വശ്വാസം നൽകി. മനുഷ്യൻ ദൈവ കരങ്ങളാൽ സൃഷ്ടിക്കപ്പെട്ടതുകൊണ്ട് വി.പൗലോസ് മനുഷ്യനെ ദൈവത്തിന്റെ കരവേലയെന്നു വിളിക്കുന്നു (എഫേ2:10). ദൈവത്തിന്റെ കരത്തിലൂടെയാണ് നമ്മൾ ഈ ലോകത്ത് വന്നുവെങ്കിൽ എങ്ങനെയാണ് നമ്മൾ കളങ്കിതരാകുന്നത്? എങ്ങനെയാണ് നമ്മിൽ തിന്മ പൂർണ്ണ വളർച്ച പ്രാപിക്കുന്നത്? യേശുനാഥൻ കളകളുടെ ഉപമയിലൂടെ ഉത്തരം നല്കുന്നു. അത് ശത്രുവായ പിശാചിന്റെ പ്രവൃത്തിയാണ് (മത്താ 13:25,39). ഈ ശത്രുവിനെ തോൽപിക്കാൻ നമ്മുടെ ജീവിതത്തെ സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാക്കണം. സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയുടെ ഓരോ പടികളും നമ്മുടെ സത്പ്രവൃത്തികൾ കൊണ്ട് നിർമ്മിക്കാൻ വേണ്ടിയാണ് ദൈവത്തിന്റെ മുൻ നിശ്ചയപ്രകാരം നാം ഈ ലോകത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ശക്തികൊണ്ടല്ല ദൈവത്തിന്റെ കൃപകൊണ്ടുമാത്രമേ നമുക്ക് സദ്പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ. ഓരോ സദ്പ്രവൃത്തിയും സ്വർഗ്ഗത്തിലേക്കുള്ള ഓരോ പടിയായി മാറാൻ ദൈവത്തിന്റെ കൃപക്കായി പ്രാർത്ഥിക്കാം; ദൈവത്തിൽ ആഴമായി വിശ്വസിക്കാം; ഉപവാസത്തിലൂടെ, ദാനധർമ്മങ്ങളിലൂടെ ദൈവത്തോടൊപ്പം ആയിരിക്കാം. സ്വർഗ്ഗത്തിലേക്ക് എത്താനുള്ള അതിവേഗ ഗോവണി കുരിശാണ്. അവിടെ പ്രാർത്ഥനയുടെ ഗദ്സമെനിയും സഹനത്തിന്റെ മുറിപ്പാടുമുള്ള കാൽവരിയുമുണ്ട്. ദൈവത്തിനുവേണ്ടി ചിന്തുന്ന ഓരോ തുള്ളി ചോരയും സ്വർഗ്ഗത്തിൽ നമുക്ക് കയറുവാനുള്ള ഗോവണിയുടെ ദൂരം കുറക്കുന്നു.

## നിന്റെ ജീവിതം വെറുമൊരു നിമിത്തമല്ല; ദൈവിക പദ്ധതിയാണ്

മനുഷ്യരക്ഷക്കുവേണ്ടി ദൈവം ആസൂത്രണം ചെയ്ത പദ്ധതിയുടെ വെളിപാടാണ് നാം വായിച്ച സുവിശേഷഭാഗം. എല്ലാ ദൈവിക പദ്ധതിയുടെയും ആത്മാവ് മനുഷ്യന്റെ രക്ഷയും, നന്മയുമാണ്. കർത്താവ് അരുളിചെയ്യുന്നു: "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല. ക്ഷേമത്തിനുള്ള പദ്ധതിയാണ്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി "(ജെറ 29:11). എന്താണ് മനുഷ്യരെകുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി?:

## വിശ്വസിക്കുന്നവർക്ക് നിത്യജീവൻ

ദൈവത്തിനും മോശയ്ക്കുമെതിരായി സംസാരിച്ച യഹൂദർക്ക് ആഗ്നേയ സർപ്പങ്ങളുടെ ദംശനമേറ്റു. കർത്താവിന്റെ അരുളപ്പാടനുസരിച്ച് ദംശനമേറ്റവർ മരണത്തിൽ നിന്നും രക്ഷ നേടാൻ വേണ്ടി മോശ മരുഭൂമിയിൽ പിച്ചള കൊണ്ട് ഒരു സർപ്പത്തെ ഉണ്ടാക്കി, അതിനെ വടിയിൽ ഉയർത്തി. അവർ അതിനെ നോക്കി. നോക്കിയവർ ജീവിച്ചു. മോശ സമർപ്പത്തെ ഉയർത്തിയപോലെ മനുഷ്യപുത്രനും ഉയർത്തപ്പെടണമെന്ന് യേശു പറയുന്നു.

പിച്ചള സർപ്പം മനുഷ്യ കരങ്ങളാൽ ചെമ്പു കൊണ്ട് സൃഷ്ടിച്ചെടുത്തതാണ്. മനുഷ്യപുത്രൻ ദൈവത്തിന്റെ ഏകജാതനാണ്; സൃഷ്ടിക്കപ്പെടാത്തവനാണ്, ദൈവമാണ്. സർപ്പത്തെ നോക്കിയവർക്ക് ശാരീരിക ജീവൻ ലഭിച്ചപ്പോൾ, മനുഷ്യപുത്രനെ നോക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുന്നു. പിച്ചള സർപ്പം ദൈവം അനുവദിച്ച വെറുമൊരു നിശ്ചിതസമയത്ത് മാത്രമേ ശാരീരിക ജീവൻ നല്കിയുള്ളൂ. എന്നാൽ മനുഷ്യപുത്രനാകട്ടെ, എല്ലാ കാലത്തും സദാസമയവും നിത്യജീവൻ നൽകുന്നു. മോശ ഉണ്ടാക്കിയ നെഹുഷ്താൻ എന്നു വിളിക്കപ്പെടുന്ന ഓട്ടു സർപ്പത്തിന് ഇസ്രായേൽ ധൂപാർച്ചന നടത്തിയപ്പോൾ ഹെസക്കിയാ രാജാവ് അതിനെ തകർത്തു (2 രാജ 18:4). കാരണം ആരാധനയ്ക്ക് യോഗ്യമല്ലാത്ത സൃഷ്ടവസ്തുവാണ് അത്. എന്നാൽ മനുഷ്യപുത്രന്റെ മുമ്പിൽ എല്ലാവരും മുട്ടു മടക്കുകയും ആരാധന അർപ്പിക്കുകയും ചെയ്യുന്നു. ഈ ദൈവപുത്രനിൽ വിശ്വസിക്കണമെന്നുള്ളത് ദൈവഹിതമാണ്. എന്താണ് ദൈവഹിതം? ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി - അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക (യോഹ 6:28-29) ദൈവത്താൽ അയക്കപ്പെട്ട മനുഷ്യപുത്രനിൽ വിശ്വസിച്ചാൽ ലഭിക്കുന്നതിൽ നിത്യജീവനാണ്. അതുതന്നെയാണ് മനുഷ്യനെ മരണത്തിൽ നിന്നും ഉയർത്തുന്നതും, യേശുവിനെപോലെ സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്നതും! സ്വർഗ്ഗത്തിലേക്ക് പോകാൻ ദൈവത്തിൽ വിശ്വസിക്കാം

## വിശ്വസിക്കുന്നവർക്ക് നാശമില്ല

വിശ്വസിക്കുന്നവരെ രക്ഷിക്കുവാൻ ദൈവം ഈ ലോകത്തിന് നൽകിയത് നിത്യജീവൻ നൽകുന്ന തന്റെ ഏകപുത്രനെയാണ്! വിശ്വസിക്കുന്ന ആരും നശിച്ചുപോകുന്നില്ല. എന്നാൽ വിശ്വസിക്കാത്തവർ മരിക്കുന്നു. കുരിശിലെ നല്ല കള്ളൻ ദൈവത്തിൽ വിശ്വസിച്ച് രക്ഷപ്രാപിക്കുമ്പോൾ മോശമായ കള്ളൻ അവിശ്വസിച്ച് നിത്യജീവൻ നഷ്ടപ്പെടുത്തി നാശത്തിൽ നിപതിക്കുന്നു. യേശുവിനോടു കൂടെ ആയിരുന്ന യൂദാസ് യേശുവിനെക്കാൾ കൂടുതൽ വിശ്വസിച്ചതും ആഗ്രഹിച്ചതും പണത്തെ ആയിരുന്നു. ക്രിസ്തുവിൽ അവിശ്വസിച്ചതുകൊണ്ട് സ്വയം നാശത്തിന്റെ കുഴികുഴിച്ചു.

ഈ ലോകത്തെ നാശത്തിൽ നിന്നും രക്ഷിക്കാൻ ദൈവം തന്റെ ഏകജാതനെ നല്കി തന്റെ സ്നേഹം വെളുപ്പെടുത്തി. സ്നേഹമെന്നാൽ നല്കുന്നതാണ്. ഉള്ളതിൽ ഏറ്റവും നല്ലതിനെ നല്കുന്നതാണ്. ആബേലും അബ്രഹാമും ഉള്ളതിൽ ഏറ്റവും നല്ലതിനെ നൽകി സ്നേഹമെന്താണെന്ന് ലോകത്തെ പഠിപ്പിച്ചു. സ്നേഹം മനുഷ്യനെ നിത്യനാശത്തിൽ നിന്നും രക്ഷിക്കുന്ന ഔഷധമാണ്. ഉണങ്ങി വരണ്ട അസ്ഥികൾ പോലും സ്നേഹത്തിന്റെ ജീവശ്വാസമേല്ക്കുമ്പോൾ ജീവനിലേക്ക് വരുന്നു. മൃതമായ മണ്ണിൽ സ്നേഹത്തിന്റെ ജലകണം വീഴുമ്പോൾ ജീവന്റെ സമൃദ്ധിയുണ്ടാകും.

ദൈവത്തോടുള്ള സ്നേമഹമെന്നാൽ ദൈവത്തിലുള്ള വിശ്വാസമാണ്. ദൈവത്തോടുള്ള അബ്രഹാമിന്റെ സ്നേഹമാണ്, അബ്രഹാത്തെ വിശ്വാസികളുടെ പിതാവാക്കിയത്. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുന്നിൽ വിശ്വസിക്കുന്നവർക്ക് ദൈവം എല്ലാം നന്മയാക്കി മാറ്റുന്നു (റോമാ 8:28)

## വിശ്വസിക്കുന്നവർക്ക് ശിക്ഷാവിധിയില്ല

യേശുവിൽ വിശ്വസിക്കുന്ന ഒ

രുവനും ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നില്ല; പ്രത്യുത രക്ഷിക്കപ്പെടുന്നു. വിശ്വസിക്കാത്തവന്റെ വാസം എപ്പോഴും അന്ധകാരത്തിലായിരിക്കും. കാരണം അവിശ്വാസിയുടെ മനസ്സ് അന്ധകാരത്തെ സ്നേഹിക്കുന്നു, അതിലേക്ക് ചാഞ്ഞിരിക്കുന്നു. നിത്യപ്രകാശമായ യേശുവിനെക്കാൾ യൂദാസ് സ്നേഹിച്ചത് അന്ധകാരത്തെയായിരുന്നു. അവന്റെ ചെറു ചലനങ്ങൾ പോലും അന്ധകാരത്തിന്റെ മറവിലായിരുന്നു. അതുകൊണ്ടാണ് മറ്റു ശിഷ്യന്മാർക്ക് യൂദാസിന്റെ കെണി അറിയാതെ പോയത്.

അന്ധകാരത്തിൽ വസിക്കുന്നവന്റെ പ്രവൃത്തി തിന്മ നിറഞ്ഞതായിരിക്കും. രാത്രിയിലെ അന്ധകാരത്തിന്റെ മറവിലായിരുന്നു യൂദാസ് യേശുവിനെ ഒറ്റികൊടുക്കുക എന്ന ഏറ്റവും വലിയ തിന്മ ചെയ്തത്. അന്ധകാരത്തിന്റെ തടവിലായിരുന്ന സാവൂൾ വീടുകൾതോറും കയറിയിറങ്ങി സ്ത്രീ പുരുഷന്മാരെ വലിച്ചിഴച്ചുകൊണ്ടു വന്ന് തടവിലാക്കുകയെന്ന തിന്മ നിറഞ്ഞ പ്രവൃത്തി ചെയ്തത്. ദൈവം അവനെ ശിക്ഷിച്ചില്ല. കാരണം യഥാർത്ഥ സത്യം മനസ്സിലാക്കി ദൈവത്താൽ അയക്കപ്പെട്ട യേശുവിൽ വിശ്വസിച്ചു. യേശുവിനെ തള്ളി പറഞ്ഞ പത്രോസിനെ ശിക്ഷിക്കാത്തത് മാനസാന്തരപ്പെട്ട് വിശ്വസിച്ചതുകൊണ്ടാണ്. പകലിനു യോജിച്ച ഫലങ്ങൾ പുറപ്പെടുവിക്കാനുള്ള ഉൾവിളിയാണ് അതി കഠിനമായ തിന്മ നിറഞ്ഞ പ്രവർത്തനങ്ങളിലേർപ്പെട്ട അഗസ്റ്റിനെ വിശുദ്ധ അഗസ്റ്റിനാക്കിയത്. ദൈവത്തിൽ വിശ്വസിക്കുന്ന ഏതൊരു പാപിക്കും ദൈവം ശിക്ഷ നല്കുന്നില്ല, രക്ഷ നല്കുന്നു. രക്ഷ നൽകാൻ ഈ ലോകത്തിലേക്ക് വന്ന യേശുവിൽ വിശ്വസിക്കാം. അവൻ ഈ ലോകത്തിൽ നിത്യ സത്യവും നിത്യപ്രകാശവും നിത്യജീവനുമാണ്. ■

## നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

നോമ്പുകാലം 5-ാം ഞായർ (മാർച്ച് 18)

# അതിരുകളിലേക്കുള്ള യാത്ര

ജെറ. 31: 31-34 | ഹെബ്രാ. 5: 7-9 | യോഹ. 12 : 20-23



ആദ്യം നിനവെയിലെ ജനങ്ങളാണ് ഉപവാസം പ്രഖ്യാപിച്ചത്. ഇതുകണ്ട് രാജാവ് ചാക്കുടുത്ത് ചാരത്തിൽ ഇരുന്നു. രാജ്യം മുഴുവൻ കന്നുകാലികൾ ഉൾപ്പെടെയുള്ളവർക്ക് ഉപവാസം പ്രഖ്യാപിച്ചു.

‘നിങ്ങൾ അതിർത്തികളിലേക്കും അതിരുകളിലേക്കും പോകണം ആ അതിർത്തികളെ നാം ഭവനത്തിലേക്കു കൊണ്ടുവന്നു ചായം തേച്ചുപിടിപ്പിച്ചു മെരുക്കിയിണക്കരുത്' ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ നമ്മുടെ സുവിശേഷം സഞ്ചരിക്കേണ്ട ദൂരത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ഏറ്റവും ദൂരത്തിരിക്കുന്നവരിലേക്കും എല്ലാ അതിരുകളിലേക്കും നമുക്ക് പോകേണ്ടതുണ്ട്. അതിരുകൾ വല്ലാതങ്ങ് ചുരുങ്ങിപ്പോയ കാലമാണിത്. ഭവനങ്ങളിലേക്കും സ്വന്തം ജാതിയിലേക്കും ചുരുങ്ങിപ്പോയവർ. ചാതുർവർണ്യം നവീന വേഷഭൂഷാധികളോടെ കളം നിറഞ്ഞാടുന്നു. ആദിവാസിയുവാവിനെ കെട്ടിയിട്ട് നെഞ്ചകം ചവിട്ടിപ്പിളർത്തിക്കൊല്ലുന്ന കേരളീയന്റെ പുതിയമുഖം. 'എച്ചേ ഹോമോ' ഇതാ ആ മനുഷ്യൻ വിശന്നപ്പോൾ അരിയെടുത്തുവെന്ന ആരോപണം നേരിട്ടവൻ. അപ്പം കൊടുത്തിട്ടും കൊടുംകൊള്ളയ്ക്കെതിരെ ചാട്ടയെടുക്കേണ്ടിവന്നതിനാൽ കൈകൾ കെട്ടി ക്രിസ്തുവും ബന്ധിതനായി. യേശുവിന്റെ ചാട്ട വീശപ്പെട്ട നിമിഷം തന്നെ അവന്റെ മരണവാറണ്ട് തയ്യാറായി. കച്ചവടക്കാരെ തല്ലിയോടിച്ചപ്പോൾ യഹൂദപ്രമാണികളുടെയും പുരോഹിതരുടെയും വരുമാനമാർഗത്തിലാണ് അവിടുന്ന് കൈവച്ചത്. അതുകൊണ്ടാണ് അന്ത്യം പെട്ടെന്നായത്. പറയേണ്ടത് പറയാതെ, ചെയ്യേണ്ടത് ചെയ്യാതെ നാമും ബന്ധനസ്ഥരാണ്. നമ്മുടെ സ്വാതന്ത്ര്യം പല പ്രലോഭനങ്ങളിലും ഭീഷണിപ്പെടുത്തലുകളിലും അടിപ്പെട്ട് കെട്ടപ്പെട്ടു. ജെറമിയാ പ്രവാചകനിലൂടെ കർത്താവ് ഇസ്രായേൽ ജനതയുമായി ഒരു പുതിയ ഉടമ്പടി എഴുതുന്നു. സമ്പൂർണമായ ദൈവവിശ്വാസ പ്രഖ്യാപനം. കർത്താവിനെ അറിയാത്ത ആരും ഇനി ഉണ്ടാകില്ല. കർത്താവ് ഉടമ്പടി ഹൃദയത്തിലാണ് എഴുതുന്നത്. മാനസാന്തരപ്പെട്ടവരുടെ ഹൃദയത്തിൽ അത് അടയാളവും പരിരക്ഷയുമാണ്.

യേശുക്രിസ്തു ദൈവത്തിന്റെ മകനായിരുന്നിട്ടും അനുസരണം അഭ്യസിച്ചു. മനുഷ്യമക്കളുടെ പാപവിമോചനത്തിനുവേണ്ടി സ്വയം കുരിശേറുവാനുള്ള യേശുവിന്റെ സന്നദ്ധതയാണ് അവന്റെ അനുസരണം. ഈ അനുസരണത്തിലേക്ക് തന്നെത്തന്നെ ഒരുക്കുന്നതിനാണ് കണ്ണീരോടും വിലാപത്തോടും

കൂടി യേശു പ്രാർത്ഥിക്കുന്നതെന്ന് ഹെബ്രായക്കാരുടെ ലേഖനം സ്പഷ്ട മാക്കുന്നു.

## നിങ്ങൾ പ്രവാചകനെ കണ്ടുവോ?

ജെറുസലേം തിരുന്നാളിൽ വന്ന ഏതാനും ഗ്രീക്കുകാർ യേശുവിനെ കാണാൻ ആഗ്രഹിച്ചു. ഒരുപക്ഷേ അവരുടെ വരവിന്റെ ഉദ്ദേശം തന്നെ യേശുവിനെ ഒന്നുകാണുകയെന്നതാണ്. ഒരു ആഗ്രഹം എത്ര ചെവികളിലേക്കാണ് എത്തിച്ചേരുക? പിലിപ്പോസിലേക്ക് അന്ത്രയോസിലേക്ക്, പിന്നെ അവരിരുവരും വഴി യേശുവിലേക്ക്. കാണണമെന്നുള്ള ആഗ്രഹത്തിനുള്ള മറുപടിയാണ് മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായി എന്ന വാക്കുകൾ. യേശുവിനെ ഇനി കാണുക സഹനദാസനായാണ്. നിന്ദിതനും പീഡിതനുമായി കുരിശുമരണത്തിലേക്ക് വലിച്ചിഴക്കപ്പെട്ടവനായി, കല്ലറയിൽ നിന്ന് ഉയിർക്കപ്പെട്ടവനായി. ഗ്രീക്കുകാർ യേശുവിനെ മരണത്തിന് മുൻപ് കണ്ടോയെന്ന് യോഹന്നാൻ സുവിശേഷകൻ പറയുന്നില്ല. തീർച്ചയായും ഉത്ഥാനദർശനവും സുവിശേഷദൗത്യവും അവർക്കുണ്ടായിട്ടുണ്ട്.

ആദ്യം നിനവെയിലെ ജനങ്ങളാണ് ഉപവാസം പ്രഖ്യാപിച്ചത്. ഇതു കണ്ട് രാജാവ് ചാക്കുടുത്ത് ചാരത്തിൽ ഇരുന്നു. രാജ്യം മുഴുവൻ കന്നുകാലികൾ ഉൾപ്പെടെയുള്ളവർക്ക് ഉപവാസം പ്രഖ്യാപിച്ചു. ഒരു നന്മ ജനങ്ങളുടെ ഇടയിൽ നിന്ന് വന്നാൽ പോലും അത് ഉചിതമെന്നുകണ്ട് നടപ്പാക്കുന്നതാണ് യഥാർത്ഥ ഭരണാധികാരി. സങ്കുചിതമായ മനോഭാവങ്ങളും വർഗീയഭ്രാന്തും ഫാസിസ പ്രവർത്തനങ്ങളും കൊണ്ടുനടക്കുന്ന നമ്മുടെ അധികാരവർഗത്തിന് എങ്ങനെ തുല്യനീതിയും തുല്യ അകാശവും സംരക്ഷിക്കാനാകും. അവർ തീരുമാനങ്ങൾ അടിച്ചേൽപ്പിക്കുന്നു. കീഴാളന്റെ വികസനം അവരുടെ നയങ്ങളിൽ ഇല്ല. നമുക്ക് ഇന്ന് എന്തെങ്കിലും തണലില്ലാതെ പറ്റില്ല. ദൈവത്തിന്റെ തണൽവീട്ട് സർപ്പത്തിന്റെ തണലിൽ അഭയം തേടിയ ആദം. നാം എത്രമാത്രം സൗകര്യങ്ങളും സുരക്ഷിതത്വവും നോക്കുന്നുവോ അത്രമാത്രം നമ്മുടെ സുവിശേഷത്തിന്റെ ചക്രവാളങ്ങൾ ചുരുങ്ങിപ്പോകും. പത്രോസ് യേശുവിനെ മാറ്റിനിർത്തിയിട്ടാണ് നിനക്ക് ഇതൊരിക്കലും സംഭവിക്കാതിരിക്കട്ടെ എന്ന് പറഞ്ഞത്. ക്രിസ്തുവിന്റെ അത്ഭുതപ്രവർത്തനങ്ങളുടെയും പ്രശസ്തിയുടെയും തണൽ ഉപേക്ഷിക്കാതിരിക്കാനാണ് പത്രോസ് യേശുവിനെ തടയുന്നത്. രാവിലെ മുതൽ പള്ളിപ്പരിസരത്ത് കറങ്ങിനടക്കുന്ന വൈദികരുണ്ട്. എവിടെയാണ് അടുത്ത് കുഴികുത്തേണ്ടത്; തറക്കല്ലിടാൻ! സ്വപ്നങ്ങളിൽ നിന്ന് കല്ലും സിമന്റും കമ്പിയുമൊക്കെ ഉപേക്ഷിച്ച് നിർമിത സഭയിൽ നിന്നും പുറത്തുകടക്കാതെ നമുക്ക് സഭയെ വീണ്ടെടുക്കാനാകില്ല. ഫ്രാൻസിസ് പാപ്പ ഉപദേശിക്കുന്നു 'സന്ധിചെയ്യാനാകാത്ത ദൈവരാജ്യ പ്രവചനം. പ്രവാചകന്റെ പങ്കുനിർവഹിക്കുക എന്നതിലല്ല, പ്രവാചകന്മാരായിരിക്കുക എന്നതിലാണ് ഊന്നൽ.' ലാറ്റിനമേരിക്കൻ മെത്രാന്മാരുടെ സമ്മേളനത്തിന്റെ അടിസ്ഥാനരേഖയിൽ പറയുന്നു. കർത്താവുമായി നേരിട്ടുള്ള കൂടിക്കാഴ്ചക്ക് വഴിയൊരുക്കുന്ന സാന്ത്വനത്തിന്റെയും സന്തോഷത്തിന്റെയും വാഹകയാണ് സഭ. ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുക, വികസനക്കുതിപ്പിനുള്ള ആവേശമുണ്ടാക്കുക, പഠിക്കുന്നതിലും ജോലിയെടുക്കുന്നതിലും ആനന്ദമടയുക, നമ്മെ ആവശ്യമുള്ളവർക്ക് ശുശ്രൂഷ ചെയ്യുക, പ്രകൃതിയുമായി ബന്ധം സ്ഥാപിക്കുക, ദേശരാഷ്ട്ര സമൂഹത്തിന്റെ പദ്ധതികളിൽ ആവേശം കാണിക്കുക.... അതിനാൽ തിരസ്കൃതനായവനെന്നോ തള്ളിക്കളയപ്പെട്ടവനെന്നോ തോന്നുന്നവരുടെ മുറിവുകളുണക്കാൻ സമരിയാക്കാരന്റെ സഭയ്ക്ക് കഴിയുന്നു. ■


**എല്ലാവർക്കും ഒരു ജന്മം മാത്രമുള്ള ഭൂമിയിൽ അനേകർക്ക് വഴിവിളക്കായി സ്വയം എരിഞ്ഞ് തീരുന്ന ചില ജന്മങ്ങൾ...**



**2018 മാർച്ച് 27ന് പൗരോഹിത്യത്തിന്റെ പത്താം വാർഷികം ആഘോഷിക്കുന്ന**
**ഫാ. ജോണി പുത്തൻവീട്ടിൽ , ഫാ. വിക്ടർ എവരിസ്റ്റസ്**
**ഫാ.ഷൈജു ദാസ് , ഫാ. യൂജിൻ ബ്രിട്ടോ , ഫാ.മാർട്ടിൻ മുട്ടിക്കൽ**
**എന്നീ വൈദീക ശ്രേഷ്ഠർക്ക് ഐ.വി.ഡി. സഭയുടെ പ്രാർത്ഥാശംസകൾ!!!**

ഫാ. അജിമോൻ IVDei

ഓശാനാ ഞായർ (മാർച്ച് 25)

# കർത്താവേ രക്ഷിക്കണേ

ഏശ. 50:4-7. | ഫിലി. 2:6-11 | മാർക്കോ. 14:1-15:47

കുട്ടികളെ ഒരുപാട് സ്നേഹിച്ചിരുന്ന രാജാവുണ്ടായിരുന്നു. കുട്ടികളും അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. രാജകൊട്ടാരത്തിലെ ഉദ്യാനത്തിൽ കുട്ടികൾ കളിക്കാനെത്തുമായിരുന്നു. ഒരു ദിവസം രാജാവും കുട്ടികൾക്കൊപ്പം കളിക്കുവാനെത്തി. രാജാവ് പറഞ്ഞു. ഇന്ന് നാം ഒരു പ്രത്യേക കളിയാണ് കളിക്കുവാൻ പോകുന്നത്. ഈ കൊട്ടാരത്തിൽ നിങ്ങൾക്ക് ഏറ്റവും  ഇഷ്ടപ്പെട്ടത് എന്താണ്. അത് നിങ്ങൾക്ക് തൊട്ട് സ്വന്തമാക്കാം. എല്ലാ കുട്ടികളും നാലുപാടും ചിതറിയോടി. അവർക്കിഷ്ടപ്പെട്ട സ്വർണ പാത്രങ്ങളും ഫലങ്ങളും, കളിപ്പാട്ടങ്ങളും അവർ തൊട്ടുസ്വന്തമാക്കിക്കൊണ്ടിരുന്നു. അപ്പോൾ എങ്ങും ഓടാതെ രാജാവിനെ നോക്കിക്കൊണ്ടിരിക്കുന്ന കുട്ടിയെ രാജാവ് ശ്രദ്ധിച്ചു. രാജാവ് അവനോട് ചോദിച്ചു. നിനക്കൊന്നും വേണ്ടേ, ഈ കൊട്ടാരത്തിൽ നിനക്ക് ഇഷ്ടമുള്ളത് എന്തും സ്വന്തമാക്കിക്കൊള്ളുക. അവൻ പതുക്കെ നടന്നുവന്ന് രാജാവിനെ തൊട്ടു. അങ്ങനെ രാജാവിനുള്ളതെല്ലാം അവന് സ്വന്തമായിത്തീർന്നു.

മനുഷ്യനെ ഒരുപാട് സ്നേഹിച്ചിരുന്ന ഒരു ദൈവമുണ്ടായിരുന്നു. ആ ദൈവം മനുഷ്യനായിത്തീർന്നു. അവനെ രക്ഷിക്കാൻ, എന്നാൽ ആ മനുഷ്യൻ സ്നേഹിച്ചത് ഈ ലോകത്തെ ആയിരുന്നു. ദൈവം മനുഷ്യനെ സ്നോഹിച്ചു കൊണ്ട് മനുഷ്യനായി. മനുഷ്യൻ ലോകത്തെ സ്നേഹിച്ചുകൊണ്ട് ലോകത്തിന് അടിമയായി. ഈ തിരിച്ചറിവിലേക്ക് നമ്മെ ക്ഷണിക്കുന്നതാണ് ഒശാന ഞായർ. ഹോസാന എന്ന വാക്കിന്റെ അർത്ഥം തന്നെ കർത്താവേ രക്ഷിക്കണേ എന്നാണല്ലോ. ഞങ്ങളെ രക്ഷിക്കുവാൻ മനുഷ്യനായ ദൈവത്തിനല്ലാതെ സാധിക്കില്ലെന്ന തിരിച്ചറിവിലേക്ക് ക്ഷണിക്കുന്ന ദിനം. ഇന്ന് വായിക്കുന്ന പീഡാസഹനവായനയിൽ ആ രക്ഷ എപ്രകാരമായിരിക്കും എന്ന് വ്യക്തം.



ദൈവം മനുഷ്യനെ സ്നോഹിച്ചുകൊണ്ട് മനുഷ്യനായി. മനുഷ്യൻ ലോകത്തെ സ്നേഹിച്ചുകൊണ്ട് ലോകത്തിന് അടിമയായി. ഈ തിരിച്ചറിവിലേക്ക് നമ്മെ ക്ഷണിക്കുന്നതാണ് ഒശാന ഞായർ.

ജനങ്ങൾ അവനെ വസ്ത്രങ്ങൾ നിലത്തുവിരിച്ച് സ്വീകരിക്കുന്നു. വസ്ത്രം വളരെ വിലപിടിച്ചതായി കരുതിയിരുന്ന കാലമായിരുന്നു അത്. അതുകൊണ്ടുതന്നെയാണ് അവന്റെ വസ്ത്രം ആർക്ക് ലഭിക്കണം എന്ന തീരുമാനിക്കുവാൻ വേണ്ടി നറുക്കിട്ടത്. ക്രിസ്തു അവന്റെ ജീവിതത്തിലെ രാജാവാകുന്നു. അതാണ് ഹോസാന (കർത്താവേ ഞങ്ങളെ രക്ഷിക്കണേ) അവിടെ ഉയർന്ന ജയ്വിളികളുടെ അർത്ഥം.

നമ്മുടെ ജീവിതം നാം ആരെ ഭരമേൽപ്പിക്കുന്നു എന്നത് വളരെ പ്രധാനപ്പെട്ടതാണ്. എന്റെ കൈയിൽ ഒരു വടിയുണ്ട് ആ വടികൊണ്ട് എനിക്ക് എന്റേതായ ആവശ്യങ്ങളുണ്ടാകാം. പക്ഷേ, അത് മോശയുടെ കൈയിൽ ആണെങ്കിൽ ചെങ്കടൽ രണ്ടായി ഭേദിക്കാനുള്ളതാണ്. ആരുടെ കൈയിൽ എന്നുള്ളതാണ് പ്രധാനം. എന്റെ കൈയിൽ ഉരുളൻ കല്ലുണ്ട്. ഈ കല്ലുകൾ എനിക്ക് ആഡംബരമായി കൊണ്ടുനടക്കാം. പക്ഷേ  ഈ കല്ലുകൾ ദാവീദിന്റെ കൈയിൽ ആണെങ്കിൽ ഗോലിയാത്തിനെ വീഴ്ത്താനുള്ളതാണ്. ആരുടെ കൈയിൽ എന്നുള്ളതാണ് പ്രധാനം. ആബാലവൃന്ദം ജനങ്ങളും തങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ മുമ്പിൽ സമർപ്പിക്കുന്നു. ആരുടെ കൈയിൽ എന്നുള്ളത് വീണ്ടും പ്രസക്തമാകുന്നു. അവർക്ക് ക്രിസ്തു എന്നും രക്ഷകനാണ്. അതാണ് ഹോസാന.

കുരുത്തോലയുമായി നാം ദൈവാലയത്തിൽ പ്രവേശിക്കുമ്പോൾ അതിന് കൽപ്പിക്കാവുന്ന അർത്ഥം പലതുണ്ട്. കുരുത്ത് ഓല. കുരുന്ന് ഹൃദയമുണ്ടാവാൻ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിന്റെ പ്രതിപുരുഷനായ പുരോഹിതൻ ദൈവാലയത്തിലെ പ്രധാന വാതിൽ തുറന്ന് അകത്ത് പ്രവേശിക്കുന്നത്, ഹൃദയവാതിൽ തുറന്ന് ക്രിസ്തു പ്രവേശിക്കുന്നതിന് തുല്യം. മറ്റൊരർത്ഥത്തിൽ ശിലാഹൃദയത്തിൽ നിന്ന് മാംസള ഹൃദയത്തിലേക്ക് വരുവാൻ വിശുദ്ധിയിൽ എന്നും ആയിരിക്കാൻ വിശുദ്ധവാര പ്രവേശനം നമ്മെ ഓർമ്മിപ്പിക്കുന്നു. ഹൃദയമാകുന്ന സക്രാരിയിൽ, ആ സിംഹാസനത്തിൽ ആത്മാവിന്റെ മണിമണ്ഡപത്തിൽ നാം തന്നെ ഇരുത്തി പൂജിക്കുന്ന അനേകം കുട്ടി ദൈവങ്ങളുണ്ട്. അവയെ എല്ലാം നാം എന്ന് ആട്ടിപ്പുറത്താക്കുമോ അന്ന് നമ്മുടെ ജീവിത്തിൽ വിശുദ്ധവാരം ആരംഭിക്കുന്നു. അന്ന് നമ്മുടെ ജീവിത്തിതിലേക്ക് ക്രിസ്തുവിനെ ക്ഷണിക്കാൻ നമുക്കാകും. ഹോസാന എന്ന ഹ്രസ്വ പ്രാർത്ഥന ഉരുവിടാൻ നമുക്ക് സാധിക്കും. (കർത്താവേ രക്ഷിക്കണേ) ഈ ഹ്രസ്വ പ്രാർത്ഥന ഹ്രസ്വമായ ഈ ജീവിതത്തിന് രക്ഷയാകാൻ ഈ പ്രാർത്ഥനയും ഈ വിശുദ്ധവാരവും നമ്മെ സഹായിക്കട്ടെ. ■



## അടിസ്ഥാന ക്രൈസ്തവ സമൂഹം



ഫാ. മൈക്കിൾ തോമസ്
ബിസിസി എക്സി. സെക്രട്ടറി

# അർത്ഥവത്തായ തപസാചരണം ബി.സി.സി. യൂണിറ്റുകളിൽ

കത്തോലിക്കാസഭയുടെ ആരാധനാ വത്സരത്തിലെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന നാളുകളാണ് പെസഹാ ത്രിദിനം. വിശുദ്ധവാരത്തിലെ പെസഹാ വ്യാഴാഴ്ചത്തെ തിരുകർമ്മങ്ങളോടുകൂടി ആരംഭിക്കുന്ന പെസഹാത്രിദിനം അവസാനിക്കുന്നത് പെസഹാജാഗരണത്തോടും കർത്താവിന്റെ ഉത്ഥാന മഹോത്സവത്തോടും കൂടിയാണ്. രക്ഷകനായ കർത്താവിന്റെ ഉത്ഥാനമഹോത്സവം ഏറ്റവും യോഗ്യതയോടും അർഹിക്കുന്ന പ്രാധാന്യത്തോടും കൂടി ആഘോഷിക്കുവാനുള്ള ഒരുക്കനാളുകളാണ് തപസുകാലം.



ഈ പശ്ചാത്തലത്തിൽ ദൈവം പ്രത്യേകമായി അനുഗ്രഹത്തിന്റെ ദിനങ്ങളായി നൽകിയിരിക്കുന്ന ഈ തപസുകാലം നമ്മുടെ വ്യക്തിജീവിതത്തെ വിശുദ്ധീകരിക്കുവാനും തകരുന്ന കുടുംബബന്ധങ്ങളെ ഇണക്കിചേർത്ത് ഊഷ്മളമാക്കുവാനും ബി.സി.സി. പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാനുമുള്ള അവസരമായി നമുക്ക് ഉപയോഗിക്കാം. അതിനായ് കുടുംബങ്ങളിലും കുടുംബയൂണിറ്റുകളിലും നമ്മെ സഹായിക്കുന്ന ചില പ്രായോഗിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### കുടുംബതലത്തിൽ

1. സാധിക്കുന്ന എല്ലാ കുടുംബങ്ങളും തപസുകാലത്തെ അനുദിന ദിവ്യബലിയിൽ മുടങ്ങാതെ പങ്കെടുക്കുക.

2. ദിവസവും 'ഒരു പിടി അരി' മിച്ചം പിടിച്ച് പട്ടിണി പാവങ്ങൾക്കായ് മാറ്റിവയ്ക്കുക.

3. ആഴ്ചയിൽ ഒരുനേരമെങ്കിലും ഉപവസിച്ചുകൊണ്ടും ഏറ്റവും ഇഷ്ടപ്പെട്ട ഒരു സാധനം ഉപേക്ഷിച്ചുകൊണ്ടും ശേഖരിക്കുന്ന പൈസ സ്വരുക്കൂട്ടി ഉപവി പ്രവർത്തനങ്ങൾക്കായി നൽകുക.

4. അതിരൂപതാ കുടുംബശുശ്രൂഷാ സമിതി നിർദ്ദേശിക്കുന്ന മാധ്യമ വിമുക്ത മണിക്കൂർ വിശ്വസ്തയോടെ പാലിച്ചുകൊണ്ട് ഒരുമിച്ച് കുടുംബമായി പ്രാർത്ഥിക്കുന്ന, ഭക്ഷിക്കുന്ന, സംസാരിക്കുന്ന ശീലം വളർത്തിയെടുക്കുക.

5 സാധിക്കുന്ന കുടുംബങ്ങൾ കുടുംബ നവീകരണ ധ്യാനങ്ങളിൽ പങ്കെടുക്കുകയും ഒരുക്കത്തോടെ അനുരഞ്ജന കൂദാശ സ്വീകരിക്കുകയും ചെയ്യുക.

### ബി.സി.സി. യൂണിറ്റുതലത്തിൽ

1. ആഴ്ചയിൽ ഒരു ദിവസം സമയം നിശ്ചയിച്ച് എല്ലാ യൂണിറ്റ് അംഗങ്ങളുടേയും സഹകരണത്തോട കുരിശിന്റെ വഴി പ്രാർത്ഥിക്കുക.

2. യൂണിറ്റുതലത്തിൽ തപസുകാലം ആതുരാലയങ്ങളോ അനാഥമന്ദിരങ്ങളോ വൃദ്ധസദനങ്ങളോ സന്ദർശിച്ച് അവിടുത്തെ അന്തേവാസികളുമായി കുറച്ചുസമയം ചെലവഴിക്കുകയും ഒരു നേരത്തെ ആഹാരം നൽകുകയും ചെയ്യുക.

3. പെസഹാ വ്യാഴാഴ്ചയും ദുഃഖവെള്ളിയും ബി.സി.സി. യൂണിറ്റുകൾക്കും വാർഡുകൾക്കും നിശ്ചയിച്ചു നൽകുന്ന ദിവ്യകാരുണ്യ ആരാധനാ സമയം അനുദിനജീവിതാനുഭവങ്ങളെ കോർത്തിണക്കി മുൻകൂട്ടി ഒരുങ്ങി ഭക്തിയോടും പങ്കാളിത്തത്തോടും കൂടി ആരാധന നടത്താവുന്നതാണ്.

4. യൂണിറ്റുതലത്തിൽ പെസഹാ വ്യാഴാഴ്ച ഇടവക പള്ളിയിലെ തിരുകർമ്മങ്ങൾക്കു ശേഷം ഉചിതമായ സമയത്ത് എല്ലാ കുടുംബാംഗങ്ങളും ചേർന്ന് പെസഹാ അപ്പം മുറിക്കുകയും പ്രാർത്ഥനാ ശുശ്രൂഷ നടത്തുകയും ചെയ്യുക.

*NB: പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് യൂണിറ്റുതലത്തിൽ ഉപയോഗിക്കാനായുള്ള പ്രാർത്ഥനാ ശുശ്രൂഷാ സഹായി ഇടവകകളിൽ എത്തിക്കുന്നതായിരിക്കും.*

# വചനജ്വാല

2018 ഏപ്രിൽ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# നമുക്ക് അവനോടൊപ്പം യാത്ര ചെയ്യാം

1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം

2. സ്വാഗതം: കുടുംബനാഥൻ/നാഥ

3. ആമുഖം

നീണ്ട 40 ദിവസത്തെ നോമ്പുകാല ഒരുക്കത്തെ തുടർന്ന് ആരാധനാവത്സരത്തിലെ ഏറ്റവും പ്രധാനപ്പെട്ട തിരുനാളായ കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാന മഹോത്സവം നാം ആഘോഷിക്കുകയുണ്ടായി. ഉയിർപ്പ് തിരുനാളിന്റെ പ്രാധാന്യവും ചൈതന്യവും ശരിയായ രീതിയിൽ ഉൾക്കൊള്ളുന്നില്ലെങ്കിൽ തപസുകാലാനുഷ്ഠാനുങ്ങൾക്ക് പ്രസക്തിയില്ല. അതിനാൽ തന്നെ തിരുനാളുകളുടെ തിരുനാൾ എന്നു വിശേഷിപ്പിക്കപ്പെടുന്ന കർത്താവിന്റെ ഉത്ഥാനത്തിന്റെ പ്രസക്തിയും നമ്മുടെ അനുദിനജീവിതത്തിൽ അത് നൽകുന്ന സന്ദേശവും ഉൾക്കൊള്ളുവാനായി ഈ മാസത്തെ കുടുംബ കൂട്ടായ്മ യോഗത്തിൽ നമുക്ക് ശ്രമിക്കാം.

ഇന്ന് നാം അനുഭവിക്കുന്ന പലവിധമായ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും പെട്ട് നഷ്ടധൈര്യരാകാതെ, നിരാശരാകാതെ പ്രത്യാശയോടെ ജീവിക്കുവാനുള്ള വലിയൊരു ഉൾക്കരുത്തും ഉത്തേജനവുമാണ് ഉയിർപ്പ് മഹോത്സവം നമുക്കേകുന്നത്. പ്രതീക്ഷയുടെ ചൈതന്യത്തോടെ നമ്മുടെ ബി.സി.സി. യൂണിറ്റിനേയും ഇവിടുത്തെ ശുശ്രൂഷാ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുള്ള കൃപ നൽകണമേ എന്ന ആഗ്രഹത്തോടും പ്രാർത്ഥനയോടും കൂടി ഈ യോഗത്തിൽ താല്പര്യപൂർവ്വം നമുക്ക് പങ്കുചേരാം.

4. യേശുവിനെ ക്ഷണിക്കൽ

പ്രതിസന്ധികളിൽ തളരാതെ ജീവിക്കുവാനും പരസ്പരം പ്രത്യാശയേകി ജീവിതത്തിന് അർത്ഥം കണ്ടെത്തുവാനും ഉത്സാഹത്തോടെ ശുശ്രൂഷകളിൽ വ്യാപരിക്കുവാൻ കരുത്തുമേകുന്ന യേശുവിനെ നമ്മുടെ കൂട്ടായ്മയിലേക്ക് നമുക്ക് ക്ഷണിക്കാം.

5. വചനഗീതി

6. ദൈവവചന പാരായണം
   (ലൂക്കാ 24:13-16; 28-35)

7. വചനവിചിന്തനം

നമുക്കേവർക്കും സുപരിചിതമായ തിരുവചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ചത്. യേശുവിന്റെ പീഡാനുഭവത്തെയും മരണത്തേയും കുറിച്ച് സംസാരിച്ചുകൊണ്ട് രണ്ട് ക്രിസ്തുശിഷ്യന്മാർ നിരാശയോടെ എമ്മാവൂസിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ഈ അവസരത്തിൽ ഉത്ഥിതനായ യേശു ശിഷ്യന്മാരോടൊപ്പം ചേർന്ന്

യാത്ര തുടരുകയായിരുന്നു. ഈ സംഭവത്തിൽ നിന്നും നമ്മുടെ അനുദിന ജീവിതവും കുടുംബകൂട്ടായ്മാ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുവാനും അർത്ഥവത്താക്കുവാനുമായി നമുക്ക് ചില പ്രായോഗിക സന്ദേശം സ്വീകരിക്കാവുന്നതാണ്.

എമ്മാവൂസിലേക്ക് യാത്ര ചെയ്യുന്ന അവസ്ഥ മനസ്സിലാക്കുകയാണ് കരണീയമായ ആദ്യഘട്ടം. തങ്ങളുടെ ജീവിനോപധിയും കുടുംബവും എല്ലാം ഉപേക്ഷിച്ച് ഏറെ പ്രതീക്ഷയോടുകൂടിയാണ് ഈ ശിഷ്യർ യേശുവിനെ അനുധാവനം ചെയ്തത്. ഇനി ജീവിതത്തിൽ ഒന്നിനെക്കുറിച്ചും ആകുലപ്പെടേണ്ടി വരില്ലെന്നും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം നൽകുന്ന, അത്ഭുതസിദ്ധിയുള്ള ഗുരുവിന്റെ കൂടെയാണ് തങ്ങൾ ആയിരിക്കുന്നതെന്ന സുരക്ഷിതബോധത്തിലായിരുന്നു ശിഷ്യന്മാർ. അങ്ങനെയിരിക്കെയാണ് തങ്ങളുടെ പ്രതീക്ഷക്കെല്ലാം മങ്ങലേല്പിച്ചുകൊണ്ട് യേശു അതിദാരുണമായ പീഡകളേറ്റുവാങ്ങി കുരിശിൽ വധിക്കപ്പെടുന്നത്. തുടർന്ന് ശിഷ്യന്മാർ തങ്ങൾ ഉപേക്ഷിച്ചതിനെ അന്വേഷിച്ച് ശിഷ്യത്വത്തിന്റെ യാത്ര തുടങ്ങിയ സ്ഥലത്തേക്ക് മടക്കയാത്ര ചെയ്യുകയാണ് നിരാശയോടെ, മ്ലാനവദനത്തോടെ.

ഈ അവസരത്തിൽ ക്രൂരമായ പീഡകളേയും മരണത്തേയും അതിജീവിച്ച് ഉത്ഥിതനായ യേശു സഹയാത്രികനായി കൂടെ ചേരുന്നു. യേശുവിനെ തിരിച്ചറിയാൻ കഴിയാത്തവിധം കണ്ണുകൾ മൂടപ്പെട്ടിരുന്നുവെന്നാണ് വചനം സാക്ഷ്യപ്പെടുത്തുന്നത്. നിരാശയിലാണ്ടു പോകുമ്പോൾ നമ്മളും പലപ്പോഴും കൂടെ സഞ്ചരിക്കുന്ന ഉത്ഥിതനെ തിരിച്ചറിയാൻ കഴിയാതെ വരുന്നു.

സഹയാത്രികനായ യേശു ശ്രദ്ധാപൂർവ്വം അവരുടെ സംഭാഷണം ശ്രവിക്കുകയാണ്. തുടർന്ന് സാവധാനം അവരുടെ സംഭാഷണത്തിലെ ഭാഗമായിത്തീരുന്നു. അവരിൽ വിശ്വാസം സ്ഥാപിച്ചെടുക്കുന്നു. അതിലൂടെ അതേവരെ അവർക്ക് മനസിലാകാതിരുന്ന തിരുവചനം വ്യക്തമായി വ്യാഖ്യാനിച്ചു നൽകും. അങ്ങനെ അപരിചിതനാണെങ്കിലും വിശ്വാസം നേടി ഹൃദയബന്ധം സ്ഥാപിക്കുന്ന യേശുവിനോട് തങ്ങളുടെ കൂടെ താമസിക്കുവാൻ അവർ ആവശ്യപ്പെടുന്നു. നേരം സന്ധ്യയായി എന്നുപറഞ്ഞു യാത്രികനായ യേശുവിന് സഹായമരുളുവാനാണ് കൂടെ വസിക്കുവാൻ ശിഷ്യർ യേശുവിനെ ക്ഷണിച്ചത്.

എന്നാൽ യേശുവാകട്ടെ ശിഷ്യരുടെ കൂടെ വസിച്ചുകൊണ്ട്, വചനത്തിലൂടെ അവരുടെ ഹൃദയം ജ്വലിപ്പിക്കുകയും അപ്പം മുറിച്ച് നൽകിക്കൊണ്ട് നയനങ്ങളെ തുറപ്പിക്കുകയും ചെയ്തു. ഇതിലൂടെ സഹായം നൽകാനെന്ന ഭാവേന ക്ഷണിക്കപ്പെട്ട അഥിതിയായ യേശു ആതിഥേയരായ ശിഷ്യന്മാരെ സഹായിക്കുന്നു. ജീവിതത്തിൽ നഷ്ടപ്പെട്ട പ്രത്യാശയും അർത്ഥവും വീണ്ടെടുക്കുവാൻ. വചനഭാഷ്യമനുസരിച്ച് എമ്മാവൂസിലേക്കുപോകുകയായിരുന്ന ശിഷ്യന്മാർ ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടിയതിലൂടെ അവിടുത്തെ സന്തോഷവും സമാധാനവും അനുഭവിക്കുന്നതിലൂടെ പുത്തൻ ഉണർവോടും പ്രത്യാശയോടും കൂടി ജറുസലേമിലേക്ക് തിരിച്ചുപോയി, കൂടെയുണ്ടായിരുന്ന ശിഷ്യഗണത്തോട് പ്രതീക്ഷയുടെ സന്ദേശം പങ്കുവച്ചു.

നമ്മുടെ കുടുംബങ്ങളിലും കുടുംബകൂട്ടായ്മകളിലും സന്തോഷവും സമാധാനവുമുണ്ടാകണമെങ്കിൽ, ജീവിതത്തിന് അർത്ഥവും പ്രതീക്ഷയും ലഭിക്കണമെങ്കിൽ യേശുവിനെ സഹയാത്രികനായി കൂട്ടണം. ജീവനുള്ള അവിടുത്തെ വചനം ശ്രവിക്കാൻ സമയം കണ്ടെത്തണം. സ്വയം മുറിച്ച് പങ്കുവച്ചു നൽകുന്ന ദിവ്യബലിയിൽ ഒരുക്കത്തോടെ പങ്കെടുക്കണം. അപ്പോൾ നമ്മളും പ്രത്യാശയുടെ മക്കളാകും. ശുശ്രൂഷാ പ്രവർത്തനങ്ങളിൽ ഉത്സാഹത്തോടും സന്തോഷത്തോടും പങ്കുചേരും. അതുവഴി നമ്മുടെ ബി.സി.സി. യൂണിറ്റുകൾ സജീവമാകും, പ്രത്യാശയുടെ തീരങ്ങളായി മാറും.

## 8. ചർച്ച

a. നമ്മുടെ വ്യക്തിജീവിതത്തിൽ, കുടുംബത്തിൽ, കുടുംബകൂട്ടായ്മയിൽ യേശുവിനെ തിരിച്ചറിയാനാകാത്തവിധം നമ്മുടെ കണ്ണുകളെ മൂടിപ്പിക്കുന്ന, നിരാശയിലേക്ക് തള്ളിവിടുന്ന ഘടകങ്ങൾ ഏതൊക്കെ?

b. വചനാനുഭവവും ദിവ്യബലിയിലെ പങ്കാളിത്തവും കൗദാശികജീവിതവും ശക്തിപ്പെടുത്തുവാൻ നമുക്ക് പ്രായോഗികമായി നമ്മുടെ കുടുംബങ്ങളിലും ബി.സി.സി. യൂണിറ്റുതലത്തിലുമായി എന്തു ചെയ്യാനാകും?

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. പൊതു അറിയിപ്പ്

ഈ വർഷത്തെ ഇടവക പ്ലാനും ബഡ്ജറ്റും ഊന്നൽ നൽകുന്ന പ്രധാന കാര്യപരിപാടികൾ ഇടവക കൗൺസിൽ അംഗങ്ങൾ, ശുശ്രൂഷാ പ്രതിനിധികൾ യൂണിറ്റിനെ അറിയിക്കുന്നു.

## 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ വ്യക്തിജീവിതത്തിൽ കുടുംബങ്ങളിൽ, കുടുംബയൂണിറ്റിൽ, ഇടവക പ്രവർത്തനങ്ങളിൽ കൂടുതൽ പ്രത്യാശയോടെ, ഉത്സാഹത്തോടെ പ്രവർത്തിക്കുവാനും ഉത്ഥിതനായ യേശുവിന്റെ സന്തോഷവും സമാധാനവും അനുഭവിക്കുവാനും പരസ്പരം പങ്കുവയ്ക്കുവാനുമുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

## 13. സമാപനഗാനം

## 14. സ്നേഹവിരുന്ന്.

## 15. നന്ദി


**സ്വർഗീയപിതാവിനോടൊപ്പം അഞ്ചാം വർഷത്തിലേക്ക്**

**25.03.2013**



**മാർട്ടിൻ റാഫേൽ**

സ്റ്റാർ ഹൗസ്

ടി.സി.89/866, കണ്ണാന്തുറ

"കണ്ടും സ്നേഹിച്ചും കൊതിതീരും മുമ്പേ തീരാത്ത ദുഃഖവും മായാത്ത രൂപവും വേദനിപ്പിക്കുന്ന ഓർമ്മകളുമായി ഞങ്ങളെ വിട്ടുപോയ ഞങ്ങളുടെ അച്ഛന്റെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട്"

ഭാര്യ **മെഡോണ മാർട്ടിൻ**
മകൻ **മിഥുൻ മാർട്ടിൻ**
മകൾ **മിലാനി മാർട്ടിൻ**

ഇളംതൂവൽ



# ഹോളിക്രോസ് എൽ.പി.സ്കൂൾ, പാലപ്പൂര്

കേരളത്തിലെ രണ്ടാമത്തെ ശുദ്ധ ജല തടാകമായ വെള്ളായണി കായലും സസ്യസമ്പത്ത് നിറഞ്ഞ കാർഷിക കോളേജും ഉൾപ്പെട്ട കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ ഒരുകൊച്ചുഗ്രാമമാണ് പാലപ്പൂര്. 1924 ൽ സ്ഥാപിതമായ വിശുദ്ധ കുരിശിന്റെ പള്ളിയോട് ചേർന്ന് 1925 ൽ പാലപ്പൂര് ഹോളിക്രോസ് എൽ.പി.സ്കൂൾ സ്ഥാപിതമായി. ജാതി മതഭേദമന്യേ ഗ്രാമവാസികൾ തങ്ങളുടെ അടിസ്ഥാന വിദ്യാഭ്യാസത്തിന് ആശ്രയിച്ചിരുന്നത് ഈ പള്ളിക്കൂടമാണ്. ഇന്ന് നാലുചുറ്റും അൺ എയ്ഡഡ് സ്കൂളുകൾ കൂൺപോലെ തലയുയർത്തിയിട്ടും സ്റ്റേറ്റ് സിലബസ് പഠിപ്പിക്കുന്ന ഇന്നാട്ടിലെ മികച്ച വിദ്യാലയമാണിത്. നിർധന കുടുംബങ്ങളിൽ നിന്നും വർഷംതോറും ഇരുന്നൂറോളം കുഞ്ഞുമക്കൾ ഇവിടെ പഠനം നടത്തിവരുന്നു.

കുട്ടികളുടെ സർവ്വതോന്മുഖമായ വികസനമാണ് സ്കൂൾ ലക്ഷ്യമിടുന്നത്. വൈജ്ഞാനിക, കലാ-കായിക സർഗാത്മക കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതോടൊപ്പം കുട്ടികളെ പ്രായോഗിക ജീവിതത്തിന് പ്രാപ്തരാക്കുക എന്നതിനും സ്കൂൾ വളരെയധികം പ്രാധാന്യം നൽകുന്നു. അക്ഷരജ്ഞാനം പകർന്നുനൽകുന്നതോടൊപ്പം, അച്ചടക്കം, സ്വഭാവ രൂപവൽക്കരണം, മൂല്യബോധം എന്നീ ഗുണങ്ങൾ പരിപോഷിപ്പിക്കുന്നതിലും പ്രത്യേകം ശ്രദ്ധചെലുത്തുന്നു. ആധുനിക സാങ്കേതിക വിദ്യകൾവഴി പഠന നിലവാരം ഉയർത്തുകയും നൂതന അധ്യാപന രീതിയിലൂടെ വ്യക്തിത്വവികസനം, നേതൃത്വ പാടവം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കുകയും ചെയ്യുന്നു. സ്കൂൾ സമയത്തിന് മുൻപ് 9.15 മുതൽ 9.50 വരെ അക്ഷരത്തെളിമ എന്ന പ്രവർത്തനത്തിലൂടെ അറിവിന്റെ ഉന്നത നിലവാരത്തിലേക്ക് ചിറകുവിരിക്കാൻ എല്ലാ കുട്ടികൾക്കും പരിശീലനം നൽകുന്നു. ഒരു ഗ്രാമമായതുകൊണ്ട് പ്രകൃതിയോട് കൂടുതൽ ഇണങ്ങി ജീവിക്കുവാൻ പ്ലാസ്റ്റിക് വിമുക്ത സ്കൂളായും ജൈവ വൈവിധ്യ സമൃദ്ധിയാലും നാടിന്റെ ശ്രേയസ്സ് സ്കൂൾ ഉയർത്തിപ്പിടിക്കുന്നു.

## അഭിമാന നിമിഷങ്ങൾ

- പഞ്ചായത്തുതല യുറീക്ക വിജ്ഞാനോത്സവത്തിൽ പങ്കെടുത്ത് എല്ലാ മത്സരങ്ങൾക്കും ഒന്നും രണ്ടും സ്ഥാനവും മികച്ച സ്കൂളായും തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ നാടകത്തിന് ഒന്നാം സ്ഥാനവും മികച്ച നടനായി സോജൻലാലിനെ ജില്ലാതലത്തിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തു.
- മാനേജ്മെന്റുതലത്തിൽ നടന്ന ഇംഗ്ലീഷ് ഫെസ്റ്റിൽ ആക്ഷൻ സോംഗിന് സൈന ആർ.എസ് മൂന്നാം സ്ഥാനവും ചിത്രരചനയിൽ ജിനു ജസ്റ്റിൻ മൂന്നാം സ്ഥാനവും എം.എസ്. പരീക്ഷയിൽ ലിന്യ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.
- യുണിക്സ് അക്കാദമി നടത്തിയ ജില്ലാ കംപ്യൂട്ടർ സ്കോളർഷിപ്പ് എക്സാമിൽ ജ്യോഷിത രണ്ടാം റാങ്ക് നേടി.

### ഓവറോൾ നേടിയ സ്കൂൾ ടീം

*തിരുവനന്തപുരം സൗത്ത് സബ് ജില്ലാ കായിക മത്സരത്തിൽ (എൽ.പി.) ഓവറോൾ ചാമ്പ്യൻഷിപ്പും നേടിയ സ്കൂൾ ടീം. വ്യക്തിഗത ചാമ്പ്യൻ അനന്തു.എസ്, എൽ.പി. കിഡ്ഡീസ് വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യൻ ആനന്ദ് പി.എസ്. എന്നിവരോടൊപ്പം*







സ്കൂൾ
ഹെഡ്മിസ്ട്രസ്
സാറാമ്മ പി.എസ്



കേരള സർവകലാശാലയിൽ നിന്നും എം.എഡിന് (മലയാളം) ഒന്നാം റാങ്ക് നേടിയ രജിത വൈ.ആർ. ഹോളി ക്രോസ് സ്കൂൾ പാലാപ്പൂരിലെ അധ്യാപികയാണ്

- ലോകം മാറ്റിമറിയ്ക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം എന്ന നെൽസൺ മണ്ടേലയുടെ മഹത്വചനങ്ങൾ അനുസ്മരിച്ചുകൊണ്ട് 93 വർഷമായി കുഞ്ഞുങ്ങൾക്ക് അറിവിന്റെ വെട്ടം പകർന്നേകി പരിപൂർണ പങ്കാളിത്തത്തോടെയും ആസൂത്രിത പ്രവർത്തനങ്ങളിലൂടെയും സ്കൂൾ മുന്നേറുന്നു. ദൈവസ്നേഹം കൊണ്ടും, മനുഷ്യ സ്നേഹം കൊണ്ടും കുട്ടികളിൽ സദ്ഗുണങ്ങൾ വളർത്തി സാമൂഹ്യസേവന സന്നദ്ധരായ ഒരു നല്ല തലമുറയെ വാർത്തെടുക്കുവാൻ ഇനിയും സർവ്വേശ്വരൻ ഈ സ്കൂളിനെയും അനുഗ്രഹിക്കട്ടെ.

## കാരുണ്യസ്പർശം

നമ്മുടെ നാടിനെ നടുക്കിയ ഓഖി ചുഴലിക്കാറ്റ്, കൂടുതലായി ബാധിച്ച സമീപപ്രദേശങ്ങളായ പൂന്തുറ, വിഴിഞ്ഞം എന്നിവിടങ്ങളിൽ സന്ദർശിക്കുകയും സഹോദരങ്ങളെ നഷ്ടപ്പെട്ടതും മരണമടഞ്ഞതുമായ കുടുംബാംഗങ്ങളെ കണ്ട് ആശ്വസിപ്പിക്കുകയും ചെയ്തു. സ്കൂൾ കുട്ടികളാൽ കഴിയുന്നവിധം ചെറിയ തുകയും നിത്യോപയോഗ സാധനങ്ങളും സമാഹരിച്ചു നൽകുവാൻ കഴിഞ്ഞു.



*തിരുവനന്തപുരം സൗത്ത് സബ് ജില്ലാ കലോത്സവത്തിൽ നാടോടി നൃത്തത്തിന് ഒന്നാംസ്ഥാനവും ഭരതനാട്യത്തിന് എ ഗ്രേഡും നേടി ധന്യ എസ്.എസ്.*



ജെ.സി



# ഫ്രാൻസിസ് പാപ്പയുടെ ജീവിത ശൈലിയും നിലപാടുകളും

പാപ്പയുടെ ജീവിതശൈലിയും നിലപാടുകളും ആഗോളതലത്തിൽ തന്നെ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സഭാ ജീവിതത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ സഭയ്ക്കകത്ത് വേണ്ടത്ര സ്വീകരിക്കപ്പെടാതെ പോകുന്നു എന്ന വിമർശനവും കേൾക്കുന്നുണ്ട്. സഭയ്ക്കുള്ളിൽ തന്നെയുള്ള യാഥാസ്ഥിതികത്വം ആണോ ഇതിന് കാരണം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പാപ്പകാണിക്കുന്ന മനുഷ്യത്വമാണ് അദ്ദേഹത്തിന് ലഭിക്കുന്ന സാർവത്രിക പിന്തുണയ്ക്ക് കാരണമെന്ന് നമുക്കറിയാം. അദ്ദേഹം കത്തോലിക്കാസഭയ്ക്കുള്ളിൽ ഉയർത്തുന്നത് കടുത്തവെല്ലുവിളികളാണ്. സഭയുടെ എല്ലാ തലങ്ങളിലുമുള്ളവരെയും പാപ്പയുടെ വാക്കും പ്രവർത്തിയും വെല്ലുവിളിക്കുന്നുഎന്നതാണ് സത്യം. ഇപ്പോൾ ജീവിക്കുന്ന ജീവിതരീതികളിൽ നിന്ന് മാറാൻ പാപ്പയുടെ ജീവിതം നമ്മെ നിർബന്ധിക്കുന്നു. ഇപ്പോൾ നാം പുലർത്തുന്ന മുൻഗണനകൾ ഉപേക്ഷിക്കാൻ അദ്ദേഹം നമ്മോട് ആവശ്യപ്പെടുന്നു. പാപ്പയുടെ ജീവിതശൈലി വളരെയേറെ ആഴത്തിൽ സ്പർശിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇത് പ്രാവർത്തികമാക്കേണ്ട തലത്തിൽ വരുമ്പോൾ അവനവന്റെ ജീവിതത്തെ കൂടി സ്പർശിക്കുന്ന കാര്യമായതിനാൽ പലർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

പാപ്പയുടെ നവീകരണ ശ്രമങ്ങളോട് പൂർണമായും യോജിക്കാത്തവർ ഉണ്ടായെന്നുവരാം. പക്ഷേ അവയെ പ്രയോഗത്തിൽ കൊണ്ടുവരുന്ന കാര്യത്തിലാണ് കൂടുതൽ സംഘർഷം പ്രകടമാകുന്നത്. പാപ്പയുടെ ജീവിതത്തിൽ ലാളിത്യവും പാവപ്പെട്ടവരോടുള്ള പരിഗണനയും വളരെ പ്രകടമാണ്. വത്തിക്കാനിലെ രാജകീയ പ്രൗഢിയാർന്ന അപ്പസ്തോലിക് കൊട്ടാരം വിട്ട് സാന്ത മാർത്ത എന്ന സാധാരണ പാർപ്പിടത്തിൽ ലളിതജീവിതം നയിക്കുന്ന അദ്ദേഹം വാക്കുകളിൽ മാത്രമല്ല പ്രവർത്തിയിലും ലളിതജീവിതത്തിന്റെ മാതൃക ലോകജനതയ്ക്കുനൽകുന്നു.

ഒരു വൈദികസമ്മേളനത്തിൽ ഉയർന്ന ചോദ്യം ഇപ്രകാരമായിരുന്നു. പാപ്പയുടെ രീതികളാണ് ശരിയെങ്കിൽ സഭ ഇതുവരെ ചെയ്തിരുന്ന പല കാര്യങ്ങളും തെറ്റാണെന്നുവരില്ലേ? അതുതന്നെയല്ലേ സത്യം. സഭയിൽ എന്നും തെറ്റുകളും വീഴ്ചകളും ഉണ്ടാകാം. അവയൊക്കെ കാലാകാലങ്ങളിൽ തിരിച്ചറിയുകയും തിരുത്തുകയും ചെയ്യുകയാണ് ക്രൈസ്തവധർമം. പാപ്പയുടെ ജീവിതവും പ്രവർത്തിയും സുവിശേഷത്തിലെ യേശുവിന്റെ ജീവിതവുമായി ഒത്തുപോകുന്നുവോ? യേശുവിന്റെ പഠനങ്ങളുമായി ഒത്തുപോകുന്നുവോ എന്നതാണ് പ്രധാനം. ഫ്രാൻസിസ് പാപ്പ ക്ലറിക്കലിസം എന്ന വൈദിക മേധാവിത്വത്തെ പലതവണ അപലപിച്ചിട്ടുണ്ട്. കത്തോലിക്കരുടെ ഇടയിൽ ലോകമെങ്ങും കാണുന്ന പ്രതിഭാസമാണിത്. വൈദികർക്കും മെത്രാന്മാർക്കും മാന്യമായ സ്ഥാനം സമൂഹത്തിലുണ്ട്. അത് പക്ഷേ ഏകപക്ഷീയമാവരുത്. അല്മായരെ നിസാരവൽക്കരിക്കുന്ന രീതിയിലാവരുത്. ഒരുപക്ഷേ ബോധപൂർവമായിട്ട് ചെയ്യുന്നതാവില്ല. എങ്കിലും ഗൗരവമായി കാണേണ്ട പ്രശ്നമാണിത്. നവീകരിക്കാനും ജീവിക്കാനും മെച്ചപ്പെടുത്തുവാനുമുള്ള ആഹ്വാനമാണ് പാപ്പ നമ്മുടെ മുമ്പിൽവയ്ക്കുന്നത്.



"നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ
നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ" ലൂക്ക. 6:36
മുക്തി
ലഹരി ആസക്തി
വിമോചനകുടുംബ
നവീകരണ ധ്യാനം
"അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക ഞാൻ നിന്നെ മോചിപ്പിക്കും;
നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും" സങ്കീ.50:15
2018 മാർച്ച് 3 മുതൽ 9 വരെ
അനുഗ്രഹഭവൻ ധ്യാനകേന്ദ്രം, മേനംകുളം, കഴക്കൂട്ടം
(തിരുവനന്തപുരം ലത്തീൻ അതിരൂപതാ ധ്യാനകേന്ദ്രം)
ലഹരി ആസക്തിയിൽ നിന്ന് വിടുതലും വിമോചനവും നേടി സൗഖ്യവും രക്ഷയും
പ്രാപിക്കുവാൻ മുക്തി ധ്യാനത്തിൽ പങ്കെടുക്കുക.
പ്രാർത്ഥനയ്ക്കും, രജിസ്ട്രേഷനും, മറ്റു വിവരങ്ങൾക്കും വിളിക്കുക.
9400820818
9495591783
9446945333
ഫാ. ലെനിൻ രാജ്, സെക്രട്ടറി T.S.S.S., Ph: 9495627990

Total Page 48 Pub. Date : 01.03.2018
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00

'വിശുദ്ധകുരിശ് മനുഷ്യ മഹത്വത്തിന്റെ പ്രതീകം'



61-ാമത് തെക്കൻ
കുരിശുമല
തീർത്ഥാടനം

2018 മാർച്ച് 11 12 13 14 15 16 17 18 & 29 30 (ദുഃഖ വെള്ളി)
വെള്ളറട • നെയ്യാറ്റിൻകര രൂപത • തിരുവനന്തപുരം
Thekkan Kurisumala Religious & Charitable Trust, Pathukani, Kanyakumari Dist.

www.kurisumala.org kurisumala pilgrim centre www.kurisumala.blogspot.in kurisumala@gmail.com

കുരിശുമലയിലെത്താൻ
തിരുവനന്തപുരം ▸ നെയ്യാറ്റിൻകര ▸ വെള്ളറട ▸ കുരിശുമല
തിരുവനന്തപുരം ▸ കാട്ടാക്കട ▸ വെള്ളറട ▸ കുരിശുമല
നെടുമങ്ങാട് ▸ കള്ളിക്കാട് ▸ വെള്ളറട ▸ കുരിശുമല
നാഗർകോവിൽ ▸ മാർത്താണ്ഡം ▸ പാറശ്ശാല ▸ വെള്ളറട ▸ കുരിശുമല

Kurisumala Pilgrim Centre
DIOCESE OF NEYYATTINKARA
ESTD 1957

അന്വേഷണങ്ങൾക്ക് :
തെക്കൻ കുരിശുമലതീർത്ഥാടനകേന്ദ്രം
കൂതാളി പി. ഒ., വെള്ളറട, തിരുവനന്തപുരം – 695 505, ഫോൺ : 0471 2999555
ഡയറക്ടർ : 9895224139. ഇടവകവികാരി : 8547272467

edmond's design

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at St.Joseph's Press, Tvm 0471-2327671, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto